വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 94 ലക്കം 10 | 2022 ഏപ്രിൽ



The official organ of the Archeparchy of Changanacherry

## അതിരൂപതകുടുംബത്തിന്റെ

# ആദരാഞ്ജലികൾ



### മാർ മാത്യു ചെരിയൻകുന്നേൽ

1930 സെപ്റ്റംബർ 23ന് കോട്ടയം ജില്ലയിലെ കടയനിക്കാട് പരേതരായ ജോർജ് - ഏലി ദമ്പതികളുടെ 12 മക്കളിൽ നാലാമനായി ജനനം. പി. ഐ. എം. ഇ. സന്യാസസഭയിൽ അംഗമായി. 1962 ഏപ്രിൽ 28 ന് പൗരോഹിത്യ സ്വീകരണം. 1976 മെയ് 31 ന് കാർഡിനൽ ദുരൈസ്വാമി സൈമൺ ലൂർദുസ്വാമിയാൽ നൽഗോണ്ട രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനായി. 1977 മെയ് 3 ന് മെത്രാഭിഷേകം. 1986 ഡിസംബർ 22 ന് കുർനൂൽ രൂപതയുടെ മെത്രാനായി നിയമിതനായി. 18 വർഷത്തെ രൂപത സേവനത്തിനു ശേഷം 1991 ജൂലൈ 16 ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചു. 2022 മാർച്ച് 30 ന് കാലം ചെയ്തു.



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശേരി അതിരൂപത
സ്ഥാപിതം: മെയ് 20, 1887

വാല്യം 94 ● ലക്കം 10 ● ഏപ്രിൽ 2022

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

നോമ്പുകാല സന്ദേശം (മാർപാപ്പാ)........ 05
സർക്കുലർ (22 Ch. 269-350)........ 11
കച്ചേരിക്കാര്യം........ 13
അതിരൂപതാദിനാചരണം........ 16
അനുസ്മരണം........ 18
ബൈബിൾ കൺവൻഷനും കുടുംബ വിശുദ്ധീകരണ ധ്യാനവും ........ 21
പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളന റിപ്പോർട്ട്........23
പഞ്ചവത്സര അജപാലനപദ്ധതി........ 25
പബ്ലിക് റിലേഷൻസ് & ജാഗ്രതാസമിതി ........26
MAAC (Media Apostolate Archeparchy of Changanachery) ........ 27
സന്ദേശനിലയം........28
ചെറുപുഷ്പ മിഷൻലീഗ്........ 31
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........33
ഫാമിലി അപ്പോസ്റ്റലേറ്റ്........35
യുവദീപ്തി - എസ്.എം.വൈ.എം........37
കെ.സി.എസ്.എൽ ........39
CARP ........ 42
ചാസ്........ 43
KRRIS ........ 54
ജീവകാരുണ്യനിധി ട്രസ്റ്റ്........56
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ........58
ആതുരശുശ്രൂഷാ മേഖല........ 61
പ്രവാസി അപ്പോസ്തലേറ്റ് ........63
കെ.എൽ.എം. ........ 64
കത്തോലിക്കാ കോൺഗ്രസ്........65
ആത്മതാകേന്ദ്രം ........68
ദലിത് കത്തോലിക്കാ മഹാജനസഭ ........ 70
ഫ്രാൻസിസ്കൻ അല്മായസഭ........73
വിൻസെൻഷ്യൻ വേദി........ 75
പൗരോഹിത്യ ആദ്ധ്യാത്മികത........ 77
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി........82
Engagements ........89

Annual Subscription: Rs. 300/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3669/K-5/KCBC/OL/DS 28 February 2022

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2022-ലെ നോമ്പുകാലസന്ദേശം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായുടെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാ രഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു അനുയോജ്യമായ സമയമാണ്. 2022-ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തനവിഷയമാക്കാം: *"നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം" (ഗലാ 6:9-10).*

## 1. വിതയ്ക്കുന്നതും കൊയ്യുന്നതും

ഈശോയ്ക്കു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്യലും എന്ന ചിത്രം (മത്താ 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്ത് നടത്തുന്ന ഒരു വിതയ്ക്കലിനെ കുറിച്ച്. ഏതാണ് നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും; നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള ഒരു പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള താത്പര്യം എന്നിവ മേൽക്കൈ നേടാറുണ്ട്; സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്; തന്റെ അറപ്പുരകളിൽ ശേഖരിച്ചുവച്ചിരുന്ന സമൃദ്ധകാലധാന്യവും വസ്തുക്കളുംവഴി തന്റെ ജീവിതം സ്വസ്ഥവും സുരക്ഷിതവുമാണെന്നു അയാൾ കരുതി (ലൂക്കാ 12:16-21 കാണുക). മാനസാന്തരത്തിലേക്ക്, അഥവാ മനോഭാവവ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും സൗന്ദര്യവും എന്നത് സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാണെന്നും, കുന്നുകൂട്ടുന്നതിലുപരി വിതയ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം ''മാനവകുടുംബത്തിൽ നന്മയുടെ വിത്തുകൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു'' (Fratelli Tutti, 54). ''സജീവവും ഊർജസ്വലവുമായ'' (ഹെബ്രാ 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ദൈവവചനശ്രവണം നമ്മെ അവിടത്തെ പ്രവൃത്തിയോട് തുറവും വിധേയത്വവും പുലർത്താൻ ഇടവരുത്തുകയും (യാക്കോ 1:21 കാണുക) നമ്മുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഇതു നമുക്കു വലിയ സന്തോഷം കൊണ്ടുവരുന്നു; അതിലുപരി നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുന്നു (1 കോറി 3:9 കാണുക). വർത്തമാനകാലത്തെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് (എഫേ 5:16 കാണുക), നമുക്ക് നന്മയുടെ വിത്തുകൾ വിതയ്ക്കാനാകും. നന്മയുടെ വിത്തുകൾ വിതയ്ക്കാനുള്ള വിളി ഒരു ഭാരമായി കണക്കാക്കാൻ പാടില്ല; അത് കൃപയാണ്; അതുവഴി സ്രഷ്ടാവ് തന്റെതന്നെ നിസ്സീമമായ നന്മയോട് സജീവമായി പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നു

കൊയ്ത്തിനെകുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: ''അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും'' (2 കോറി 9:6). എന്നാൽ ഏതുതരം കൊയ്ത്തിനെകുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, ''ഔദാര്യപൂർവമായ ഒരു യത്നവും'' ഒരിക്കലും നഷ്ടപ്പെടുകയില്ല (*Evangelii Gaudium, 279* കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽ നിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16.20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:14-16 കാണുക) മിശിഹായുടെ സൗരഭ്യം ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക). പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കാണുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, ''ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു'' (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു: ''നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകളുടെ നിഗൂഢ ശക്തിയിൽ പ്രത്യാശ

വയ്ക്കുകയെന്നത് യഥാർത്ഥത്തിൽ ശ്രേഷ്ഠമായ കാര്യമാണ്; അങ്ങനെയാണ് മറ്റുള്ളവരാൽ ഫലം കൊയ്തെടുക്കപ്പെടുന്ന പ്രക്രിയകൾ ആരംഭിക്കുന്നതും'' (Fratelli Tutti, 196). മറ്റുള്ളവരുടെമേൽ ഉന്നംവച്ചുള്ള നന്മയുടെ വിതയ്ക്കൽ ഇടുങ്ങിയ സ്വാർഥ താത്പര്യത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്നു; അത് നമ്മുടെ പ്രവൃത്തികളിൽ സൗജന്യഭാവം സന്നിവേശിപ്പിക്കുന്നു; അത് നമ്മെ ദൈവത്തിന്റെ ദയാവർപ്പാർന്ന പദ്ധതിയുടെ പ്രൗഢോജ്ജ്വലമായ ചക്രവാളത്തിന്റെ ഭാഗഭാക്കാക്കുന്നു.

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും: യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാണെന്നു അത് നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിനത്തിലെ, അവസാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, ''നിത്യജീവന്റെ ഫലമാണ്'' (യോഹ 4:36); അത് നമ്മുടെ ''സ്വർഗത്തിലുള്ള നിക്ഷേപമാണ്'' (ലൂക്കാ 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്നതിനായി നിലത്തുവീണ് അഴിയുന്ന വിത്തിനെകുറിച്ചുള്ള സൂചന തന്റെതന്നെ മരണത്തിന്റെയും ഉയിർപ്പിന്റെയും അടയാളമായി യേശുതന്നെയും ഉപയോഗപ്പെടുത്തുന്നുണ്ട് (യോഹ 12:24 കാണുക). വിശുദ്ധ പൗലോസാകട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നു: ''ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെങ്കിൽ, ആത്മീയശരീരവുമുണ്ട്'' (1 കോറി 15:42-44). ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഉത്ഥിതനായ മിശിഹാ ലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം. എന്തെന്നാൽ, ''ഈ ജീവിതത്തിനുവേണ്ടി മാത്രം മിശിഹായിൽ നാം പ്രത്യാശ വച്ചവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ. എന്നാൽ നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി മിശിഹാ ഉയിർപ്പിക്കപ്പെട്ടു'' (1 കോറി 15:19-20). അവനുമായി സ്നേഹത്താൽ അഭേദ്യമായി ഒന്നായിത്തീർന്നതുവഴി, ''അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചെങ്കിൽ'' (റോമാ 6:5), നിത്യജീവനുവേണ്ടിയുള്ള ഉയിർപ്പിലും നാം അവനോട് ഏകീഭവിച്ചിരിക്കും (യോഹ 5:29 കാണുക). ''അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും'' (മത്താ 13:43).

## 2. ''നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ''

മിശിഹായുടെ ഉയിർപ്പ് നമ്മുടെ ഭൗമികമായ പ്രത്യാശകളോടൊപ്പം നിത്യജീവന്റെ ''വലിയ പ്രത്യാശ''യെയും ചൈതന്യവത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തുവിതയ്ക്കുന്നു (Benedict XVI, *Spe Salvi*, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതു വഴിയായുള്ള

കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെകുറിച്ചുള്ള ഉത്കണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീയതയിൽ അഭയം തേടാനും അന്യരുടെ സഹനങ്ങളോട് നിസ്സംഗതയോടെ പെരുമാറാനുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തിയെന്നുവരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യഥാർഥ്യം: ''യുവാക്കൾപോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയറ്റു വീഴാം'' (ഏശ 40: 30). എന്നാൽ ദൈവം ''തളർന്നവന് ബലം നല്കുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല''(ഏശ 40:29,31). നമ്മുടെ വിശ്വാസവും പ്രത്യാശയും കർത്താവിലർപ്പിക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു (1 പത്രോ 1:21 കാണുക). എന്തെന്നാൽ, ഉത്ഥിതനായ മിശിഹായിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചെങ്കിൽ മാത്രമേ (ഹെബ്രാ 12:2 കാണുക), ''നന്മ ചെയ്യുന്നതിൽ നമുക്കു ഒരിക്കലും മടുപ്പുതോന്നാതിരിക്കാം'' (ഗലാ 6:9) എന്ന അപ്പസ്തോലന്റെ ആഹ്വാനത്തിനു പ്രത്യുത്തരം നല്കാനാകൂ.

***പ്രാർത്ഥിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ.*** ''ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം'' (ലൂക്കാ 18:1) എന്ന് ഈശോ നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർത്ഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവത്തെ ആവശ്യമുണ്ട്. നമുക്കുപരി നമുക്കു മറ്റൊന്നും കൊണ്ട് ആവശ്യമില്ല എന്ന് കരുതുന്നത് ഒരു അപകടകരമായ മിഥ്യാധാരണയാണ്. കോവിഡ്-19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർബ്ബല്ല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെങ്കിൽ ഈ വർഷത്തെ തപസ്സുകാലം ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാതമാക്കുന്ന സമാശ്വാസവും അനുഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെക്കൂടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ലല്ലോ (ഏശ 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചിയിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നിശ്ചയമായും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല; എന്തെന്നാൽ, ഈശോ മിശിഹായുടെ പെസഹാരഹസ്യം മാത്രമാണ് മരണത്തിന്റെ ഇരുണ്ട ജലപ്രവാഹത്തിന്റെമേൽ വിജയം വരിക്കുന്നത്. യഥാർഥത്തിൽ ജീവിതത്തിന്റെ ഭാരങ്ങളിലും അനർഥങ്ങളിലുംനിന്നു വിശ്വാസം നമ്മെ ഒഴിവാക്കുന്നില്ല, എന്നാൽ മിശിഹായിൽ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് അവ അഭിമുഖികരിക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു; നമ്മെ നിരാശരാക്കാത്ത വലിയ പ്രത്യാശ വഴിയാണത്; അതിന്റെ അച്ചാരം പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് (റോമ 5:15 കാണുക).

***നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദൂരീകരിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിക്കട്ടെ.*** നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരിരി

കമായ ഉപവാസം പാപത്തിനെതിരേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണതനാകുന്നില്ല എന്നു അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കുദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്കു മടുപ്പുതോന്നതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്കു നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു (Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്കമാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തിക്ഷയിപ്പിക്കുന്നു. ഈ പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti, 43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും ''ആധികാരികവുമായ കണ്ടുമുട്ടലുകൾ'' (Fratelli Tutti, 50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

***അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ.*** ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കികൊണ്ട് നമുക്കു ദാനധർമ്മം പരിശീലിക്കാം (2 കോറി 9:7 കാണുക). ''വിതക്കാനരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന'' (2 കോറി 9:10) ദൈവം നമുക്കു ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്കു ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്കു ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്തബന്ധപ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരിക്കേറ്റവരായി കിടക്കുന്ന സഹോദരീസഹോദരന്മാരിലേക്കു എത്തിനില്കുന്നതിലും (ലൂക്കാ 10, 25-37 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്കു പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല, മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം; അത് അവരെ അവഗണിക്കാനുള്ള നേരമല്ല, പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്കു ഒരു നല്ലവാക്കു നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല, മറിച്ച് സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്കു പരിശീലിക്കാം, അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്കു സമയം കണ്ടെത്താം (Fratelli Tutti, 193 കാണുക).

### 3. ''നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്കു കൊയ്ത്തു നടത്താം''.

'നന്മ, അതോടൊപ്പം സ്നേഹം, നീതി, ഐക്യധാർഢ്യം എന്നിവ ഒറ്റ

യടിക്ക് നേടാവുന്നതല്ല; അവ ഒരോ ദിവസവും യാഥാർഥ്യമാക്കപ്പെടേണ്ട താണ്'' (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനില്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാണുക) നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്, കാരണം അവിടുന്ന് ''മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്'' (ഏശ 55:7). മാനസാന്തരത്തിന്റെ ഈ കാലഘട്ടത്തിൽ ദൈവിക കൃപയാൽ പരിപോഷിതരായി, സഭാ കൂട്ടായ്മയിൽ ചേർന്നുനിന്നുകൊണ്ട്, നന്മ ചെയ്യുന്നതിൽ നമുക്കു പരിക്ഷീണിതരാകാതിരിക്കാം. ഉപവാസത്താലാണ് നിലം ഒരുക്കപ്പെടുന്നത്, പ്രാർത്ഥനവഴി അത് നനയ്ക്കപ്പെടുകയും ഉപവിയാൽ സമ്പുഷ്ടമാക്കപ്പെടുകയും ചെയ്യുന്നു.

''നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്കസമയത്ത് നമുക്കു കൊയ്ത്ത് നടത്താം'' എന്നു നമുക്കു ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്കു ലഭ്യമാകും എന്നും (ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്കു വിശ്വസിക്കാം. എല്ലാവരോടും സഹോദരസ്നേഹം പാലിക്കുന്നതുവഴി നമുക്കുവേണ്ടി തന്റെ ജീവൻ നല്കിയ (2 കോറി 5:14-15 കാണുക) മിശിഹായുമായി നാം ഐക്യപ്പെടുന്നു; അങ്ങനെ, ദൈവം ''എല്ലാറ്റിലും എല്ലാം ആകുംവിധം'' (1 കോറി 15:28), സ്വർഗരാജ്യത്തിന്റെ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു നല്കപ്പെടുകയും ചെയ്യുന്നു.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, ''എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും'' (ലൂക്കാ 2:19) ചെയ്ത കന്യകമറിയം ക്ഷമയുടെ ദാനം നമുക്കു വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യംവഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.

2021 നവംബർ 11-ാംതീയതി മെത്രാനായ
വിശുദ്ധ മാർട്ടിന്റെ സ്മരണാദിനത്തിൽ റോമിലെ
വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽ നിന്നു നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

## സർക്കുലർ

**22 Ch. 269-350**

# കരുതൽ 2022

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

യാക്കോബ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്' (2:17). കാരുണ്യത്തിന്റെ സത്പ്രവർത്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് നമ്മെ നയിക്കുന്നു. തിരുസഭയുടെ ആരംഭം മുതൽ കാരുണ്യത്തിന്റെ സുകൃതവഴികളെ പിന്തുടരുവാൻ തിരുസഭ ശ്രദ്ധാലുവായിരുന്നു.

ഇന്ന് ചങ്ങനാശേരി അതിരൂപതയിൽ 96 കെയർ ഹോംസ് അതിരൂപത നേരിട്ട് നടത്തുന്നതും, ബഹുമാനപ്പെട്ട സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളും നടത്തുന്നതുമായ കാരുണ്യഭവനങ്ങളുണ്ട് എന്നതുതന്നെ കാരുണ്യത്തിന്റെ വഴികളെ സഭ പ്രോത്സാഹിപ്പിക്കുന്നതിന്റെ വലിയ തെളിവാണ്. നമ്മുടെ അതിരൂപതയിൽ വർഷങ്ങളായി നടത്തിവരുന്ന കളർ എ ഹോം, കളർ എ ഡ്രീം പദ്ധതികളിലൂടെ അനേകം കുടുംബങ്ങളെ സഹായിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈയടുത്ത നാളുകളിലെ പ്രകൃതി ദുരന്തങ്ങളുടെ തുടർച്ചയിൽ ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങേകുവാൻ അതിരൂപതാകുടുംബം മുഴുവൻ മുന്നോട്ടുവന്നത് ഏറെ സന്തോഷകരമാണ്.

ഈ വർഷത്തെ അതിരൂപതാദിനത്തോടനുബന്ധിച്ച് 'കരുതൽ' എന്ന പദ്ധതിയിലൂടെ നമ്മുടെ കാരുണ്യസംരംഭങ്ങൾക്ക് കൈത്താങ്ങ് ഏകുവാൻ ആഗ്രഹിക്കുന്നു. അടിയന്തിരമായി ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട അൽഫോൻസാ സ്നേഹനിവാസ്, ആശാഭവൻ ഗോൾഡൻ ജൂബിലി ബ്ലോക്ക് എന്നിവയുടെ പുനരുദ്ധാരണം പൂർത്തിയാക്കുന്നതിനാണ് പ്രധാനമായും ഈ ഫണ്ട് സമാഹരണം നടത്തുക. ഇതിനൊരുക്കമായി ഏപ്രിൽ മാസത്തിൽ ഫൊറോനാ കൗൺസിൽ അംഗങ്ങൾ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സംഘടനാഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി ഫൊറോനാ കൺവൻഷൻ

സംഘടിപ്പിക്കുന്നതാണ്. മെയ് 1 മുതൽ 8 വരെയുള്ള ദിവസങ്ങളിലായി ഫണ്ട്ശേഖരണം എല്ലാ ഇടവകകളിലും പൂർത്തിയാക്കേണ്ടതാണ്. ഇപ്രകാരം സമാഹരിക്കുന്ന തുക ഇടവകതല കമ്മിറ്റി പരിശോധിച്ച് മെയ് 15 ന് മുമ്പായി അതിരൂപതാ സാമ്പത്തിക ഓഫീസിൽ ഏൽപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ വർഷത്തെ അതിരൂപതാദിനത്തിൽ സമാഹരിച്ച തുകയുടെ വിവരം അറിയിക്കുന്നതായിരിക്കും.


നമ്മുടെ അതിരൂപതയുടെ കാരുണ്യസംരംഭങ്ങളെ നമുക്ക് നല്ല മനസ്സോടെ സഹായിക്കാം. 'കരുതൽ 2022' ന്റെ വിജയത്തിനായി എല്ലാ വൈദികരുടെയും സമർപ്പിതരുടെയും അല്മായ സഹോദരങ്ങളുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരുണ്യവാനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

NB : *ഈ സർക്കുലർ ഏപ്രിൽ 24-ാം തീയതി വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.*




# I

## മരണമടഞ്ഞ അതിരൂപത വൈദികരുടെ അനുസ്മരണം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 1887 മുതൽ അതിരൂപതയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമായി ശുശ്രൂഷ ചെയ്ത് മരണം വഴി ഈ ലോകത്തിൽ നിന്നു കടന്നുപോയ അനവധി വൈദികരുണ്ട്. നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവവും മരണവും അനുസ്മരിക്കുന്ന ഈ നോമ്പുകാലത്ത് അവരുടെ ത്യാഗവും സമർപ്പണവും അനുസ്മരിച്ച് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ഒരു ദിവസം മാറ്റിവയ്ക്കുന്നു. ഈ വർഷം വലിയനോമ്പിന്റെ 40-ാം വെള്ളിയാഴ്ചയായ ഏപ്രിൽ 8 ന് രാവിലെ 9 മണിക്ക് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ഓർമകുർബാനയും ഒപ്പീസും ഉണ്ടായിരിക്കും.

നമ്മുടെ ഇടവകകളിലെ മരണമടഞ്ഞ ബഹു. അച്ചന്മാരുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവരും സഹോദരരും അടുത്ത ബന്ധുക്കളും അവരുടെ ബന്ധത്തിൽപ്പെട്ട ബഹു. സിസ്റ്റേഴ്സും മെത്രാപ്പോലീത്തൻ പള്ളിയിലെത്തി പരി. കുർബാനയിൽ സംബന്ധിക്കുവാൻ ബ. വികാരിയച്ചന്മാർ അവരെ ഓർമ്മിപ്പിക്കുന്നത് നന്നായിരിക്കും.

വൈദികരോടുള്ള ബന്ധവും കൂട്ടായ്മയും വർദ്ധിപ്പിക്കുവാൻ ഇത് സഹായിക്കും.

# II

## ചെങ്ങന്നൂർ മേരിമാതാ മിഷൻ പള്ളിയെ സ്വതന്ത്രഇടവകയായി പ്രഖ്യാപിച്ചു

ചെങ്ങന്നൂർ മേരിമാതാമിഷനിൽ പുതിയ ദൈവാലയകൂദാശ നടത്തപ്പെട്ട 2022 മാർച്ച് 25 -ാം തീയതി ചെങ്ങന്നൂർ പരിശുദ്ധകന്യാമറിയത്തിന്റെ നാമത്തിലുള്ള മിഷൻപള്ളിയെ മർത്ത് മറിയം എന്ന പേരിൽ സ്വതന്ത്രപദവിയുള്ള ഇടവകയായി അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ചു (C.22/ PY-CHO 425). ഇനി മുതൽ പുതിയ ഇടവക ചെങ്ങന്നൂർ മർത്ത് മറിയം ഇടവക എന്ന പേരിൽ അറിയപ്പെടുന്നതാണ്. പുതിയ ഇടവകയുടെ പ്രഥമ വികാരിയായി ഏത്തയ്ക്കാട്ട് ബഹുമാനപ്പെട്ട ആന്റണി അച്ചനെ നിയമിച്ചു.

## III

## വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾക്കായി നവീകരിച്ച തക്സ

സീറോമലബാർ സഭയുടെ ലിറ്റർജി കമ്മീഷൻ വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾക്കായി നവീകരിച്ച തക്സയും ജനങ്ങളുടെ ഉപയോഗത്തിനുള്ള പുസ്തകവും പുറത്തിറക്കിയിട്ടുണ്ട്. ഇതിലെ സങ്കീർത്തനങ്ങൾ പ്ശീത്താ വേർഷനാണ് ഉപയോഗിച്ചിരിക്കുന്നത്. മറ്റ് ചില വ്യത്യാസങ്ങളും ഇതിലുണ്ട്. ഈ പീഡാനുഭവവാരത്തിൽ അത് ഉപയോഗിക്കുവാൻ ശ്രദ്ധിക്കുമല്ലോ. പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയ ശനി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ നമ്മുടെ ആരാധനാക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം ദൈവാലയങ്ങളിൽ പരികർമ്മം ചെയ്യേണ്ടതാണ്. **മാർ നെസ്തോറിയസിന്റെ കൂദാശക്രമം** പെസഹാവ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

## IV

## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസമ്മേളനം ഈ വർഷം ഏപ്രിൽ 19-ാം തീയതി ചൊവ്വാഴ്ച സെന്റ് മേരീസ് കത്തീഡ്രൽ പാരിഷ്ഹാളിൽവച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 9:45ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. സമ്മേളനത്തിനുശേഷം PPFA ജനറൽബോഡി മീറ്റിംഗ് ഉണ്ടായിരിക്കും.

## V

## പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കു (Extra ordinary Ministers of Holy Communion) വേണ്ടിയുള്ള പരിശീലന പരിപാടി

പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി 2022 മെയ് 1 ഞായറാഴ്ച വൈകുന്നേരം 5 മണി മുതൽ മെയ് 3 ചൊവ്വാഴ്ച വൈകുന്നേരം 4 മണിവരെ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഈ പരിശീലനപരിപാടിയിൽ പങ്കെടുത്ത് അഭി. പിതാവിന്റെ നിയമനപത്രം ലഭിക്കുന്നവർക്കു മാത്രമേ അതിരൂപതയിൽ അസാധാരണ ശുശ്രൂഷകരായി പരിശുദ്ധ കുർബാന കൊടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പുതുതായി ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കപ്പെടേണ്ടവരും പ്രത്യേക സാഹചര്യത്തിൽ താല്ക്കാലിക അനുവാദം ലഭിച്ച് ഇപ്പോൾ ഈ ശുശ്രൂഷ ചെയ്യുന്നവരും ഈ ക്യാമ്പിൽ പങ്കെടുത്ത് അനുവാദപത്രം വാങ്ങേണ്ടതാണ്. ക്യാമ്പിൽ സംബന്ധിക്കുന്നവർ സാക്ഷ്യപത്രത്തോടൊപ്പം രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകളും ക്യാമ്പ് ഫീസായ 750/- രൂപയും കൊണ്ടുവരേണ്ടതാണ്. ടി തുക ബന്ധപ്പെട്ട പള്ളികളോ സ്ഥാപനങ്ങളോ

വഹിക്കേണ്ടതാണ്. ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം നല്കി അതിരൂപത കച്ചേരിയിൽനിന്നും അനുവാദപത്രം പുതുക്കി വാങ്ങേണ്ടതാണ്.

## VI

## 136-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണ പരിപാടികൾ കോട്ടയം ഫൊറോനയുടെ നേതൃത്വത്തിൽ ലൂർദ്ദ് ഫൊറോന പള്ളിയിൽ നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ മെയ് 20 വെള്ളിയാഴ്ച രാവിലെ 09:30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 01:30 ന് സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

***സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ:*** വികാരിയച്ചന്മാർ, ഇടവകയിലെ നടത്തുകൈക്കാരൻ, സമർപ്പിതരുടെ ഒരു പ്രതിനിധി, ഫൊറോന കൗൺസിൽ അംഗങ്ങൾ, എല്ലാ സംഘടനകളുടെയും അതിരൂപതാതല ഭാരവാഹികൾ.

ഫൊറോന കൗൺസിൽ എല്ലാ ഫൊറോനയിലും ഏപ്രിൽ മാസത്തിൽ കൂടി അതിരൂപതാദിനാചരണ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ് (ഫൊറോനാ കൗൺസിൽ അംഗങ്ങൾ ഫൊറോനാ വികാരിയച്ചന്റെ നേതൃത്വത്തിൽ ഒരു വാഹനത്തിൽ എത്തുന്നതാണ് ഉചിതം).

## VII

## നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ

2022 മെയ് 26-ാം തീയതി വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധിക്കത്തക്കവിധം ഇടവകകളിൽ വി. കുർബാനയുടെ സമയം ക്രമീകരിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.


# ഏകദിന വചനശുശ്രൂഷ

**തിരുവനന്തപുരം വെഞ്ഞാറമ്മൂട്, അമല പാസ്റ്ററൽ & റിട്രീറ്റ് സെന്ററിൽ**

**ഏപ്രിൽ 8 വെള്ളി 10 am മുതൽ 3 pm വരെ**

• ജപമാല • കുരിശിന്റെ വഴി • വചന പ്രഘോഷണം
• പരി. കുർബാന • ദിവ്യകാരുണ്യ ആരാധന
• കുമ്പസാരത്തിനും • കൗൺസിലിംഗിനും സൗകര്യം

*ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.*

**Fr. Mathew (Joshy) Madathilparambil**
**9072264770**

ചങ്ങനാശേരി അതിരൂപത

# 136-ാമത് അതിരൂപതാദിനാചരണം

**2022 മെയ് 20 വെള്ളി**
**09:30 a.m. to 01:30 p.m.**

## കോട്ടയം ഫൊറോനായുടെ നേതൃത്വത്തിൽ ലൂർദ്ദ് ഫൊറോനാപള്ളി നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ അതിരൂപതാ ദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ കോട്ടയം ഫൊറോനയുടെ നേതൃത്വത്തിൽ ഭംഗിയായി ആരംഭിച്ചിരിക്കുന്നു. മെയ് 19 വ്യാഴാഴ്ചത്തെ ദീപശിഖാ പ്രയാണം കുറവിലങ്ങാട് മർത്ത് മറിയം മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥാടക പള്ളിയിലുള്ള നിധീരിക്കൽ മാണിക്കത്തനാർ കബറിടത്തിൽനിന്നും ആരംഭിച്ച് കോട്ടയം ഫൊറോനയിലെ പള്ളികൾ സന്ദർശിച്ച് ഫൊറോനാപള്ളിയിൽ സമാപിക്കുന്നു. തുടർന്ന് ആഘോഷമായ റംശാപ്രാർത്ഥന നടക്കും. മെയ് 20 വെള്ളിയാഴ്ച അതിരൂപതാ ദിനാചരണ പരിപാടികൾ കോട്ടയം ലൂർദ്ദ് ഫൊറോനാപള്ളി നിധീരിക്കൽ മാണിക്കത്തനാർ നഗറിൽ രാവിലെ 09:30 ന് ആരംഭിച്ച് ഉച്ച കഴിഞ്ഞ് 01:30 ന് സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

### 1. ഇടവകതല അതിരൂപതാദിനാഘോഷം (മെയ് 15 ഞായർ)

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2022 മെയ് 15 ഞായറാഴ്ച ഇടവകതല അതിരൂപതാദിനാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരി. കുർബാന അർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും പരി. കുർബാനയെ തുടർന്ന് പേപ്പൽ പതാക ഉയർത്തുകയും ചെയ്യുക. അതിരൂപതാദിനാഘോഷം ഇടവകയിൽ മുഴുവനും 'അതിരൂപത ഒരു കുടുംബം' എന്ന കൂട്ടായ്മയുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കുവാൻ ഓരോ ഇടവകയും ശ്രദ്ധിക്കുമല്ലോ.

### 2. അതിരൂപതാദിനത്തിൽ ആദരിക്കുന്നതിന് അംഗീകാരം നേടിയവർ

സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ മറ്റ് അംഗീകാരങ്ങൾ നേടിയ അതിരൂപതാംഗങ്ങളെ അതിരൂപതാദിനത്തിൽ ആദരിക്കുന്നു. അങ്ങനെയുള്ള വ്യക്തികളുടെ ബയോഡേറ്റാ കൃത്യമായ അനുബന്ധരേഖകളോടൊപ്പം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി 2022 ഏപ്രിൽ 25 ന് മുമ്പായി **അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ** (9447776920) ഏൽപ്പിക്കേണ്ടതാണ്.

### 3. പാരിഷ് ബുള്ളറ്റിൻ, പാരിഷ് ഡയറക്ടറി

മികച്ച പാരിഷ് ബുള്ളറ്റിൻ, പാരിഷ് ഡയറക്ടറി എന്നിവ തിരഞ്ഞെടുക്കുന്നതിനായി ഓരോന്നിന്റെയും ഒരു കോപ്പി വീതം 2022 മെയ് 2-നു മുമ്പായി അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടണ്ടതാണ് (2021 മെയ് 01 നും 2022 ഏപ്രിൽ 30 നും ഇടയിൽ പ്രസിദ്ധീകരിച്ചത്).

**മാർ തോമസ് തറയിൽ**
(സഹായ മെത്രാൻ)

*അതിരൂപതാദിന കോ-ഓർഡിനേറ്റേഴ്സ്*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല** (9447957272)
**ഫാ. ജെന്നി കായംകുളത്തുശേരി** (9447776920)
**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ** (9037490380)




## അജപാലനശുശ്രൂഷ ദർശനവും പ്രയോഗവും

*By*

**മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അജപാലനദർശനം പുസ്തകരൂപത്തിൽ. 2022 മാർച്ച് 18-ാം തീയതി മാർ ജോസഫ് പവ്വത്തിൽ പിതാവ് പുസ്തകത്തിന്റെ ആദ്യപ്രതി മല്പാൻ ഡോ. മാത്യു വെള്ളാനിക്കലിന് നല്കിക്കൊണ്ട് പ്രകാശനകർമ്മം നിർവഹിച്ചു. അജപാലനശുശ്രൂഷയുടെ വേദപുസ്തകാധിഷ്ഠിതവും, ദൈവശാസ്ത്രപരവും ആരാധനക്രമപരവുമായ മാനങ്ങൾ സവിസ്തരം ചർച്ചചെയ്യുകയും അജപാലനത്തിന്റെ വ്യത്യസ്തമേഖലകളെ പഠനവിഷയമാക്കുകയും ചെയ്യുന്ന വിശിഷ്ടഗ്രന്ഥം. അജപാലനശുശ്രൂഷയുടെ പ്രായോഗികതലങ്ങളെയും അനാവരണം ചെയ്യുന്ന ഗ്രന്ഥം അജപാലനമേഖലയിൽ പ്രവർത്തിക്കുന്ന ഏവർക്കും വിലപ്പെട്ട സഹായിയായിരിക്കും.

ഡെമി 1/8 സൈസ്, കേസ് ബയന്റിംഗ്, 560 പേജുകൾ
മുഖവില : **₹450/-**
**പ്രസാധകർ : മദ്ധ്യസ്ഥൻ ബുക്സ്, ചങ്ങനാശേരി**

***കോപ്പികൾ സെന്റ് ജോസഫ് ഓർഫനേജ് ബുക്സ്റ്റാളിൽ ലഭ്യമാണ്.***



# കാരുണ്യത്തിന്റെ മുഖമായിരുന്ന നൈനാച്ചൻ

## (1966 – 2022)

1966 ജനുവരി 20-ാം തീയതി വേഴപ്രയിലെ കാപ്പിൽ നൈനാപറമ്പിൽ കുടുംബത്തിൽ ഔസേപ്പ് - കുഞ്ഞമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താന മായാണ് കുഞ്ഞുമോൻ എന്ന് വിളിക്കപ്പെടുന്ന ആന്റണി അച്ചൻ ജനിച്ചത്. പുളിങ്കുന്ന് സ്കൂളിലേയ്ക്കുള്ള യാത്രയും പന്തുകളിയുമൊക്കെ ചുറുചു റുക്കുള്ള ഈ കൗമാരക്കാരനെ എല്ലാവർക്കും പ്രിയങ്കരനാക്കി. പുളിങ്കുന്ന് സെന്റ് ജോസഫ്സ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ആന്റണിയച്ചൻ 1981-ൽ അഭിവന്ദ്യ ആന്റണി പടിയറ പിതാവിന്റെ അനുഗ്രഹാ ശ്ശിസ്സുകളോടെ കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക പരിശീലനത്തിന് ചേർന്നു. സെമിനാരിയിലും അധ്യാപകരുടെയും സഹപാഠികളുടെയും സ്നേഹ സമ്പന്നനായ നൈനാച്ചനായി മാറി. പിന്നീട് കുഞ്ഞുമോൻ, ആന്റണി എന്ന പേരുകൾ ഔദ്യോഗിക രേഖകളിലും വീട്ടുകാർക്കിടയിലും മാത്രമായി ഒതു ങ്ങി. ആന്റണിയച്ചൻ സെമിനാരിയിൽ ചേർന്ന കാലം മുതൽ എല്ലാവരുടെയും പ്രിയങ്കരനായ നൈനാനച്ചനാണ്.

മൈനർ സെമിനാരി പഠനത്തിന് ശേഷം വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്രം പഠിക്കുകയും, അതിരൂപത സെന്റ് ജോസഫ്സ് ബുക്ക്സ്റ്റാളിൽ റീജൻസി ചെയ്യുകയും തുടർന്ന് വടവാതൂർ സെമിനാരിയിൽ തന്നെ ദൈവ ശാസ്ത്ര പഠനം നടത്തുകയും വൈദിക പരിശീലനം പൂർത്തിയാക്കുകയും ചെയ്തു.

ബാല്യം മുതലേ ഹൃദയത്തിൽ സൂക്ഷിച്ച, കൗമാരത്തിൽ കൊതിയോടെ നോക്കിനിന്ന, യൗവനത്തിൽ സ്വപ്നം കണ്ട പൗരോഹിത്യം എന്ന മഹാനിധി

തന്റെ 26-ാം വയസ്സിൽ, വേഴപ്ര സെന്റ് പോൾസ് ഇടവക ദൈവാലയത്തിൽ വച്ച് 1992 ഡിസംബർ 27-ാം തീയതി ഈശോയിൽ നിന്നും സ്വന്തമാക്കി. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ കൈവയ്പ് വഴി നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുകാരനായ ആന്റണിയച്ചന് പൗരോഹിത്യജീവിതം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നിർച്ചാലായിരുന്നു. ഈശോയുടെ തിരുഹൃദയത്തുടിപ്പുകൾ സ്വന്തമാക്കിയ ആടുകളുടെ കരുതലുള്ള ഇടയന്റെ ജീവിതം തീക്ഷ്ണവും സ്നേഹസമ്പൂർണ്ണവും അനുകമ്പാർദ്രവുമായി തന്റെ പൗരോഹിത്യശുശ്രൂഷ 1993-ൽ പായിപ്പാട് നാലുകോടി സെന്റ് തോമസ് പള്ളിയിൽ അസിസ്റ്റന്റ് വികാരി എന്ന നിലയിൽ അച്ചൻ ആരംഭിച്ചു. തുടർന്ന് അതിരമ്പുഴ, പുന്നപ്ര എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായി. 1996-ൽ വികാരിയായി നിയമിക്കപ്പെട്ട അച്ചൻ തന്റെ സ്വതന്ത്രചുമതല ആരംഭിക്കുന്നത് കുമരംങ്കരി പള്ളിയിലാണ്. അതേ തുടർന്ന് മാന്നില, നാല്പത്തിമല, കൈതവന, ഐക്കരചിറ, കുളത്തൂർ, പുതുക്കരി, വെട്ടിമുകൾ-അസോസ്സിയേറ്റ് പാസ്റ്റർ എന്നീ ഇടവകകളിൽ സ്തുത്യർഹമായ സേവനം ചെയ്ത ആന്റണിയച്ചൻ തന്റെ ഇടയനടുത്ത ശുശ്രൂഷ അവസാനമായി നിർവഹിച്ചത് ഓയിക്കാട് സെന്റ് ജോസഫ്സ് ഇടവകയിലാണ്. താൻ ആയിരുന്ന ഇടവകകളിലെല്ലാം കർത്താവിന്റെ ഭവനത്തിലേക്കും അവിടുത്തെ ബലിപീഠത്തിലേയ്ക്കും തന്റെ ജനത്തെ ആകർഷിച്ച ഈ ആത്മീയാചാര്യനായിരുന്നു കുഞ്ഞുമോനച്ചൻ. ആരോഗ്യത്തിലും അനാരോഗ്യത്തിലും വി. കുർബാനയർപ്പണം അച്ചന്റെ ദാഹമായിരുന്നു. തിരക്കുകൾക്കിടയിലും രോഗക്കിടക്കയിൽ പോലും വി. കുർബാന-യർപ്പണത്തെ നെഞ്ചോട് ചേർത്ത ആന്റണിയച്ചനെ നിത്യപുരോഹിതനായ ഈശോ തന്റെ സ്വർഗീയ ബലിയിൽ ഭാഗഭാക്കാക്കട്ടെ. മാലാഖമാരുടെ ഒരിക്കലും അവസാനിക്കാത്ത സ്തുതിഗീതങ്ങളോട് അച്ചന്റെ സ്തുതിഗീതങ്ങളും ഒന്നായിത്തീരട്ടെ.

2022 മാർച്ച് 6-ാം തീയതി സ്വർഗീയപ്രഭയിലേയ്ക്ക് ഉൾച്ചേർക്കപ്പെട്ടപ്പോഴും, അച്ചനെ പരിചയപ്പെട്ടവർക്കെല്ലാം പറയാൻ, ഓർക്കാൻ, പങ്കുവക്കാൻ നന്മകൾ മാത്രം. പിതൃഹൃദയത്തോടെ, ജ്യേഷ്ഠസഹോദരന്റെ വാത്സ്യലത്തോടെ, കൂട്ടുകാരന്റെ സ്വാതന്ത്ര്യത്തോടെ നമ്മുടെയെല്ലാം ജീവിതങ്ങളെ സ്പർശിച്ച മനുഷ്യസ്നേഹിയായ ഈ വൈദികന്റെ ജീവിതം എത്ര ധന്യവും മധുരവുമാണ്. പൊയ്മുഖങ്ങളില്ലാതെ. കൃത്രിമത്വമില്ലാതെ നമ്മുടെയിടയിയൽ നമ്മുടെ കൂടെ ജീവിച്ച ഒരു പച്ചമനുഷ്യൻ. മോനേ, മോളെ, കുട്ടാ, ചക്കരേ വിളികളിലെല്ലാം സ്നേഹത്തിന്റെ വാത്സല്യത്തിന്റെ തേൻ തുള്ളികളായിരുന്നു. നമ്മോടൊപ്പം ചിരിച്ച, നമ്മെ ഒത്തിരി ചിരിപ്പിച്ച, നമ്മുടെ കണ്ണീരൊപ്പിയ, ആശ്വസിപ്പിച്ച, സഹായിച്ച ഈ വന്ദ്യവൈദികന്റെ 30 വർഷത്തെ പൗരോഹിത്യജീവിതം എത്രയോ അനുഗ്രഹീതം. അച്ചനെ അടുത്ത പരിചയമുള്ളവർക്കെല്ലാം പറയാനുള്ളത് അച്ചന്റെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ആഴമാണ്. താനാണ് നൈനാച്ചന്റെ ഏറ്റവും അടുത്ത സുഹൃത്ത് എന്ന വിധമാണ് അച്ചൻ ഓരോരുത്തരെയും സ്നേഹിച്ചത്. നിഷ്കളങ്ക സ്നേഹത്തിന്റെ കൂദാശയായിരുന്നു നൈനാച്ചൻ. ഇടവക വികാരിയെന്ന നിലയിൽ അനേകം ജീവിതങ്ങളെ സ്പർശിച്ച, അനേകരുടെ കണ്ണീരൊപ്പിയ, മുറിവുണക്കിയ, നൊമ്പരങ്ങൾ ശ്രദ്ധയോടെ കേട്ട്, പരിഹാരം നിർദ്ദേശിച്ച രോഗിക്കിടയ്ക്കകരികിൽ സാന്ത്വനം പകർന്ന, സംശയങ്ങളിൽ ഉറപ്പിന്റെ വഴികാട്ടിക്കൊടുത്ത ഉത്ക്കണ്ഠകളിൽ സാന്ത്വനിപ്പിച്ച

ഈ വന്ദ്യവൈദികൻ നമ്മുടെ ഓർമ്മളിൽ പ്രാർത്ഥനയുടെയും നന്മയുടെയും സാന്നിദ്ധ്യമാകട്ടെ.

നൈനാപറമ്പിൽ ബഹു. ആന്റണിയച്ചന്റെ മൃതസംസ്കാരശുശ്രൂഷ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ അഭി. തോമസ് തറയിൽ പിതാവിന്റെയും അഭി. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെയും സാന്നിധ്യത്തിൽ പൊടിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽവച്ചു 2022 മാർച്ച് 8-ാം തീയതി ചൊവ്വാഴ്ച്ച ഉച്ചകഴിഞ്ഞു നടന്നു.

**ഫാ. മോർളി കൈതപ്പറമ്പിൽ**

# ARCHEPARCHY OF CHANGANACHERRY

## Flood Relief fund -2021-22 Received List - till 28-03-2022

| | | |
|---|---|---|
| 170 | Christ The King Church, Ettumanoor | 25000 |
| 171 | St. Mary's Church, Kottakapuram | 10000 |
| 172 | St. Mary's (F) Church, Kudamaloor | 65880 |
| 173 | St. Xavier's Church, Villoonni | 15000 |
| 174 | Lourdes Public School, Kanjikuzhy | 50000 |
| | | |
| page total | | 165880 |
| old balance | | 3840270 |
| **Grand Total** | **Forty Lakhs Six thousand one Hundred and fifty only** | **4006150** |

Continue.....

## ദുരിതാശ്വാസനിധിയുടെ വരവുചിലവുകൾ

- 2021 ഒക്ടോബർ 18-ാം തീയതി മുണ്ടക്കയം, ഏന്തയാർ, കൂട്ടിക്കൽ, മണിമല ഭാഗത്ത് വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിലേക്ക് ധനശേഖരണം നടത്തി ലഭിച്ച ആകെ തുക (Rs. 40,06,150/-)
- ദുരിത മേഖലയിൽപ്പെട്ടവർക്ക് ഭവനം പണിയാൻ 10 ലക്ഷം രൂപാ പാലാരൂപതയിൽ ഏൽപിച്ചു.
- മണിമല ഭാഗത്ത് വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട ദുരിതമനുഭവിച്ച 79 കടയുടമസ്ഥർക്ക് വികാരിയച്ചന്മാരുടെ ശിപാർശപ്രകാരം Rs. 25000/- രൂപ വീതം (Rs.19,75,000/) നൽകി. കൂടാതെ 3,65,800 രൂപയുടെ മെത്ത വാങ്ങി കൊടുക്കുകയും ചെയ്തു. ബാക്കിയുള്ള തുക ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്നതാണ്.

### 23-ാമത് ചങ്ങനാശേരി അതിരൂപത

# ബൈബിൾ കൺവൻഷനും കുടുംബവിശുദ്ധീകരണ ധ്യാനവും

23-ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ 2022 മാർച്ച് 1 ചൊവ്വ മുതൽ മാർച്ച് 5 ശനി വരെ സെന്റ് മേരീസ് കത്തീഡ്രൽ പള്ളി പാരീഷ് ഹാളിൽ വെച്ച് നടന്നു. കരിമരുതിങ്കൽ ബഹു. ബിനോയി പി.ഡി.എം. അച്ചൻ ആണ് ധ്യാനം നയിച്ചത്. വൈകുന്നേരം 4.30 മുതൽ 8.30 വരെയായിരുന്നു സമയക്രമീകരണം. ''കർത്താവായ ഈശോയിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും'' (അപ്പ. നട. 16:31) എന്ന വചനമായിരുന്നു കൺവൻഷന്റെ ആപ്തവാക്യം. പഞ്ചവത്സര അജപാലനപദ്ധതി 5-ാം വർഷത്തെ വിഷയമായ *'വിശ്വാസവും ക്രിസ്തീയ ധാർമികതയും'* എന്നതാണ് ഈ വർഷത്തെ മുഖ്യവിഷയമായി സ്വീകരിച്ചത്.

കൺവൻഷന്റെ ഒന്നാം ദിവസം മാർച്ച് ഒന്നാം തീയതി വൈകുന്നേരം 4 മണിക്ക് കത്തീഡ്രൽ വികാരി വെരി റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ ഹാൾ വെഞ്ചരിപ്പും ബൈബിൾ പ്രതിഷ്ഠയും നടത്തി. ജപമാലയെത്തുടർന്ന് ബിഷപ്പ് തോമസ് തറയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്നു നടന്ന ഉദ്ഘാടനസമ്മേളനത്തിൽ അതിരൂപത വികാരി ജനറാൾ പെ. ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ സ്വാഗതം ആശംസിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാത്യു മൂലക്കാട്ട് പിതാവ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. തന്റെ ഉദ്ഘാടനപ്രസംഗത്തിൽ കുടുംബങ്ങളിൽ ദൈവസ്നേഹത്തിന്റെ നിറവുണ്ടാകണമെന്നും അങ്ങനെ സ്വർഗ്ഗീയ അനുഭവത്താൽ കുടുംബങ്ങൾ നിറയണമെന്നും അഭി. പിതാവ് ആഹ്വാനം ചെയ്തു. സമ്മേളനത്തിന് പെ. ബഹു. തോമസ് പാടിയത്തച്ചൻ നന്ദിയർപ്പിച്ചു. തുടർന്ന് നമ്മുടെ കുടുംബങ്ങളിൽ നടക്കേണ്ട വിശുദ്ധീകരണത്തെ ആസ്പദമാക്കി ജീവിതാനുഭവങ്ങളുടെ ചുവടുപിടിച്ച് കരിമരുതുങ്കൽ ബഹു. ബിനോയി അച്ചൻ ധ്യാനം നയിക്കുകയും പരി. കുർബ്ബാനയുടെ ആരാധനയോടെ ഒന്നാം ദിവസം സമാപിക്കുകയും ചെയ്തു.

വാണിയപ്പുരയ്ക്കൽ പെരിയ ബഹു. ജോസഫ് അച്ചൻ, പാടിയത്ത് പെരിയ ബഹു. തോമസ് അച്ചൻ, ആലഞ്ചേരി പെരിയ ബഹു. ഐസക്ക് അച്ചൻ എന്നിവർ മാർച്ച് 2, 3, 4 ദിവസങ്ങളിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. കൺവൻഷൻ സമാപന ദിവസമായ മാർച്ച് 5-ാം തീയതി ശനിയാഴ്ച ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത പരിശുദ്ധ കുർബാന അർപ്പിക്കുകയും ദൈവജനത്തിന് പ്രബോധനം നൽകുകയും ചെയ്തു.

23-ാമത് ബൈബിൾ കൺവൻഷന് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ അഭി. പിതാക്കന്മാർക്കും, പെ. ബഹു. ജനറാളച്ചന്മാർക്കും പ്രിയ വൈദികർക്കും ഹൃദയപൂർവ്വം നന്ദി നേരുന്നു. പ്രത്യേകമായി അതിരൂപതയുടെ യുട്യൂബ് ചാനലായ മാക് ടി.വി. ഡയറക്ടർ റവ. ഫാ. ആന്റണി എത്തെയ്ക്കാട്ടച്ചനും ടീം അംഗങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

ആഘോഷമായ റംശാപ്രാർത്ഥനയ്ക്കും ജപമാലയ്ക്കും നേതൃത്വം നൽകിയ ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും നന്ദിയർപ്പിക്കുന്നു.

കൺവൻഷൻ ദിനങ്ങളിൽ പരി. കുർബാനയിൽ സഹശുശ്രൂഷകരായിരുന്ന ചൂളപ്പറമ്പിൽ ബഹു. തോമസ്, വാരിക്കാട്ട് ബഹു. ജേക്കബ്, ഈറ്റോലിൽ ബഹു. ജോസഫ്, കൊക്കാവയലിൽ ബഹു. ജെയിംസ്, കണിച്ചേരിൽ ബഹു. ലൈജു, പാറയ്ക്കൽ ബഹു. ജേക്കബ്, പകലോമറ്റം ബഹു. ഐബിൻ, കുളത്തിങ്കൽ ബഹു. തോമസ്, സ്രാമ്പിക്കൽ ബഹു. സ്കറിയാ, പാറത്തറ ബഹു. തോമസ് എന്നീ അച്ചന്മാരേയും കത്തീഡ്രൽ ഇടവക വികാരിയും കൺവൻഷൻ ജനറൽ കൺവീനറുമായ കൊച്ചുപറമ്പിൽ പെരിയ ബഹു. ജോസ് അച്ചൻ, അസിസ്റ്റന്റ് വികാരിമാരായ പുളിക്കാശേരി ബഹു. ദേവസ്യാ, വെട്ടുകുഴി ബഹു. വർഗ്ഗീസ്, കരിക്കണ്ടം ബഹു. മാത്യു എന്നീ അച്ചന്മാരേയും നന്ദിയോടെ ഓർക്കുന്നു. ധ്യാനദിനങ്ങളിലെ പരി. കുർബാനയിൽ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ കത്തീഡ്രൽ ക്വയറിലെ എല്ലാവർക്കും, ധ്യാനത്തിന്റെ വിജയത്തിനായി വിവിധ കാര്യങ്ങളുടെ കൺവീനർമാരായും, സഹായികളായും യത്നിച്ചവർക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

നമ്മുടെ കൺവൻഷനും ധ്യാനവും ഭംഗിയായി ക്രമീകരിക്കുന്നതിനായി ചെറുതും വലുതുമായ സാമ്പത്തിക സഹായങ്ങൾ നൽകിയവർ നിരവധിയാണ്. അവരുടെ നിയോഗങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു.

കൺവൻഷൻ ദിവസങ്ങളിൽ കത്തീഡ്രൽ പള്ളി പാരിഷ് ഹാളിൽ ആയിരത്തിനുമുകളിലും ഓൺലൈനിലായി (മാക് ടിവി യുട്യൂബ് ചാനലിലൂടെ) രണ്ടായിരത്തിനുമുകളിലും വിശ്വാസികൾ പങ്കെടുത്തു. അടുത്ത വർഷത്തെ കൺവൻഷൻ ദിനങ്ങൾ ഏവർക്കും ഒത്തുകൂടുന്നതിനുള്ള അവസരമാക്കി സർവ്വശക്തനായ ദൈവം ക്രമീകരിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
(കോർഡിനേറ്റർ)

## നിത്യതയിലേക്ക്



**സി. ആനീസ് CMC**



**സി. ടെസി മാർഗരറ്റ് CMC**



**സി. ബ്രിജിത്ത് ഡെയ്സി CMC**

# പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളന റിപ്പോർട്ട്

15–ാമത് പാസ്റ്ററൽ കൗൺസിലിന്റെ എട്ടാമത് പൊതുസമ്മേളനം 12.03.2022 ന് എസ്.ബി. കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ വച്ച് നടത്തപ്പെട്ടു. 127 പേർ പങ്കെടുത്ത യോഗത്തിൽ സിനഡാത്മകത, വിശ്വാസവും ക്രിസ്തീയ ധാർമികതയും എന്നീ വിഷയങ്ങൾ പഠനവിധേയമാക്കി.

അപ്പസ്തോലിക് ഒബ്ലേറ്റ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ലീനാ ജോർജ്ജ് നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ അഭി. തോമസ് തറയിൽ പിതാവ് സ്വാഗതം ആശംസിച്ചു. ഏറെ പ്രസക്തിയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ പാസ്റ്ററൽ കൗൺസിൽ കാണിക്കുന്ന ഔത്സുക്യത്തെ അഭി. പിതാവ് അഭിനന്ദിച്ചു.

കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഷിജോ മാത്യു ഇടയാടി, കെ.സി.സി. വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ബീനാ സെബാസ്റ്റ്യൻ, എഫ്.ഡി.എസ്.എച്ച്.ജെ. കോൺഗ്രിഗേഷന്റെ പുതിയ ജനറാളന്മാരായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. റോസ് ചക്കാലമുറിയിൽ FDSHJ, രാമോത്ത് കുഞ്ഞുരാമൻ നായർ അവാർഡ് നേടിയ ശ്രീ. സെർജി ആന്റണി എന്നീ അംഗങ്ങളെ യോഗം ആദരിച്ചു.

15–ാമത് പാസ്റ്ററൽ കൗൺസിലംഗവും, FDSHJ മദർ ജനറാളുമായിരുന്ന റവ. സി. റോസി പുതുപ്പറമ്പലിന്റെ അകാല നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തി ഒരു മിനിറ്റ് ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. തുടർന്ന് സെക്രട്ടറി വായിച്ച റിപ്പോർട്ട് യോഗം പാസ്സാക്കി.

സിനഡാത്മകത (Synadality) എന്ന വിഷയത്തിന്മേൽ തലശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്താ മാർ ജോസഫ് പാംപ്ലാനി, online ആയി Zoom platform ലൂടെ ഭംഗിയായി ക്ലാസ്സ് നയിച്ചു. To hear is to heal - സഭയിലെ ഏതൊരു ന്യൂനപക്ഷത്തേയും ശ്രദ്ധയോടെ കേൾക്കണമെന്നും, അവരുടെ പ്രശ്നങ്ങളിൽ നിസ്സംഗത വെടിഞ്ഞ് സഹായഹസ്തം നീട്ടുകയെന്നതാണ് സിനഡാത്മകത – അങ്ങനെ എല്ലാവരേയും ശ്രവിക്കുന്ന സഭയാണ് സിനഡൽ സഭയെന്നു അഭി. പിതാവ് ഓർമ്മിപ്പിച്ചു.

തുടർന്ന് പഞ്ചവത്സര അജപാലനപദ്ധതിയുടെ അഞ്ചാം വർഷ പഠന വിഷയമായ 'വിശ്വാസവും ക്രിസ്തീയ ധാർമികതയും' എന്ന വിഷയത്തിൽ വികാരി ജനറാൾ റവ. ഡോ. തോമസ് പാടിയത്ത് ക്ലാസ്സ് നയിച്ചു. ക്രിസ്തീയ ജീവിതത്തിൽ സർവ്വപ്രധാനമായ വിശ്വാസവും, ധാർമികതയും എന്ന പഠന വിഷയം – രണ്ടിന്റേയും ഉറവിടം ദൈവിക വെളിപാടുതന്നെയാണ്. വിശുദ്ധ ലിഖിതങ്ങളും, വി. പാരമ്പര്യങ്ങളും വഴി നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക വെളിപാടാണ് ക്രൈസ്തവ വിശ്വാസത്തിന്റേയും, ധാർമികതയുടേയും അടിത്തറ – അച്ചൻ ഓർമ്മിപ്പിച്ചു.

അതിരൂപതാ കോർപ്പറേറ്റ് അദ്ധ്യാപകനിയമനത്തിന്റെ കാലോചിതമായ മാറ്റങ്ങൾ പരിഗണിക്കുന്ന മേഖലകൾ കോർപ്പറേറ്റ് മാനേജർ റവ. ഫാ. മനോജ് കറുകയിൽ അവതരിപ്പിച്ചു. ഈ വിഷയത്തിൽ ആഴമായ ചർച്ചകൾ നടന്നു. അഡ്വ. ജോജി ചിറയിൽ, ശ്രീ. ജോസ് മാത്യു ആനിത്തോട്ടം, ശ്രീമതി ബീനാ

സെബാസ്റ്റ്യൻ, ശ്രീ. എബിൻ അലക്സാണ്ടർ എന്നിവർ ഈ വിഷയത്തിന്മേൽ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

അതിരൂപത, ഏപ്രിൽ മാസം നടത്തുന്ന സഭാ, സാമൂഹിക, സാമ്പത്തിക സർവ്വേയെപ്പറ്റി CARP ഡയറക്ടർ റവ. ഫാ. ജെയിംസ് കൊക്കോവയലിൽ സംസാരിച്ചു. അതിരൂപതയുടെ ഭാവി നയരൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കാനുതകുന്ന പ്രസ്തുത ഡേറ്റാ ശേഖരണത്തിന് ബ്രദേഴ്സിന്റെ സേവനം പ്രയോജനപ്പെടുന്നു എന്ന് അച്ചൻ പറഞ്ഞു.

അതിരൂപതയുടെ ഏക എഞ്ചിനീയറിംഗ് കോളേജായ തിരുവനന്തപുരം ലൂർദ്ദ് കോളേജിന്റെ യഥാർത്ഥ സാമ്പത്തികാവസ്ഥയെപ്പറ്റി, കോളേജിന്റെ പുതിയ ബസാർ റവ. ഡോ. ക്രിസ്റ്റോ നേര്യംപറമ്പിൽ സമിതിയെ ബോധ്യപ്പെടുത്തി. കോളേജിനെ പരിപോഷിപ്പിക്കാൻ ഏവരുടെയും സഹായസഹകരണങ്ങൾ അച്ചൻ അഭ്യർത്ഥിച്ചു.

റബ്ബർ കർഷക ചൂഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ടയർ ലോബിക്കെതിരെ കേന്ദ്രസർക്കാർ ശക്തമായ ഇടപെടലുണ്ടാകണമെന്നും, ടി. ചൂഷണത്തിൽനിന്നു റബ്ബർ കർഷകരെ രക്ഷിക്കാൻ അടിയന്തിര ഇടപെടലുകൾ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അഡ്വ. സണ്ണി ചാത്തുകുളം പ്രമേയം അവതരിപ്പിച്ചു.

ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള കേന്ദ്രസർക്കാർ നീക്കത്തെ പിന്തുണച്ചുകൊണ്ട് DCMS അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് പ്രമേയം അവതരിപ്പിച്ചു.

മാർച്ച 19 ന് നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന അഭി. പെരുന്തോട്ടം പിതാവിനും, പെരി. ബഹു. വാണിയപ്പുരയ്ക്കലച്ചനും, മറ്റു ജോസഫ് നാമധാരികൾക്കും ആശംസകൾ നേർന്നുകൊണ്ട് എസ്.ബി. കോളേജ് പ്രിൻസിപ്പൽ റവ. ഫാ. റെജി പ്ലാത്തോട്ടം സംസാരിച്ചു.

തുടർന്ന് നടന്ന open forum ബിൽ 9 പേർ ഇടപെലുകൾ നടത്തി. അഭി. പെരുന്തോട്ടം പിതാവിന്റെ പ്രസംഗത്തിൽ കെ റെയിൽ വിഷയത്തിൽ സർക്കാർ ഒന്നും വ്യക്തമായി ജനങ്ങളെ ബോധ്യപ്പെടുത്തിയില്ലായെന്നും, ഇത് കൃത്യവിലോപമാണെന്നും കുറ്റപ്പെടുത്തി. ഉക്രൈനിൽ കുടുങ്ങിയ മെഡിക്കൽ വിദ്യാർത്ഥികളെ നാട്ടിലെത്തിക്കാൻ പ്രവാസി അപ്പോസ്തലേറ്റ് ചെയ്ത നടപടികളെ അഭി. പിതാവ് പ്രശംസിച്ചു.

പാസ്റ്ററൽ കൗൺസിൽ സിനഡാലിറ്റി ശക്തമാകണം – എല്ലാവരേയും ശ്രവിക്കണം – പരസ്പര പൂരകങ്ങളായ പ്രവർത്തനങ്ങൾ ഉണ്ടാകണം – സമഗ്രമായ കാഴ്ചപ്പാട് ഉണ്ടാക്കി മുന്നേറണം അങ്ങനെ സിനഡാത്മകത ശക്തമാക്കാം; അഭി. പിതാവ് ഓർമ്മിപ്പിച്ചു. കോർപ്പറേറ്റ് അദ്ധ്യാപകനിയമന മാനദണ്ഡങ്ങളിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക എക്സിക്യൂട്ടീവ് യോഗം വിളിച്ച് ചർച്ച നടത്തണമെന്നും അഭി. പിതാവ് നിർദ്ദേശിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫിന്റെ നന്ദി പ്രകാശനത്തോടെ 1:40 ന് യോഗം പര്യവസാനിച്ചു.

**ഡോ. ഡൊമിനിക് ജോസഫ്**
(സെക്രട്ടറി)

**ഡോ. രേഖാ മാത്യൂസ്**
**ആന്റണി തോമസ് മലയിൽ**
(ജോ. സെക്രട്ടറിമാർ)

പ്രിയപ്പെട്ടവരേ,

നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, സിസ്റ്റേഴ്‌സും അല്മായരും ഈ വർഷത്തെ പഠനവിഷയം മനസിലാക്കേണ്ടതാണ്.

*'തീവ്ര ഇസ്ലാമിക നിലപാടുകാർ ഉയർത്തുന്ന വിശ്വാസപ്രശ്നങ്ങളും മറുപടികളും'* എന്ന വിഷയത്തെക്കുറിച്ച് മാർച്ച് 27-ാം തീയതി ഞായറാഴ്ച കൊക്കാവയലിൽ ബഹു. ജെയിംസ് അച്ചൻ ക്ലാസ് നയിച്ചു. ഏപ്രിൽമാസത്തെ ക്ലാസ് **24-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6.30 മുതൽ** ക്രമീകരിക്കുന്നതാണ്.

Zoom ID : 88302877319; Passcode: 830113 (എല്ലാമാസവും ഇതുതന്നെ ആയിരിക്കും). കൂടാതെ മാക് ടിവി യുട്യൂബ് ചാനലിലും സംപ്രേഷണം ചെയ്യുന്നതാണ്.

സ്നേഹത്തോടെ,

**ഫാ. തോമസ് പാടിയത്ത്**

## സെന്റ് തോമസ് മൈനർ സെമിനാരി
### (ജീവജ്യോതി കോളേജ്)
### കുറിച്ചിയിലേക്ക് മാറ്റി സ്ഥാപിച്ചതിന്റെ

# സുവർണ്ണ ജൂബിലി (1973 - 2023)

സ്നേഹമുള്ളവരെ,

ചങ്ങനാശേരി പാറേൽപള്ളിയോട് ചേർന്നു നിന്നിരുന്ന നമ്മുടെ അതിരൂപതയുടെ മൈനർ സെമിനാരി, ചങ്ങനാശേരിയിൽനിന്നും നാലു കിലോമീറ്റർ വടക്കുമാറി കുറിച്ചിപള്ളിയുടെ അടുത്തേക്ക് മാറ്റി സ്ഥാപിച്ചതിന്റെ 50-ാമത്തെ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. 1972 മാർച്ച് 19 ന് സഹായമെത്രാൻ അഭിവന്ദ്യ പവ്വത്തിൽ മാർ ജോസഫ് മെത്രാൻ സെമിനാരി കെട്ടിടത്തിന് തറക്കല്ലിടുകയും 1973 മെയ് 5 ന് ആർച്ചുബിഷപ് അഭിവന്ദ്യ പടിയറ മാർ ആന്റണി മെത്രാപ്പോലീത്ത ആശീർവദിക്കുകയും ചെയ്തു. 'ജീവജ്യോതി കോളേജ്' എന്നു പേരിട്ട പുതിയ സെമിനാരിയുടെ ഔപചാരിക ഉദ്ഘാടനം അഭിവന്ദ്യ കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ നിർവഹിച്ചു. ജൂബിലി ആഘോഷങ്ങളുടെ ആരംഭം 2022 മെയ് 05 ന് കുറിച്ചി മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെടുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**ഫാ. വർഗ്ഗീസ് താനമാവുങ്കൽ**
(റെക്ടർ)

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി
## PR-JAGRATHASAMITHI

### പ്രെഫ. മാത്യു ഉലകംതറയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി

സാഹിത്യ സാംസ്കാരിക രംഗത്തെ ക്രൈസ്തവ സാന്നിധ്യവും സമിതിയുടെ ആഭിമുഖ്യത്തിൽ നൽകിവരുന്ന ഐ.സി. ചാക്കോ അവാർഡ് ജേതാവുമായ പ്രെഫ. മാത്യു ഉലകംതറയുടെ നിര്യാണത്തിൽ പബ്ലിക്റിലേഷൻസ്– ജാഗ്രതാസമിതി അനുശോചനം രേഖപ്പെടുത്തി.

### കെ റെയിൽ വിരുദ്ധ പ്രതിഷേധത്തെയും സമരത്തെയും അടിച്ചമർത്താൻ ശ്രമിക്കുന്നത് പ്രതിഷേധാർഹം

കെ റെയിൽ വിരുദ്ധ പ്രതിഷേധത്തെയും സമരത്തെയും അടിച്ചമർത്താൻ ശ്രമിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും അത്തരം നീക്കങ്ങൾ അത്യന്തം പ്രതിഷേധാർഹമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ മാടപ്പള്ളിയിൽ സമരക്കാർക്കെതിരെ പോലീസ് മർദനം അഴിച്ചുവിട്ടതിൽ സമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഇക്കാര്യത്തിലെ ജനാധിപത്യ മാർഗ ങ്ങളിലൂടെയുള്ള സമരങ്ങളെ സർക്കാർ അമർച്ച ചെയ്യാൻ ശ്രമിക്കുന്നതും പ്രതി ഷേധങ്ങളെ കണ്ടില്ല എന്നു നടിക്കുന്നതും അത്യന്തം അപലപനീയമാണെന്നും സിൽവർലൈൻ സംബന്ധിച്ച് നാളുകളായി ഉണ്ടായിരിക്കുന്ന ആശങ്കകൾ പരി ഗണിക്കാതെയും വ്യക്തമായ പഠന റിപ്പോർട്ടുകൾ ഇല്ലാതെയും കേന്ദ്രാനുമതി ലഭിക്കാതെയും ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ലെന്നും സമിതി നിരീക്ഷിച്ചു. നിരവധിയാളുകളുടെ ജീവിതവും ഭാവിയും സ്വത്തും സമ്പാദ്യവും എല്ലാം ദുരിതത്തിലാക്കുന്നതും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ ഈ പദ്ധതിയിൽ നിന്ന് കേരള സർക്കാർ പിൻമാറണമെന്ന് സമിതി പരസ്യ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

ചങ്ങനാശേരി അതിരൂപത പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതിക്കു വേണ്ടി

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

2022 മാർച്ചിൽ PPFA കുടുംബത്തിൽ നിന്നും നിത്യസമ്മാനത്തിന് യാത്രയായ റവ. ഫാ. ആന്റണി നൈനാപറമ്പിൽ അച്ചനെ നമ്മുടെ പ്രാർത്ഥന യിൽ ഓർക്കാം. എല്ലാ അംഗങ്ങളും അച്ചന്റെ നിയോഗത്തിൽ ഒരു കുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. റ്റോം ആര്യങ്കാല**
സെക്രട്ടറി

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ അതിരൂപതയുടെ മാധ്യമപ്രേഷിത രംഗമായ MAAC TEAM ന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി.

**സ്വാഗതം**

MAAC TV യുടെയും MAAC RADIO യുടെയും പ്രവർത്തനങ്ങളുടെ ഭാഗമാകാൻ MAAC TEAM ൽ ആദ്യമായാണ് ഒരു റീജന്റ് ബ്രദർ ചാർജെടുക്കുന്നത്. ബ്രദർ കെവിൻ മാരൂരിന് MAAC കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**സമ്മാന വിതരണം**

MAAC TV ക്രിസ്തുമസിനോട് അനുബന്ധിച്ച് നടത്തിയ CHRISMAAC SEASON 2 ന്റെ സമ്മാനവിതരണം 90.8 RADIO MEDIA VILLAGE ന്റെ പത്താം വാർഷിക ആഘോഷദിനത്തിൽ വിതരണം ചെയ്തു.

**MY PARISH**

2020 ൽ ചങ്ങനാശേരി അതിരൂപതയ്ക്കായി രൂപികരണമാരംഭിച്ച MY PARISH എന്ന ONLINE SOFTWARE ഇടവകകളിലേയ്ക്ക് എത്തിത്തുടങ്ങി. ഇതിന്റെ ഭാഗമായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ആദ്യഘട്ട പരിശീലനം നടന്നു. ഇതിൽ 16 ഫൊറോനകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. ഇവരുടെ നേതൃത്വത്തിൽ തുടർപരിശീലനം വിവിധ ഫൊറോന കളിലായി നടന്നു വരുന്നു.

**യുവജനങ്ങൾക്ക് മാധ്യമ തുടർപരിശീലനം**

യുവദീപ്തി-SMYM നോട് ചേർന്ന് RJ, VJ പരിശീലനത്തിന്റെ ഭാഗമായി നടന്ന ഏകദിനപരിശീലനം വളരെ വിജയകമായതിനാൽ അതിന്റെ തുടർപരി ശീലനം ഏപ്രിൽ മാസത്തിലും നടത്തപ്പെടും.

നമ്മുടെ അതിരൂപതയുടെ മാധ്യമ പ്രേഷിതരംഗത്തിന്റെ വളർച്ചയ്ക്ക് എല്ലാ വരും നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനങ്ങൾ തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ,

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651)
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

**ഫാ. ആന്റണി ഏത്തയ്ക്കാട്**

മിശിഹായിൽ സ്നേഹമുള്ളവരേ,

വലിയനോമ്പിന്റെ പുണ്യദിനങ്ങളിലൂടെ നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. പ്രാർത്ഥിച്ചും, ഉപവസിച്ചും, ഉപവിപ്രവർത്തനങ്ങൾ നടത്തിയും ഉയിർപ്പുതിരുനാളിനായി നമുക്കൊരുങ്ങാം. വിശ്വാസോത്സവത്തിന്റെ ദിനങ്ങളിൽ നമ്മുടെ വിശ്വാസബോധ്യങ്ങളിൽ ആഴപ്പെടാനും ഉത്തമമായ ക്രൈസ്തവജീവിതശൈലി പരിശീലിക്കാനും സ്വന്തമാക്കാനും ഇടവരട്ടെ എന്നാശംസിക്കുന്നു. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് ഈറ്റോലിൽ**
**ഫാ. നിബിൻ പഴയമഠം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2022 ഏപ്രിൽ**

3 ഞായർ : നോമ്പുകാലം ആറാം ഞായർ, **വിശ്വാസോത്സവ ആരംഭം** (3-ാം തീയതി മുതൽ 30-ാം തീയതി വരെയുള്ള ദിവസങ്ങളിൽ)

10 ഞായർ : ഓശാന ഞായർ, നോമ്പുകാലം ഏഴാം ഞായർ

13 ബുധൻ : ഓഫീസ് അവധി (13 ബുധൻ മുതൽ 17 വരെ ഓഫീസ് അവധിയായിരിക്കും)

14 വ്യാഴം : **പെസഹാവ്യാഴം**

15 വെള്ളി : **പീഡാനുഭവവെള്ളി**

16 ശനി : **വലിയശനി**

17 ഞായർ : **ഉയിർപ്പുഞായർ**

22 വെള്ളി : സകല വിശുദ്ധരുടെയും തിരുനാൾ

23 ശനി : മാർ ഗീവർഗ്ഗീസ് (24 ഞായർ)

24 ഞായർ : ഉയിർപ്പു രണ്ടാം ഞായർ, പുതുഞായർ

25 തിങ്കൾ : വി. മർക്കോസ് സുവിശേഷകൻ

**2022 മെയ്**

1 ഞായർ : ഉയിർപ്പ് മൂന്നാം ഞായർ, തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്, തൊഴിലാളിദിനം, **മതാധ്യാപക സംഗമം**

### വിശ്വാസോത്സവം 2022

ഈ വർഷത്തെ വിശ്വാസോത്സവത്തിന്റെ വിഷയം 'വിശ്വാസവും ക്രിസ്തീയ ധാർമികതയും' എന്നതാണ്. ഏപ്രിൽ 3 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ

ഏതെങ്കിലും 10 ദിവസം തുടർച്ചയായി അതതു ഇടവകയിലെ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഓരോ സൺഡേസ്കൂളുകളും അവരുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വിശ്വാസോത്സവത്തിനുള്ള തീയതി നിശ്ചയിക്കേണ്ടതും ആ തീയതി സന്ദേശനിലയത്തിൽ അറിയിക്കേണ്ടതുമാണ്. പൊതുപരീക്ഷമൂലം ആർക്കെങ്കിലും (10, 12 ക്ലാസ്സുകൾ) വിശ്വാസോത്സവ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നാൽ പരീക്ഷകൾ തീരുന്ന മുറയ്ക്ക് അവർക്കും പ്രത്യേക മായ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും വർക്കുബുക്കുകൾ പൂർത്തിയാക്കേണ്ടതു മാണ്. വിശ്വാസോത്സവത്തിന് ഓരോ ദിവസവും കുറഞ്ഞത് 3 മണിക്കൂർ എങ്കിലും ക്ലാസ്സുകൾക്കായി ലഭിക്കുന്ന രീതിയിൽ ഏറ്റവും ഉചിതമായ സമയം തീരുമാനി ക്കാനും ഉച്ചകഴിഞ്ഞ് നടക്കുന്ന ക്ലാസ്സുകൾ വൈകുന്നേരം 6.00 മണിയോടുകൂടി അവസാനിപ്പിക്കുന്ന രീതിയിൽ ക്രമീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## അതിരൂപതാ മതാധ്യാപക നേതൃസംഗമം

2022 ജനുവരി 26 ന് നടത്താൻ സാധിക്കാതിരുന്ന അതിരൂപതാ മതാധ്യാ പക നേതൃസംഗമം 2022 മെയ് 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.15ന് ചങ്ങനാശേരി എസ്. ബി. ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെ ടും. ACC അംഗങ്ങൾ, CRT അംഗങ്ങൾ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ, ഫൊറോന സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്. മതാധ്യാപക മേഖ ലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ മതാധ്യാപക നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. വിശദവിവരങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി പിന്നീട് അറിയിക്കുന്നതായിരിക്കും.

## 100% ഹാജറിനുള്ള മോൺ. കുര്യാക്കോസ് പറമ്പത്ത് മെമ്മോറിയൽ അവാർഡ്

1 മുതൽ 12 വരെ ക്ലാസ്സുകളിൽ 12 വർഷവും എല്ലാ ഞായറാഴ്ചയും വിശ്വാസോത്സവദിനങ്ങളിലും ഇടവകതലത്തിൽ നടത്തുന്ന വിശ്വാസപരിശീല നക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികൾക്ക് ബഹുമാനപ്പെട്ട പറമ്പത്തച്ചന്റെ കുടും ബാംഗങ്ങളുടെ സഹകരണത്തോടെ അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രം ഏർപ്പെടുത്തിയ അവാർഡാണിത്. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങളും ഫോട്ടോയും 2022 മെയ് 15 നു മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. അതിരൂപതാ മതാധ്യാ പക നേതൃസംഗമത്തിൽ അർഹരായവർക്ക് സമ്മാനം നല്കുന്നതാണ്.

## 2021–22 വർഷത്തെ ഹാജർ

11, 12 ക്ലാസ്സുകളിൽ ഓൺലൈൻ, ഓഫ്ലൈൻ ക്ലാസ്സുകളിലുള്ള കുട്ടിക ളുടെ പങ്കാളിത്തവും പ്രതികരണവും കണക്കിലെടുത്ത് ഈ വർഷത്തെ ഹാജർ നല്കാവുന്നതാണ്. 1 മുതൽ 10 വരെ ക്ലാസ്സുകളിൽ മുകളിൽ പറഞ്ഞിരിക്കുന്നത് കൂടാതെ കുട്ടികൾ വർക്ക്ബുക്ക് പൂരിപ്പിച്ച് നല്കിയതും കണക്കിലെടുക്കേണ്ട താണ്. വിശ്വാസോത്സവദിനങ്ങളിലെ ഹാജർ ഓരോ ഇടവകയിലും നടത്തപ്പെട്ട വിശ്വാസോത്സവ പരിപാടികളിലുള്ള കുട്ടികളുടെ പങ്കാളിത്തത്തിന്റെയും വിശ്വാസോത്സവ വർക്ക്ബുക്കുകൾ പൂരിപ്പിച്ചതിന്റെയും അടിസ്ഥാനത്തിൽ നല്കേണ്ടതാണ്.

## കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റി (സി.എഫ്.സി)

അടുത്ത വിശ്വാസപരിശീലന പ്രവർത്തനവർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ എല്ലാ ഫൊറോനകളിലും അതിരൂപതാ ഡയറക്ടറും ടീമും സന്ദർശനം നടത്തുകയും വരുംവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നതാണ്. വിവിധ റീജണുകളായി നടത്തപ്പെടുന്ന മീറ്റിംഗുകളിൽ സൺഡേസ്കൂൾ ഫൊറൊന ഓർഗനൈസർ സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറിമാർ, ഓഫീസ് സെക്രട്ടറിമാർ, മിഷൻലീഗ് മേഖലാ ഡയറക്ടർ, മേഖലാ ജോയിന്റ് ഡയറക്ടർമാർ, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വിവിധ റീജണുകളായി നടത്തപ്പെടുന്ന മീറ്റിംഗുകളുടെ സമയ വിവരങ്ങൾ ഫൊറോന സെക്രട്ടറിമാരെ അറിയിക്കുന്നതാണ്. സി.എഫ്.സി. മീറ്റിംഗിലേയ്ക്ക് എല്ലാവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

2021-22 വർഷത്തിലെ 10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് പൂർത്തിയാക്കി മെയ് 30നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനോടൊപ്പം 10,11,12 ക്ലാസ്സുകളിലെ ഹാജർബുക്കുകളും വിശ്വാസോത്സവം ചേർത്തുള്ള ഫൈനൽ മാർക്കുലിസ്റ്റുകളും കൂട്ടി ചേർത്ത് കൊണ്ടുവരേണ്ടതാണ്.

## ഓർഗനൈസേഴ്സിന് നന്ദി / സ്വാഗതം

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ച റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (അതിരമ്പുഴ), റവ. ഫാ. വർഗ്ഗീസ് (ജോസിൻ) കൊച്ചുപറമ്പിൽ (എടത്വാ) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാരായി പുതുതായി നിയമിതരായിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കിൽ (അമ്പൂരി), ഫാ. ആൻഡ്രൂസ് കുന്നത്ത് (അതിരമ്പുഴ), ഫാ. ജോസഫ് കൈതപ്പറമ്പിൽ (എടത്വാ), ഫാ. ആന്റണി കിഴക്കേതലയ്ക്കൽ (കോട്ടയം), ഫാ. സേവ്യർ പുന്നശ്ശേരി (കുടമാളൂർ), ഫാ. മാത്യു അഞ്ചിൽ (കുറുമ്പനാടം), ഫാ. മാത്യു തടത്തിൽ (മണിമല), ഫാ. ജോസഫ് കൊച്ചീത്ര (നെടുംകുന്നം), ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (തുരുത്തി) എന്നിവരെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## നന്ദി / സ്വാഗതം

കഴിഞ്ഞ ഒരു വർഷക്കാലം സന്ദേശനിലയത്തിൽ റീജന്റ് ബ്രദേഴ്സായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ബ്ര. ജിതിൻ കൊടിയന്തറയ്ക്കും ബ്ര. ഡാരിൻ തെങ്ങുംപള്ളിയ്ക്കും സന്ദേശനിലയം കുടുംബത്തിന്റെ നന്ദി.

പുതിയതായി നിയമിതനായിരിക്കുന്ന ബ്ര.അലക്സ് കുര്യാക്കോസ് ഇല്ലംപള്ളിയ്ക്ക് സന്ദേശനിലയം കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

*ശേഷം പേജ് 32 ൽ.....»*

മിശിഹായിൽ സ്നേഹമുള്ളവരേ,

ഈശോമിശിഹായുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും കുറിച്ച് ധ്യാനിച്ചും നമ്മുടെ പാപത്തിന് പരിഹാരം ചെയ്തും പുണ്യവഴികളിലൂടെ സഞ്ചരിക്കുന്ന നമുക്ക് പ്രത്യാശയുടെയും സന്തോഷത്തിന്റെയും കാലമായ ഉയിർപ്പുകാലത്തേക്ക് സന്തോഷപൂർവ്വം പ്രവേശിക്കാം. ഈ വർഷത്തെ മിഷൻലീഗ് പ്രവർത്തനങ്ങൾ ഏകദേശം സമാപിക്കുമ്പോൾ മേഖലകളിൽ നിന്നും ശാഖകളിൽ നിന്നും നൽകിയ എല്ലാ സഹകരണത്തിനും നന്ദി പറയുന്നു. കൂടുതൽ തീഷ്ണതയോടെ പ്രവർത്തിക്കാൻ ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് ഈറ്റോലിൽ**
**ഫാ. നിബിൻ പഴയമഠം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2022 ഏപ്രിൽ**

| | | |
|---|---|---|
| 8 വെള്ളി | : | നാല്പതാം വെള്ളി |
| 10 ഞായർ | : | ഓശാന ഞായർ |
| 13 ബുധൻ | : | ഓഫീസ് അവധി (13 ബുധൻ മുതൽ 17 വരെ ഓഫീസ് അവധിയായിരിക്കും) |
| 14 വ്യാഴം | : | പെസഹാ വ്യാഴം |
| 15 വെള്ളി | : | പീഡാനുഭവ വെള്ളി |
| 16 ശനി | : | വലിയ ശനി |
| 17 ഞായർ | : | ഉയർപ്പ് തിരുനാൾ |
| 22 വെള്ളി | : | സകല വിശുദ്ധരുടെയും തിരുനാൾ |
| 23 ശനി | : | മാർ ഗിവർഗീസ് (24 ഞായർ) |
| 24 ഞായർ | : | പുതുഞായർ |
| 25 തിങ്കൾ | : | വിശുദ്ധ മർക്കോസ്, സുവിശേഷകൻ |
| 30 ശനി | : | അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് (കുട്ടികളുടെ) |

### അതിരൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

2022-23 പ്രവർത്തനവർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളുടെ (കുട്ടികളുടെ) തിരഞ്ഞെടുപ്പ് ഏപ്രിൽ 30 ശനിയാഴ്ച രാവിലെ 10.00 മുതൽ വൈകുന്നേരം 3.30 വരെ അതിരൂപതാ ഓഫീസിൽ നടത്തപ്പെടുന്നു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ് എന്നിവരെയാണ് അന്നേ ദിവസം തിരഞ്ഞെടുക്കുക. Reg. Fee 100 രൂപ ആയിരിക്കും. മേഖലാ ഭാരവാഹികളുടെ (കുട്ടികളുടെ) ലിസ്റ്റ് ഏപ്രിൽ 5-ാം തീയതിക്കു മുമ്പ് അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## മേഖലാ - യൂണിറ്റ് സന്ദർശനം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ശാഖാ - മേഖലാ മിഷൻലീഗ് പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ഏപ്രിൽ - മെയ് മാസങ്ങളിൽ മേഖലാ ഭാരവാഹികൾ ശാഖാ സന്ദർശനം നടത്തേണ്ടതാണ്. അതിനുശേഷം ജൂൺ-ജൂലൈ മാസങ്ങളിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനവും നടത്തുന്നതാണ്.

## കൈയ്യെഴുത്തുമാസിക

കൈയ്യെഴുത്തു മാസിക അതിരൂപതയിൽ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 15 എന്നത് ഏപ്രിൽ 30 ലേക്ക് മാറ്റിയിരിക്കുന്നു. വിശദവിവരങ്ങൾ ഡിസംബർ മാസത്തിലെ മധ്യസ്ഥനിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ (പേജ്- 29).

## നന്ദി

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ (അതിരമ്പുഴ), ഫാ. ജോസിൻ കൊച്ചുപറമ്പിൽ (എടത്വാ) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## സ്വാഗതം

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി പുതുതായി നിയമിതരായിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കിൽ (അമ്പൂരി), ഫാ. ആൻഡ്രൂസ് കുന്നത്ത് (അതിരമ്പുഴ), ഫാ. വർഗ്ഗീസ് തട്ടാരടിയിൽ (ചമ്പക്കുളം), ഫാ. ജോസഫ് കൈതപ്പറമ്പിൽ (എടത്വാ), ഫാ. ആന്റണി കിഴക്കേതലയ്ക്കൽ (കോട്ടയം), ഫാ. സേവ്യർ പുന്നശ്ശേരി (കുടമാളൂർ), ഫാ. മാത്യു അഞ്ചിൽ (കുറുമ്പനാടം), ഫാ. മാത്യു തടത്തിൽ (മണിമല), ഫാ. ജോസഫ് കൊച്ചീത്ര (നെടുംകുന്നം), ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (തുരുത്തി) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

» *സന്ദേശനിലയം തുടർച്ച...*

## ആദരാഞ്ജലികൾ

സന്ദേശനിലയം - മിഷൻലീഗ് മുൻ ഫൊറോന ഡയറക്ടറായി സേവനം ചെയ്ത ഫാ. ആന്റണി നൈനാപറമ്പിലിന്റെയും രാമങ്കരി സൺഡേസ്കൂൾ വിദ്യാർത്ഥി ജോയൽ ജോജി ചേന്നാട്ടുശ്ശേരിയുടെയും നെടുംകുന്നം സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോയിച്ചൻ ചെറുശ്ശേരിയുടെ ഭാര്യയുടെയും മാന്നില സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോസ് ജോസഫിന്റെ പിതാവും മുൻ അധ്യാപകനുമായ ശ്രീ. ജോസഫ് വർഗ്ഗീസിന്റെയും വായ്പൂർ സെന്റ് ജോസഫ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. രാജേഷ് ഇളംപുരയിടത്തിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

നോമ്പുകാലാചരണത്തിലൂടെ ഉത്ഥാനാനുഭവം സ്വന്തമാക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. ഈശോയെ സ്വന്തമാക്കുവാൻ ഏവർക്കും ഇടയാകട്ടെ എന്നാശംസിക്കുന്നു.

കൊറോണ മഹാമാരിയിൽനിന്നും ദൈവകൃപയാൽ നാം മുക്തി നേടി വരുകയാണല്ലോ. കൂടുതൽ ഉത്സാഹത്തോടെ കൂട്ടായ്മ പ്രവർത്തനങ്ങളിൽ നമുക്കു വ്യാപൃതരാകാം. ഈ നോമ്പുകാലത്ത് എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ നടത്താൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

മാർച്ചുമാസത്തിൽ നാം ഈ വർഷത്തെ കെരിഗ്മയ്ക്കു തുടക്കംകുറിച്ചു. ആലപ്പുഴ ഫൊറോനയിൽ മാർച്ച് 26 ന് നടന്നു. ഇതിനായി യത്നിച്ച എല്ലാ ബഹു. അച്ചന്മാരെയും കൂട്ടായ്മ പ്രവർത്തകരേയും നന്ദിയോടെ ഓർക്കുന്നു. ഇനിയും നടക്കേണ്ട ഫൊറോനകളിൽനിന്നും നല്ല പങ്കാളിത്തം ഉറപ്പാക്കണമേ. ഈ മീറ്റിംഗിൽ വച്ച് തുടർന്നുവരുന്ന മൂന്നു വർഷത്തേയ്ക്കുള്ള ഫൊറോന സമിതി അംഗങ്ങളേയും ആനിമേറ്റേഴ്സിനേയും തിരഞ്ഞെടുക്കുന്നതാണ്. പഞ്ചവത്സര അജപാലനപദ്ധതി പഠനവിഷയം സംബന്ധമായ 2 ക്ലാസുകൾ ഇതിനോടകം നടന്നു കഴിഞ്ഞു. തുടർന്നുവരുന്ന ക്ലാസ്സുകളിലും നല്ല പങ്കാളിത്തം ഉണ്ടാകണമേ.

ഏവർക്കും ഈസ്റ്റർ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ജെന്നി കായംകുളത്തുശേരി**
(ഡയറക്ടർ)

## വാർത്തകൾ – പ്രവർത്തനങ്ങൾ

### ബൈബിൾ കോഴ്സ്

മാർച്ച് 8, 10, 16 തീയതികളിൽ അപ്പസ്തോലപ്രവർത്തനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ച റവ.ഡോ. സി. സോഫി റോസ് സി.എം.സി യെ നന്ദിയോടെ ഓർക്കുന്നു. മാർച്ച് 22, 29, തീയതികളിലും ഏപ്രിൽ 5, 12, 19, 26 തീയതികളിലും വി. പൗലോശ്ലീഹായുടെ ലേഖനങ്ങളെക്കുറിച്ച് ആർച്ച്പ്രീസ്റ്റ് റവ.ഡോ. മാണി പുതിയിടം ക്ലാസെടുക്കും.

### ബൈബിൾ കയ്യെഴുത്ത്

എല്ലാവരും നന്നായി സഹകരിക്കുന്നതിന് നന്ദി. ഇതിനോടകം നൽകിയ വചനഭാഗങ്ങൾ എഴുതി പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന കാരണത്താൽ ഈ ഉദ്യമത്തിൽനിന്നും ആരും വിരമിക്കരുതെന്നോർമ്മിപ്പിക്കുന്നു. അങ്ങനെയുള്ളവർ അൽപ്പം സമയം കൂടുതലെടുത്താലും ഈ വചനസപര്യ പൂർത്തികരിക്കേണ്ടതാണ്.

*ശേഷം പേജ് 38 ൽ.....»*

## സിവിൽ സർവീസ് പരിശീലനം

ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ IAS, IPS, IFS തുടങ്ങിയ 24 സിവിൽ സർവീസുകളിലേക്ക് 2023-ൽ നടക്കുന്ന പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസുകളുടെ അഡ്മിഷൻ 2022 ഏപ്രിൽ 4-ന് ആരംഭിക്കും. ഡിഗ്രിയോ, ഉപരിയോഗ്യതകളോ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഒരുവർഷം ദീർഘിക്കുന്ന ഈ കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നുഘട്ട പരീക്ഷകൾക്കുള്ള പരിശീലനമാണ് നൽകുന്നത്.

മറ്റ് പല സമുദായങ്ങളുമായി താരതമ്യം നടത്തുമ്പോൾ സിവിൽ സർവീസ് രംഗത്തേയ്ക്ക് ക്രിസ്ത്യൻ വിഭാഗത്തിൽനിന്ന് കടന്നുവരുന്നവരുടെ എണ്ണം വളരെ കുറവാണെന്ന സത്യം തിരിച്ചറിഞ്ഞ്, നമ്മുടെ ഇടവകകളിൽനിന്ന് ഈ പരിശീലന പ്രോഗ്രാമിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ പറഞ്ഞയയ്ക്കാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് ഇടവകജനങ്ങൾക്ക് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. **ഫോൺ: 9539381100, 04822 215831**

## കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനം

**നിർമ്മലപുരം – ചുങ്കപ്പാറ**

**2022 ഏപ്രിൽ 08 (നാല്പതാം വെള്ളി)**
**മുതൽ**
**ഏപ്രിൽ 24 (പുതുഞായർ) വരെ**

***അന്വേഷണങ്ങൾക്ക്:***

സെന്റ് തോമസ് കുരിശുമല തീർത്ഥാടന കേന്ദ്രം ഓഫീസ്
നിർമ്മലപുരം, ചുങ്കപ്പാറ, പിൻ-686 547
ഫോൺ: 9495523403, 9447121927

പ്രിയരേ,

'കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക' എന്ന കുടുംബപ്രേഷിത മുദ്രാ വാക്യം കുടുംബങ്ങൾക്ക് സമൂഹനിർമ്മിതിയിലുള്ള നിർണ്ണായകമായ സ്ഥാനത്തെയും പ്രഖ്യാപിക്കുന്നുണ്ട്. കുടുംബങ്ങൾ ഒറ്റപ്പെട്ട തുരുത്തുകളായല്ല, മറിച്ച് വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ടുതന്നെ സാമൂഹ്യ തിന്മകൾക്കെതിരെ നിലകൊള്ളുകയും സമൂഹം നേരിടുന്ന പ്രതിസന്ധികളോട് ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുന്ന കൂട്ടായ്മയുടെ ഭാഗമായി നിലകൊള്ളണം.

സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകമായ കുടുംബത്തിലാണ് സാമൂഹ്യബോധത്തിന്റെയും പ്രതിബദ്ധതയുടെയും മൂല്യങ്ങൾ പരിശീലിപ്പിക്കപ്പെടേണ്ടത്. ദൈവികപുണ്യങ്ങളോടൊപ്പം ഈ വിധമുള്ള മാനുഷികമൂല്യങ്ങളിലും പരിശീലിപ്പിക്കപ്പെടുന്ന വ്യക്തികൾ സമൂഹത്തിന്റെ പൊതുധാരയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവരായി നിലകൊള്ളും.

സമഗ്രതയുള്ള ജീവിതപരിശീലനമാണ് ഫാമിലി അപ്പോസ്തലേറ്റ് ലക്ഷ്യം വയ്ക്കുന്നത്. മാതൃവേദി - പിതൃവേദി, പ്രോ-ലൈഫ്, വിവാഹഒരുക്ക സെമിനാറുകൾ, വിവിധ പ്രായവിഭാഗങ്ങളിലുള്ള കുടുംബസ്ഥർക്കായുള്ള പരിശീലനപരിപാടികൾ എന്നിവയിലൂടെ ഈ ലക്ഷ്യത്തിലേക്ക് നാം മുന്നേറണം. അതിനായി ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു

സ്നേഹപൂർവം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. സോണി പള്ളിച്ചിറയിൽ**
(അസി. ഡയറക്ടർമാർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

**1. മാർച്ച് 19 - പിതൃവേദി സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ**

മാർ യൗസേപ്പ് പിതാവിന്റെ തിരുനാൾ യൂണിറ്റ് തലത്തിൽ വിവിധ പരിപാടികളോടുകൂടി ആചരിച്ചു. പതാക ഉയർത്തൽ, പ്രത്യേക സമ്മേളനം എന്നിവ നടത്തപ്പെട്ടു. ഓരോ ഇടവകയുടെയും പ്രത്യേക സാഹചര്യം പരിഗണിച്ച് അഗതികൾ, അനാഥർ തെരുവുകളിൽ കഴിയുന്നവർ എന്നിവർക്ക് പൊതിച്ചോർ നൽകുക തുടങ്ങി നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൂടാതെ യൗസേപ്പ് നാമധാരികളുടെ സംഗമവും യൂണിറ്റുകൾ തോറും സംഘടിപ്പിച്ചു.

**2. പ്രവർത്തനവർഷ ഉദ്ഘാടനം ഫൊറോനാ /യൂണിറ്റ് തലത്തിൽ**

2022 മാർച്ച് 10-ാം തീയതിക്ക് മുമ്പായി അതിരൂപതയിലെ ഭൂരിഭാഗം ഫൊറോനകൾ / യൂണിറ്റുകൾ കേന്ദ്രീകരിച്ച് പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാപ്രകാശനവും സംഘടിപ്പിച്ചു. അതിരൂപതാ പ്രവർത്തന മാർഗ്ഗരേഖയിലെ പരിപാടികൾക്ക് പുറമെ യൂണിറ്റ് / ഫൊറോനാ തലത്തിൽ തനത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കുന്നു എന്നത് ഏറെ അഭിനന്ദനാർഹമാണ്.

### 3. നിയമാവലി പരിഷ്കരണ കമ്മിറ്റി

പിതൃവേദി/ മാതൃവേദിയുടെ നിയമാവലി കാലോചിതമായി പരിഷ്കരിക്കുന്നതിനായി പ്രത്യേകസമിതിയെ ചുമതലപ്പെടുത്തി. സമിതിയുടെ പ്രഥമ യോഗം 2022 മാർച്ച് 22, 8:00 പി.എം. ന് സൂം പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു.

### 4. മാർച്ച് 8 ലോകവനിതാദിനം – വനിതാദിനസംഗമം ജ്വാല–2022

ചങ്ങനാശേരി അതിരൂപത മാതൃവേദി അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് 'ജ്വാല–2022' വനിതാദിനസംഗമം സംഘടിപ്പിച്ചു. കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ശ്രീമതി വനിതാദിന പരിപാടി ഉദ്ഘാടനം ചെയ്തു. പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ അനുഗ്രഹപ്രഭാഷണം നടത്തി. യോഗത്തിൽ മാതൃവേദി അതിരൂപതാപ്രസിഡന്റ് ആൻസി മാത്യു അധ്യക്ഷത വഹിച്ചു, പ്രൊഫ. ലീന ജോസ്. ടി. മുഖ്യസന്ദേശം നൽകി. കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അസിസ്റ്റന്റ് ഡയറക്ടർ ഫാ. റ്റിജോ പുത്തൻപറമ്പിൽ, പിതൃവേദി അതിരൂപതാ പ്രസിഡന്റ് എ.പി. തോമസ്, ആനിമേറ്റർ സി. ജോബിൻ എഫ്.സി.സി., എന്നിവർ പ്രസംഗിച്ചു. ടെസി വർഗീസ്, ബിൻസി മാത്യു, രേഷ്മ ജോൺസൺ, ആൻസി തോമസ്, ബീന ജോസ്, ലൂസി എം.ജെ., എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. 500–ൽ പരം മാതൃവേദി പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. എടത്വാ ഫൊറോനായിലെ മാതൃവേദി അംഗങ്ങൾ അവതരിപ്പിച്ച സംഘനൃത്തം, കുറുമ്പനാടം ഫൊറോനാ അവതരിപ്പിച്ച സ്കിറ്റ് എന്നിവ സമ്മേളനത്തിന് മിഴിവേകി.

## അറിയിപ്പുകൾ

1. 2022 മാർച്ച് 31 ന് മുമ്പായി അംഗത്വകാർഡ് വിതരണം പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഫൊറോനാ ആനിമേറ്റർമാർ ശ്രദ്ധിക്കേണ്ടതാണ്.

2. പിതൃവേദി/ മാതൃവേദി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ 'എന്റെ ദേവാലയം എന്റെ അഭിമാനം' (എന്ന പേരിൽ രണ്ടു മിനിറ്റ് വീഡിയോ പ്രോഗ്രാം) എല്ലാ തിങ്കളാഴ്ചയും പുറത്തിറക്കുന്നു.

3. **'വചനനിലാവ്'** ഓശാന ഞായറാഴ്ച (ഏപ്രിൽ 10) രാത്രി 8 മണിമുതൽ 9 വരെ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല നയിക്കുന്ന 'വചനനിലാവ്' എന്ന വചനവിചിന്തന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്.

## വിവാഹ ഒരുക്ക ധ്യാനം

| APRIL (ONLINE) | APRIL (OFF LINE) | | MAY (OFF LINE) | |
|---|---|---|---|---|
| 1, 2, 3 (Booking Date: Mar. 21)<br>8, 9, 10 ( " Mar. 28) | 25, 26, 27 | Chry | 9, 10, 11<br>16, 17, 18<br>23, 24, 25 | Chry<br>Zion<br>Zion |

കോവിഡ്19 നിയന്ത്രണങ്ങളിൽ ഇളവ് വരുന്ന സാഹചര്യത്തിൽ ഏപ്രിൽ അവസാനവാരം മുതൽ വിവാഹ ഒരുക്ക ധ്യാനം കോവിഡിന് മുൻപ് നടത്തിയിരുന്നതുപോലെ, ചങ്ങനാശേരി പാസ്റ്ററൽ സെന്റർ, കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രം എന്നിവിടങ്ങളിൽ വച്ച്, നേരിട്ട് നടത്തുന്നതാണ്. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഓൺലൈൻ കോഴ്സുകൾ ഉണ്ടായിരിക്കുകയില്ല.

### 1. മാർഗ്ഗരേഖ പ്രകാശനം

2022 പ്രവർത്തന വർഷത്തെ മാർഗ്ഗരേഖയുടെ പ്രകാശന കർമ്മം 2022 ഫെബ്രുവരി 26 ശനിയാഴ്ച അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോർജ്ജ് ജോസഫിന് ആദ്യ പ്രതി കൈ മാറിക്കൊണ്ട് ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ നിർവഹിച്ചു. അതിരൂപത കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ആനിമേറ്റർ സി. തെരസീന, അതിരൂപതാ ഭാരവാഹികളായ ജിൻസ് ജോസഫ്, ടെബിൻ ആന്റണി, റ്റോം തോമസ്, പ്രീതി ജെയിംസ്, ജെയ്നെറ്റ് മാത്യൂ, അമ്മു ബാബു തുടങ്ങിയവർ സന്നിഹിതരായിരുന്നു.

### 2. ഏകദിന ശില്പശാല

അതിരൂപതാ മീഡിയ അപ്പോസ്റ്റലേറ്റുമായി സഹകരിച്ച് മാക് റേഡിയോ, 90.8 റേഡിയോ മീഡിയ വില്ലേജ്, മാക് ടിവി, എംവി ടിവി എന്നിവയിൽ റേഡിയോ ജോക്കി, അവതാരകർ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കാൻ തത്പ രരായ യുവജനങ്ങൾക്കായി 2022 മാർച്ച് 01 ന് ഏകദിന ശിൽപശാലയും പരി ശീലന ക്ലാസും ചങ്ങനാശേരി മീഡിയ വില്ലേജിൽ നടത്തപ്പെട്ടു. ഫാ. ആന്റണി ഏത്തക്കാട്, ഫാ. ജോഫി പുതുപ്പറമ്പിൽ, ഫാ. ലൈജു കണിച്ചേരിൽ, വിനു കെ ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

### 3. വനിതാ ദിനം

ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എം. വനിതാ ദിനാചരണം നെടുംകുന്നം ഫൊറോനായുടെ ആതിഥേയത്വത്തിൽ 2022 മാർച്ച് 12 ന് ഹെലോയിസ് 2022 എന്ന പേരിൽ നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ഫൊറോനാ വികാരി ഫാ. ജേക്കബ് അഞ്ചുപങ്കിൽ അനുഗ്രഹപ്രഭാഷണം നൽകി. ചങ്ങ നാശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം. ഡെപ്യൂട്ടി പ്രസിഡന്റ് ജൈനറ്റ് മാത്യു അധ്യക്ഷത വഹിച്ച യോഗം മൂവാറ്റുപുഴ മുൻസിപ്പൽ കൗൺസിലർ ശ്രീമതി ജോയിസ് മേരി ആന്റണി ഉദ്ഘാടനം ചെയ്തു. യുവജന പ്രസ്ഥാനത്തിന് ഫൊറോന തലത്തിൽ നേതൃത്വം നൽകുന്ന ആനിമേറ്റർമാരെ ചടങ്ങിൽ ആദരിച്ചു. യുവതികൾക്കായി എൽ ജൂഗോ, ചിൽ വിത്ത് എ ടാസ്ക്, കേശദാനം, കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവ നടത്തപ്പെട്ടു. ചങ്ങനാശേരി അതിരൂപതയിലെ 16 ഫൊറോനകളിൽ നിന്നായി യുവതികൾ പങ്കെടുത്തു. ചങ്ങനാശേരി അതിരൂപത ഡയറക്ടർ ഫാ. ജോബിൻ ആനക്കല്ലുങ്കൽ, പ്രസിഡന്റ് ജോർജ് ജോസഫ്, ആനിമേറ്റർ സി. തെരെസീന, സി. ഡോ. എമിലി തെക്കേതെരുവിൽ, നെടുംകുന്നം ഫൊറോന ഡെപ്യൂട്ടി പ്രസിഡന്റ് അമലു ജോസ്, കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗം അമല അന്ന ജോസ്, എഡിറ്റർ പ്രീതി ജെയിംസ് എന്നിവർ സംസാരിച്ചു. അതിരൂപ താ-ഫൊറോന ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

*ശേഷം പേജ് 60 ൽ.....»*

## ലോഗോസ് ക്വിസ് 2021

സർട്ടിഫിക്കറ്റുകൾ ഇനിയും വാങ്ങിയിട്ടില്ലാത്തവർ ഓഫീസിൽനിന്നും വാങ്ങേണ്ടതാണ്.

## അറിയിപ്പുകൾ

### പഠനസഹായികൾ തയ്യാറായിരിക്കുന്നു

പഞ്ചവത്സര അജപാലനപദ്ധതി പഠനവിഷയം 'വിശ്വാസവും ക്രിസ്തീയ ധാർമികതയും' എന്ന പുസ്തകവും ലോഗോസ് 2022 പഠനസഹായിയും തയ്യാറായിട്ടുണ്ട്. കൂട്ടായ്മ ഓഫിസിൽ ലഭ്യമാണ്.

### വിശ്വാസവും ക്രിസ്തീയ ധാർമികതയും (പഞ്ചവത്സര പഠനവിഷയം)

പഞ്ചവത്സര അജപാലനപദ്ധതി പഠനവിഷയത്തെ ആസ്പദമാക്കി ഓരോ മാസവും പ്രബോധനങ്ങൾ ഓൺലൈനായി നൽകി വരുന്നു. എല്ലാവർക്കും ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കും.

### കെരിഗ്മ

കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോന സംഗമമായ കെരിഗ്മ-2022 മാർച്ചു മാസത്തിൽ ആരംഭിച്ചു കഴിഞ്ഞു.ഓരോ ഇടവകയിലേയും കൂട്ടായ്മ ലീഡേഴ്സ് (പുരുഷന്മാരുടെ പ്രതിനിധി, സ്ത്രീകളുടെ പ്രതിനിധി, ആനിമേറ്റർ സിസ്റ്റേഴ്സ്) എന്നിവർ തങ്ങളുടെ ഫൊറോനയ്ക്കായി ക്രമീകരിക്കുന്ന കെരിഗ്മയിൽ പങ്കെടുക്കേണ്ടതാണ്. കോവിഡ് മഹാമാരിയാൽ നിശ്ചലമായ നമ്മുടെ കൂട്ടായ്കൾ സജീവമാകേണ്ടതിനാൽ എല്ലാ ലീഡേഴ്സും മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണമെ. ഈ മീറ്റിംഗിൽ വച്ചാണ് അടുത്ത 3 വർഷത്തേയ്ക്കുള്ള ഫൊറോന സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

**കെരിഗ്മ നടക്കുന്ന ഫൊറോനകളും തീയതികളും**

| | | | | | |
|---|---|---|---|---|---|
| ഏപ്രിൽ | 3 | ഞായർ | – | അതിരമ്പുഴ | (സമയം : 2.30 pm to 4.30 pm) |
| ഏപ്രിൽ | 9 | ശനി | – | എടത്വാ | ,, |
| ഏപ്രിൽ | 23 | ശനി | – | ചങ്ങനാശേരി | ,, |
| ഏപ്രിൽ | 30 | ശനി | – | ചമ്പക്കുളം | ,, |

### നന്ദിയും സ്വാഗതവും

കഴിഞ്ഞ ഒരുവർഷക്കാലം 6 മാസങ്ങൾ വീതമായി കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളിൽ സേവനം അനുഷ്ഠിച്ചതിനുശേഷം ഉപരിപഠനത്തിനായി പോകുന്ന ബ്രദർ ജിബിൻ മഠത്തിശേരിയ്ക്കും ബ്രദർ സോണി പുന്നൂർപുത്തൻപറമ്പിലിനും നന്ദിയും പ്രാർത്ഥനകളും നേരുകയും പ്രസ്തുത ഓഫീസിലേയ്ക്ക് പുതുതായി നിയമിതനായിരിക്കുന്ന ബ്രദർ ജെഫ്രി സ്നേഹതീരത്തിന് ഹൃദയം നിറഞ്ഞ സ്വാഗതം ആശംസിക്കുകയുംചെയ്യുന്നു.

# കെ.സി.എസ്.എൽ.
## KERALA CATHOLIC STUDENT'S LEAGUE

ഈശോയിൽ സ്നേഹംനിറഞ്ഞ KCSL അംഗങ്ങളെ,

കഴിഞ്ഞ മാസത്തെ നമ്മുടെ പ്രവർത്തനങ്ങൾ വിജയപ്രദമായതിൽ ദൈവത്തിന് നന്ദി പറയാം. കോവിഡിന്റെ ഈ പശ്ചാത്തലത്തിലും സംഘടന യുടെ ശക്തികേന്ദ്രമായി പ്രവർത്തിച്ച എല്ലാ അദ്ധ്യാപകരെയും നന്ദിയോടും സ്നേഹത്തോടുംകൂടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അവിഭക്ത ചങ്ങനാശേരി അതിരൂപതയിൽ KCSL-ന്റെ മുൻ ഡയറക്ടറായി രുന്ന റവ. ഡോ. ജോർജ് കോലത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി യോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ, ഫെബ്രുവരി 25 വെള്ളിയാഴ്ച വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച്, KCSL അംഗങ്ങൾക്കായി പ്രസംഗമത്സരം നടത്തി. ചമ്പക്കുളം ഫാ. തോമസ് പോരൂക്കര സ്കൂളിലെ ക്രിസ്റ്റി ഫിൽസൺ ഒന്നാംസ്ഥാനം കരസ്ഥമാക്കി. നെടുങ്കുന്നം സെന്റ് തെരേസാസ് ഹൈസ്കൂളിലെ അൽഫോൻസാ സാജു രണ്ടാംസ്ഥാനവും അതിരമ്പുഴ സെന്റ് അലോഷ്യസ് ഹൈസ്കൂളിലെ ഏബൽ ബിനോയി മൂന്നാംസ്ഥാനവും നേടി. പങ്കെടുത്ത എല്ലാവർക്കും വിജയി കളായവർക്കും എല്ലാവിധ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

ചങ്ങനാശേരി KCSL-ന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 8 ന്സന്ദേശനിലയ ത്തിൽ നടന്ന ജീസസ് കിഡ്സ് കലോത്സവത്തിൽ (എയ്ഞ്ചൽസ് ഫെസ്റ്റ്) 33 പോയിന്റോടുകൂടി ചമ്പക്കുളം സെന്റ് മേരീസ് സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. 32പോയിന്റോടുകൂടി എസ്.എച്ച്., യു.പി.എസ് കണ്ണാടി രണ്ടാം സ്ഥാനവും 28പോയിന്റോടുകൂടി നെടുങ്കുന്നം സെന്റ് തെരേസാസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കലാരത്നമായി ചമ്പക്കുളം സെന്റ് മേരീസ് എൽ.പി. സ്കൂളിലെ അലോന സോബി തെരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും, അവർക്ക് പരിശീലനം നൽകിയ എല്ലാ അധ്യാപകർക്കും മാതാപിതാക്കൾക്കും പ്രത്യേകിച്ച് ആനിമേറ്റേഴ്സിനും നന്ദി പറയുന്നു.

2022 ഏപ്രിൽ 2 ശനിയാഴ്ച അതിരൂപത വിദ്യാർത്ഥി പ്രതിനിധികളുടെ ലീഡർ ഷിപ്പ് ക്യാമ്പും ഇലക്ഷനും സ്റ്റേറ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്ത പ്പെടുന്നു. 2020-21 പ്രവർത്തനവർഷ റിപ്പോർട്ടുകൾ (മാർച്ച് 31 വരെയുള്ളത്) ഏപ്രിൽ 11 നു മുൻപേ ഓഫീസിൽ എത്തിക്കേണ്ടതാണ്. മികച്ച സ്കൂളു കളെ തിരഞ്ഞെടുത്ത് 2022-23 ഉദ്ഘാടന സമയത്ത് അവർക്കായി സമ്മാന ങ്ങളും വിതരണം ചെയ്യുന്നതായിരിക്കും. LP, UP, HS, HSS എന്നിങ്ങനെ വിഭാഗങ്ങൾ തിരിച്ച് റിപ്പോർട്ടുകൾ തരാൻ ശ്രദ്ധിക്കുമല്ലോ. എല്ലാ വർഷവും KCSL-ന്റെ നേതൃത്വത്തിൽ നടത്തിയിരുന്ന പരീക്ഷാഒരുക്ക ധ്യാനം ഈവർഷം ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് സാധിക്കുന്നവരെല്ലാം അതാതു സ്കൂ ളുകളിൽ പരീക്ഷാ ഒരുക്കധ്യാനവും പ്രാർത്ഥനയും നടത്തണമെന്ന് ഓർമ്മ പ്പെടുത്തുന്നു. വാർഷിക പരീക്ഷക്കായി ഒരുങ്ങികൊണ്ടിരിക്കുന്ന എല്ലാവർക്കും നല്ല പരീക്ഷാക്കാലവും വിജയാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

# അതിരമ്പുഴ കാരിസ്ഭവനും മുണ്ടിയാനിക്കൽ കുടുംബയോഗവും

## സംയുക്തമായി സംഘടിപ്പിക്കുന്ന



# ഫാ. അനീഷ് മുണ്ടിയാനിക്കൽ MSFS
# സ്മാരക പ്രഥമ ഗ്ലോബൽ ബൈബിൾ ക്വിസ്

## രണ്ടു ഘട്ടങ്ങളായി നടത്തപ്പെടുന്നു

| ആദ്യഘട്ടം | രണ്ടാംഘട്ടം |
|---|---|
| **2022 മെയ് 22 ഞായർ** | **2022 ജൂൺ 9 വ്യാഴം** |
| 8 PM IST (ഓൺലൈൻ) | (കാരിസ് ഭവൻ) |

**ഒന്നാം സമ്മാനം Rs. 5000 + എവർറോളിങ് ട്രോഫി + സർട്ടിഫിക്കറ്റ്**
**രണ്ടാം സമ്മാനം Rs. 3000 + എവർറോളിങ് ട്രോഫി + സർട്ടിഫിക്കറ്റ്**
**മൂന്നാം സമ്മാനം Rs. 2000 + എവർറോളിങ് ട്രോഫി + സർട്ടിഫിക്കറ്റ്**

**കൂടാതെ ഫൈനൽ റൗണ്ടിൽ എത്തുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ**

*എല്ലാ കത്തോലിക്കാ വിഭാഗങ്ങളിൽപ്പെട്ടവർക്കും പങ്കെടുക്കാം.*

## പഠനവിഷയങ്ങൾ

1. ജോഷ്വ 1 മുതൽ 12 വരെ അധ്യായങ്ങൾ
2. പ്രഭാഷകൻ 23 മുതൽ 26 വരെ അധ്യായങ്ങൾ
3. മർക്കോസ് 9 മുതൽ 16 വരെ അധ്യായങ്ങൾ
4. 1 കോറിന്തോസ് 9 മുതൽ 16 വരെ അധ്യായങ്ങൾ
   (അവലംബം - പി.ഒ.സി. ബൈബിൾ)

   - **80%** (2022 ലോഗോസ് പഠനഭാഗം)

5. വി. അൽഫോൻസാമ്മയുടെ ജീവചരിത്രം
   Ref. വി. അൽഫോൻസാമ്മ, വിമല ബുക്ക്സ് പബ്ലിക്കേഷൻ, കാഞ്ഞിരപ്പള്ളി - **10%**
6. സഭാപരമായ പൊതുചോദ്യങ്ങളും
   അനീഷ് അച്ചനെക്കുറിച്ചുള്ള ചോദ്യങ്ങളും
   Ref: കാരിസ് ജ്യോതി, ആഗസ്റ്റ് 2021 ലക്കം - **10%**

For Registration :-
**https://forms.gle/EWQiNYbofmctQgi69**


കൂടുതൽ വിവരങ്ങൾക്ക്: **9447418157, 9745409045**

To register online, Scan the QR code

# ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിലിന്റെ കൃതികൾ സമ്പൂർണം

**എഡിറ്റർ: ഫാ. ഡോ. തോമസ് പാടിയത്ത്**

ഏഴു വാല്യങ്ങൾ, സ്പെഷ്യൽ സൈസ് (15.5 cm x 24 cm)
വലിപ്പം, മൂവായിരത്തഞ്ഞൂറോളം പേജുകൾ,
ഹാർഡ് ബൗണ്ട്&പേപ്പർ ബാക്ക് പതിപ്പുകൾ




## വിഷയങ്ങൾ

- സീറോമലബാർ സഭ
- ആരാധനക്രമം
- സഭാവിജ്ഞാനീയം
- വിദ്യാഭ്യാസം
- മതം, രാഷ്ട്രം, രാഷ്ട്രീയം
- സാമൂഹിക വിഷയങ്ങൾ...

- സീറോമലബാർ സഭയുടെ കിരീടമെന്നു ബനഡിക്ട് പതിനാറാമൻ പാപ്പാ വിശേഷിപ്പിച്ച മഹിതാചാര്യൻ ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിലിന്റെ സമാഹൃതരചനകൾ ഏഴു വാല്യങ്ങളിൽ.
- സത്യത്തിലും സ്നേഹത്തിലും സഭയെയും സമൂഹത്തെയും ശുശ്രൂഷിച്ച ഒരു സഭാപിതാവിന്റെ ആത്മീയവഴികളിലൂടെയുള്ള തീർഥാടനം.
- ഉണർവുള്ള മനസോടും നിതാന്ത ജാഗ്രതയോടുംകൂടി അജഗണത്തിനു കാവലിരുന്ന ഒരു ഇടയശ്രേഷ്ഠന്റെ ബോധനനിറവിലൂടെയുള്ള കൂട്ടുസഞ്ചാരം.
- ക്രൈസ്തവമൂല്യങ്ങളുടെയും ധാർമികതയുടെയും കാഴ്ചവട്ടങ്ങളുടെ തെളിച്ചത്തിൽ സമൂഹത്തെയും രാഷ്ട്രത്തെയും സമകാലിക പ്രവണതകളെയും ഇഴകീറി പരിശോധിക്കുകയും അപ്രിയസത്യങ്ങൾ ഉള്ളുലയാതെ ഊന്നിപ്പറയുകയും തലമുറകൾക്ക് പുത്തൻ ദിശാബോധത്തിന്റെ വഴിവിളക്ക് കൊളുത്തിവെക്കുകയും ചെയ്യുന്ന ഒരു ക്രാന്തദർശിയുടെ തുറന്നെഴുത്താണ് ഈ ബൃഹദാഖ്യാനം.

**മുഖവില**

Hardbound : ₹ 3500

Paperback : ₹ 3000

**2022 ഏപ്രിൽ 18 നു മുമ്പ് കോപ്പി ഓർഡർ ചെയ്യുന്നവർക്ക് Pre-publication തുകയ്ക്ക് പുസ്തകങ്ങൾ ലഭിക്കുന്നു**

Hardbound: ₹3000

Paperback: ₹2500

2022 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

വിശദവിവരങ്ങൾക്കും ബുക്കിംഗിനും
9496803216, 8547785278, 9656985323

# CARP (Department of Community Awareness and Rights' Protection)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

**കാർപ്പിന്റെ മാർച്ച് മാസത്തെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു**

1. അതിരൂപതയിൽ നടത്തപ്പെടുന്ന സഭാ-സാമൂഹിക-സാമ്പത്തിക സർവേയുമായി ബന്ധപ്പെട്ട് കാർപ്പ് സജീവ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ചോദ്യാവലി തയ്യാറാക്കുന്നതിൽ കാർപ്പ് നിർണായക പങ്കുവഹിച്ചു. കൂടാതെ ഡയറക്ടർ എല്ലാ ഫൊറോന കോൺഫറൻസുകളിലും പങ്കെടുത്ത് സർവേയുടെ ക്രമീകരണങ്ങളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് മാർച്ച് 22 ചൊവ്വാഴ്ച കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് അതിരൂപതാതല സർവേയുടെ ട്രെയ്നിംഗ് വൈദികർക്കും സെമിനാരിക്കാർക്കുമായി നടത്തപ്പെട്ടു.

2. പുളിങ്കുന്ന് ഫൊറോനയിൽ മാർച്ച് 20 ഞായറാഴ്ച കാർപ്പിന്റെ ക്ലാസ് നടത്തപ്പെട്ടു. അതിരൂപതാ ഡയറക്ടർ, കോർഡിനേറ്റർ എന്നിവർ ക്ലാസ് നയിച്ചു.

3. കാർപ്പിന്റെ ഫൊറോന ഡയറക്ടർമാരായി താഴെ പറയുന്ന ബഹു. വൈദികർ ചുമതല സ്വീകരിച്ചു

| | | |
|---|---|---|
| ചങ്ങനാശേരി | - | റവ. ഫാ. ദേവസ്യ പുളിക്കാശേരി |
| ആലപ്പുഴ | - | റവ. ഫാ. തോമസ് താന്നിയത്ത് |
| അമ്പൂരി | - | റവ. ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കിൽ |
| അതിരമ്പുഴ | - | റവ. ഫാ. ഇമ്മാനുവേൽ നെല്ലുവേലി |
| ചമ്പക്കുളം | - | റവ. ഫാ. ജോർജ് തൈച്ചേരിൽ |
| എടത്വ | - | റവ. ഫാ. തോമസ് കാരയ്ക്കാട് |
| കൊല്ലം | - | റവ. ഫാ. സ്കറിയ കാമിച്ചേരി |
| കോട്ടയം | - | റവ. ഫാ. ജയിംസ് കലയംകണ്ടംമറ്റം |
| കുടമാളൂർ | - | റവ. ഫാ. ആൻറണി തുണ്ടുകളം |
| കുറുമ്പനാടം | - | റവ. ഫാ. ജോസഫ് ചൂളപറമ്പിൽ |
| മണിമല | - | റവ. ഫാ. ജയിംസ് ചുണ്ടക്കാട്ടിൽ |
| നെടുംകുന്നം | - | റവ. ഫാ. ആന്റണി നെരയത്ത് |
| തിരുവനന്തപുരം | - | റവ. ഫാ. തോമസ് വേങ്ങാശേരി |
| പുളിങ്കുന്ന് | - | റവ. ഫാ. ജോസഫ് കരിങ്ങണാമറ്റം |
| തൃക്കൊടിത്താനം | - | റവ. ഫാ. ജോസഫ് നെടുംപറമ്പിൽ |
| തുരുത്തി | - | റവ. ഫാ. ജോസഫ് കട്ടപ്പുറം |

***ഏപ്രിൽ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ***

1. മുന്നാക്ക സമുദായ കോർപ്പറേഷൻ ഭവന നിർമ്മാണ സഹായത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഏപ്രിൽ 13. വിശദവിവരങ്ങൾക്ക് www.kswcfc.org

2. രാജ്യത്തെ കേന്ദ്രസർവകലാശാലകളിലേയ്ക്കുള്ള ഡിഗ്രി പ്രവേശനം ഈ വർഷം മുതൽ എൻട്രൻസ് വഴിയായിരിക്കും. പ്ലസ്ടുവിനുശേഷം അപേക്ഷിക്കാം. അപേക്ഷകൾ ഏപ്രിൽ ആദ്യവാരം സ്വീകരിച്ചു തുടങ്ങും. വിശദ വിവരങ്ങൾക്ക് http://nta.ac.in

**ബേബി വട്ടക്കര**
(അതിരൂപതാ കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(അതിരൂപതാ ഡയറക്ടർ)
6238214912

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !**

കഴിഞ്ഞ രണ്ട് വർഷക്കാലമായി ലോകം ഇന്നുവരെ അനുഭവിച്ചിട്ടില്ലാത്ത ഭയാനകമായ ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്ന് പോകുന്നത്. കോവിഡ് മഹാമാരി ജനജീവിതത്തെ ആകെ ദുസ്സഹമാക്കി സംഹാരതാണ്ഢവം ആടിയപ്പോൾ മനുഷ്യനും അവന്റെ നേട്ടങ്ങളും എത്രയോ നിസ്സാരമാണെന്ന് നാം തിരിച്ചറിഞ്ഞതാണ്. പക്ഷേ കോവിഡിന് അല്പം ശമനം കണ്ട് തുടങ്ങിയപ്പോൾ തന്നെ മനുഷ്യൻ അവന്റെ ജന്മസഹജമായ താൻപോരിമയ്ക്കും, സ്വാർത്ഥപരമായ പ്രവർത്തനങ്ങൾക്കും ആക്കം കൂട്ടി തുടങ്ങി. അതിന്റെ ഏറ്റവും പുതിയ നടപടിയാണ് യുക്രെയിന്റെ മേലുള്ള റഷ്യയുടെ യുദ്ധവും അധിനിവേശവും. ഒരു പരമാധികാര രാഷ്ട്രത്തിന്റെ മേലുള്ള അന്യായമായ കടന്നുകയറ്റം മൂലം നിരാലംബരും നിസ്സഹായരുമായി ദുരന്തങ്ങൾക്ക് ഇരകളാകുന്ന ഒരു ജനസമൂഹത്തിന്റെ കണ്ണീർ മറ്റൊരു ദുരന്തമായിത്തീർന്നിരിക്കുന്നു.

കോവിഡ് മഹാമാരിമൂലം തകർന്നടിഞ്ഞ ലോകസമ്പദ് വ്യവസ്ഥയും, ഇതര മേഖലകളും ഒരു തിരിച്ചുവരവിനായി ക്ലേശിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഒപ്പം മനുഷ്യകുലത്തിനു കൈമോശം വന്ന ജീവിതക്രമങ്ങളും, സന്തോഷവും അധികം വൈകാതെ തിരികെ പിടിക്കാം എന്ന പ്രത്യാശയോടെ കാത്തിരിക്കുന്ന ഒരു ജനസമൂഹം ഒട്ടും പ്രതീക്ഷിക്കാത്ത ഒരു സാഹചര്യമാണ് യുദ്ധത്തിലൂടെ സംജാതമായിരിക്കുന്നത്. യുക്രെയിനിൽ നടക്കുന്ന യുദ്ധം അവിടുത്തെ ജനങ്ങളെ മാത്രമല്ല ബാധിക്കുക. യുദ്ധത്തിന്റെ അനന്തരഫലങ്ങൾ വരും കാലങ്ങളിൽ ലോകജനത മുഴുവൻ അനുഭവിക്കേണ്ടി വരും. അതിന്റെ അലയടികൾ ഇപ്പോൾ തന്നെ തുടങ്ങിക്കഴിഞ്ഞു. വിനാശകരമായ ബോംബുകളും, വെടിക്കോപ്പുകളും, മിസൈലുകളും, ജീവനും സ്വത്തിനും നാശങ്ങൾ വരുത്തുന്നതിനോടൊപ്പം അതിഭയാനകമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമായിത്തീരും. കാലാവസ്ഥാ വ്യതിയാനവും, ആഗോളതാപനവും, മലിനീകരണവും മൂലം ഇപ്പോൾതന്നെ വികലമായ നമ്മുടെ പരിസ്ഥിതിയും, പ്രകൃതിയും കൂടുതൽ വഷളാകുവാനും തകർന്നടിയുവാനും യുദ്ധം കാരണമായിത്തീരും. തകർന്നടിഞ്ഞ സമ്പദ്‌വ്യവസ്ഥയും ഇതരമേഖലകളും കൂടുതൽ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തും. ഭക്ഷ്യക്ഷാമവും, ഇന്ധനക്ഷാമവും, വിലക്കയറ്റവും, തൊഴിൽ ഇല്ലായ്മയും, രോഗപീഡകളും, കൂട്ടപലായനവുമെല്ലാം വൻ ദുരന്തത്തിലേയ്ക്ക് ലോകത്തെ നയിക്കും എന്ന യാഥാർത്ഥ്യം നമ്മെ ഭയചകിതരാക്കുന്നു. യുക്രെയിനിൽ നടക്കുന്ന യുദ്ധത്തിന് ഈ കൊച്ചു കേരളത്തിലെ നമുക്ക് എന്ത് ചെയ്യാനാകും എന്ന ചിന്തയാണ് നമുക്കേവർക്കുമുള്ളത്. അത് സ്വാഭാവികവുമാണ്. പക്ഷേ യുക്രെയിനിലെ ദുരന്തത്തിനിരകളായ നിരപരാധികളായ ജനസമൂഹത്തോട് പക്ഷം ചേരുവാനും അവർക്കായി പ്രാർത്ഥിക്കാനും നമുക്ക് ബാധ്യതയുണ്ട്.

സീറോമലബാർ സഭയുടെ പരിശുദ്ധ കുർബാന മധ്യേ അനുരഞ്ജന ശുശ്രൂഷയിൽ പുരോഹിതൻ ചൊല്ലുന്ന ഒരു പ്രാർത്ഥന ഇവിടെ നമുക്ക് പ്രചോദനമാകണം. അത് ഇപ്രകാരമാണ്. ''സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ'' എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ യുദ്ധങ്ങൾ ഒഴിവാക്കണമെ യുദ്ധപ്രിയരായി ഭിന്നിച്ചു നിൽക്കുന്ന ജനതകളെ ചിതറിക്കണമെ എന്നു പ്രാർത്ഥിക്കുന്നു. വളരെ അർത്ഥസമ്പുഷ്ടവും കാലാനുസൃതവുമായ ഈ പ്രാർത്ഥന നമുക്ക് ഏറ്റുചൊല്ലാം... ലോക സമാധാനത്തിനായി കൈ കോർക്കാം....

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്രവാർത്തകൾ

### ചാസ് ഖാദി എക്സ്പോ

ചങ്ങനാശേരി എസ്.ബി. കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ മാർച്ച് 7 മുതൽ 13 വരെ ചാസ് ദേശീയ ഖാദി എക്സ്പോ എക്സിബിഷൻ സംഘടിപ്പിച്ചു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ജോബ് മൈക്കിൾ MLA, സംസ്ഥാന ഖാദി കമ്മീഷൻ ഡയറക്ടർ ശ്രീ. വി. രാധാകൃഷ്ണൻ, മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി സന്ധ്യാ മനോജ്, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, എസ്.ബി കോളേജ് പ്രിൻസിപ്പൽ ഫാ. റെജി പ്ലാത്തോട്ടം, ശ്രീ. തോമസ് സഖറിയ, ശ്രീ. അഭിലാഷ് വർമ്മ, ശ്രീ. ഇ.എം. അലക്സ്, ശ്രീ. വി.ജെ. ലാലി, ഡോ. റൂബിൻ ഫിലിപ്പ്, ശ്രീമതി ബീനാ ജിജൻ, ശ്രീ. ജോൺ സക്കറിയാസ്, ശ്രീ. ജോസുകുട്ടി കുട്ടംപേരൂർ, ശ്രീ. സൈബി അക്കര, ശ്രീ. ജെയിംസ് ഡൊമിനിക്ക് എന്നിവർ പ്രസംഗിച്ചു. വിവിധ സംസ്ഥാനങ്ങളിലെ ഖാദി സ്ഥാപനങ്ങൾ, ചെറുകിട വ്യവസായങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം മേളയിൽ ഉണ്ടായിരുന്നു. എല്ലാദിവസവും വൈകുന്നേരം തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ നിന്നും കലാസന്ധ്യയും ഫ്യൂഷൻ പ്രോഗ്രാമുകളും ഉണ്ടായിരുന്നു.

### മേഖലാ PME സംഘടിപ്പിച്ചു

ചാസിന്റെ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ എപ്രകാരം ഫലപ്രദമായി നടപ്പിലാക്കാമെന്നും ഒപ്പം പ്രവർത്തനങ്ങൾ വിലയിരുത്തി ഗതിനിയന്ത്രണം നടത്തി സമയബന്ധിതമായി നടപ്പിലാക്കുവാൻ മേഖലാ തലത്തിൽ PME സംഘടിപ്പിച്ചു. ചാസിന്റെ പ്രധാന പ്രവർത്തന മേഖലകളായ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, സ്വാശ്രയസംഘം, പ്രാദേശിക സൊസൈറ്റി എന്നിവയുടെ നിയമാവലിയും മാർഗ്ഗരേഖയും കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ ഉതകുന്ന ചർച്ചകളും വിലയിരുത്തലുകളും മേഖലാ സമിതിയിൽ ചർച്ചയ്ക്ക് വിഷയീഭവിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ

ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

| തീയതി | മേഖല |
|---|---|
| മാർച്ച് 12 | എടത്വാ |
| മാർച്ച് 13 | തൃക്കൊടിത്താനം, കുറുമ്പനാടം |
| മാർച്ച് 15 | മണിമല, നെടുംകുന്നം |
| മാർച്ച് 22 | കോട്ടയം, അതിരമ്പുഴ |
| മാർച്ച് 24 | പുളിംകുന്ന്, ചങ്ങനാശേരി |
| മാർച്ച് 26 | ചമ്പക്കുളം, ആലപ്പുഴ |
| മാർച്ച് 27 | കുടമാളൂർ, തുരുത്തി |

## ജൽ– ജീവൻ മിഷൻ പദ്ധതി

**ജലദിനം-സംസ്ഥാനതല ഉദ്ഘാടനം**

ലോക ജലദിനാചരണത്തിന്റെ ഭാഗമായി കേരള സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് മാർച്ച് 21, 22 തീയതികളിൽ സംഘടിപ്പിച്ച ജലദിനാചരണ പരിപാടിയിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പങ്കെടുത്തു. 21 ന് രക്തസാക്ഷി മണ്ഡപത്തിൽ നിന്നും സെക്രട്ടറിയേറ്റിലേയ്ക്ക് നടത്തിയ ജലദിന വിളമ്പര റാലിയിൽ മണിമലയാറ്റിൽ നിന്നും ശേഖരിച്ച ജലവുമായി ചാസ് ഡയറക്ടർ പങ്കെടുത്തു.

## പ്രാഥമിക ബോധവത്ക്കരണ ശില്പശാല

ചമ്പക്കുളം: കേന്ദ്ര-സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ എല്ലാ ഭവന ങ്ങളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചമ്പ ക്കുളം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സാമൂഹിക പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും വേണ്ടി പ്രാഥമിക ബോധവത്ക്കരണ ശില്പശാല സംഘടിപ്പിച്ചു. തെക്കേക്കര സെന്റ് ജോൺസ് പാരീഷ്ഹാളിൽ വച്ചു ഫെബ്രുവരി 25 ന് നടത്തിയ ശില്പശാല യിൽ നിർവ്വഹണ സഹായ ഏജൻസിയായ ചാസിന്റെ അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റ്റി.ജി. ജലജകുമാരി ഉദ്ഘാടനം ചെയ്ത ശില്പ ശാലയിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി ഇന്ദു പി നാഥ് പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ ജോസഫ്, സെക്ര ട്ടറി കെ. സുജാത എന്നിവർ ആശംസകൾ അർപ്പിച്ചു. നിർവ്വഹണ സഹായ ഏജൻസിയുടെ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് ISA പ്ലാറ്റ് ഫോം വൈസ് ചെയർമാൻ ശ്രീ. ഡാന്റിസ് കൂനാനിക്കൽ ശിൽപ ശാലയിൽ പ്രതിപാദിച്ചു. JJM ISA കോ-ഓർഡിനേറ്റർമ്മായ ശ്രീ. ബൈജു സി. സേവ്യർ സ്വാഗതവും, ശ്രീ. ബിനു ജോസഫ് നന്ദിയും രേഖപ്പെടുത്തി. തുടർന്നുവരുന്ന മാസങ്ങളിൽ വാർഡ് തലത്തിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ശിൽപശാലയിൽ 52 അംഗങ്ങൾ പങ്കെടുത്തു.

നെടുമുടി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ചു ഫെബ്രുവരി 28 ന്

നടത്തിയ ശിൽപ ശാലയിൽ നിർവഹണ സഹായ ഏജൻസിയായ ചാസിന്റെ അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻ നായർ ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ അസി. എൻജിനീയർ, KWA ശ്രീ. അരുൺ കുര്യൻ പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. വർഗീസ് ജോസഫ് വല്ല്യാക്കൽ, അസി. സെക്രട്ടറി ശ്രീമതി ലീനാമോൾ എൻ.സി. എന്നിവർ ആശംസകൾ അർപ്പിച്ചു. സഹായ ഏജൻസിയുടെ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് ISA ടീം ലീഡർ ശ്രീ. വർക്കി പി.ജെ. ശിൽപ ശാലയിൽ പ്രതിപാദിച്ചു. JJM ISA കോ-ഓർഡിനേറ്റർന്മാരയ ശ്രീ. ബൈജു സി. സേവ്യർ സ്വാഗതവും, ശ്രീ. ബിനു ജോസഫ് നന്ദിയും രേഖപ്പെടുത്തി. തുടർന്നു വരുന്ന മാസങ്ങളിൽ വാർഡ് തലത്തിൽ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ശിൽപ ശാലയിൽ 71 അംഗങ്ങൾ പങ്കെടുത്തു.

## ലോക – ജലദിനാചരണം

**ചമ്പക്കുളം:** ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി ചാസിന്റെ നേതൃത്വത്തിൽ മാർച്ച് 22 ന് മൊങ്കൊമ്പ് ജംഗ്ഷനിൽ സംഘടിപ്പിച്ച ലോക-ജലദിനാചരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ടി.ജി. ജലജകുമാരി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ ജോസഫ് മുടന്താഞ്ഞലി അദ്ധ്യക്ഷത വഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, ചാസ് ഡയറക്ടർ ബോർഡ് അംഗം ശ്രീ. ജോസഫ് കെ. നെല്ലുവേലി, JJM കോ-ഓർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സി. സേവ്യർ എന്നിവർ പ്രസംഗിച്ചു.

**നെടുമുടി:** ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി ചാസിന്റെ നേതൃത്വത്തിൽ മാർച്ച് 23 ന് ചമ്പക്കുളം ബസ്റ്റാന്റിൽ സംഘടിപ്പിച്ച ലോക-ജലദിനാചരണം ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജെസി ജോളി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി മന്മഥൻ നായർ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ ആമുഖ പ്രഭാഷണം നടത്തി ചാസ് ഡയറക്ടർ ബോർഡ് അംഗം ശ്രീ. ജോസഫ് കെ. നെല്ലുവേലി ജലദിന സന്ദേശം നൽകി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ വർഗീസ് ജോസഫ്, JJM കോ-ഓർഡിനേറ്റർന്മാരായ ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സി. സേവ്യർ എന്നിവർ പ്രസംഗിച്ചു. അസംപ്ഷൻ കോളേജ് MSW വിദ്യാർത്ഥിനികൾ തെരുവ് നാടകം അവതരിപ്പിച്ചു.

## വനിതാദിനാചാരണം

കേരള സോഷ്യൽ സർവ്വീസ് ഫോറം മാർച്ച് 4 ന് സംഘടിപ്പിച്ച വനിതാ ദിനാചരണത്തിൽ സോഷ്യൽ മീഡിയായിലൂടെ പ്രാഗല്ഭ്യം തെളിയിച്ച് സമൂഹത്തിൽ അറിയപ്പെട്ട വനിതകളെ ആദരിച്ചു. ചാസ് വള്ളംചിറ യൂണിറ്റിൽ നിന്നും ശ്രീമതി അഞ്ചു തോമസ് (കഥ, ചെറുകഥ, കവിത) പുരസ്ക്കാരത്തിന് അർഹയായി. ദർശൻ എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീമതി അൽഫോൻസ് വർഗീസ്, ശ്രീമതി സജി ഷാജി എന്നിവർ പങ്കെടുത്തു.

## ആശാകിരണം – കാൻസർ ബോധവത്ക്കരണം

ചാസ് ഖാദി എക്സ്പോയോടനുബന്ധിച്ച് എസ്.ബി കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് മാർച്ച് 10 ന് കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ചാസ് അസി. ഡയറക്ടർ റവ. ഫാ. ജോർജ്ജ് പനക്കേഴം അദ്ധ്യക്ഷതവ

ഹിച്ചു. ഡോ. അഭിരാമി പ്രകാശ് (സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ) ഉദ്ഘാടനം നിർവ്വഹിച്ചു. *'കാൻസർ രോഗവും ചികിത്സാ രീതിയും'* എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഷാഹൂൽ അമീൻ (സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ) ക്ലാസ് നയിച്ചു. കാൻസർ രോഗത്തെ അതിജീവിച്ച ശ്രീമതി ഡെയ്സി തോമസ് ഏറത്തേടത്ത്, വള്ളംചിറ തന്റെ ജീവിതാനുഭവം പങ്കുവച്ചു. ആശാകിരണം പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ്, SLCA ഫീൽഡ് ഓഫീസർ ശ്രീ. റ്റി.എം. മാത്യു മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് എന്നിവർ പ്രസംഗിച്ചു.

## ക്രിസ്റ്റ് സെന്ററിൽ ചാസ് കാർഷിക വിപണി ഉദ്ഘാടനം

മാമ്പുഴക്കരി ക്രിസ്റ്റ് സെന്ററിൽ ചാസിന്റെ ആഭിമുഖ്യത്തിൽ, എല്ലാ വ്യാഴാഴ്ചകളിലും നടത്തപ്പെടുന്ന കാർഷിക വിപണിയുടെ ഉദ്ഘാടനം മാർച്ച് 10 ന് വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. പ്രമോദ് ചന്ദ്രൻ നിർവ്വഹിച്ചു. രാമങ്കരി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി സൂര്യ ജിജിമോൻ ആശംസാ പ്രസംഗം നടത്തി. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം അദ്ധ്യക്ഷത വഹിച്ചു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം ആമുഖ പ്രസംഗം നടത്തി. കുട്ടനാട് മേഖലയിലുള്ള കർഷക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഉല്പ്പാദിപ്പിക്കുന്ന പച്ചക്കറികളാണ് വിപണി വഴി ലഭ്യമാക്കുക. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. എൻ.ഐ. തോമസ്, ശ്രീ. ബിനു ജോസഫ്, ശ്രീ. ബൈജു സി സേവ്യർ, ശ്രീ. ഡി. ജോസഫ്, ശ്രീമതി ബിന്ദു തോമസ്, ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ വിപണിക്ക് നേതൃത്വം നൽകി വരുന്നു.

## SLCA (State Level Co-ordinating Agency)
## Three Day Orientation Course for Nurses and Ward Boys

കേരളത്തിലെ ലഹരി ചികിത്സാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന നേഴ്സുമാർക്കും, വാർഡ് ബോയിസിനുമായി മാർച്ച് 14 മുതൽ 16 വരെ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സ്റ്റേറ്റ് ലവൽ കോ-ഓർഡിനേറ്റിംഗ് ഏജൻസിയായ ചാസിന്റെ നേതൃത്വത്തിൽ നടത്തിയ പരിശീലന പരിപാടി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. പി.സി. ഷാഹൂൽ അമീൻ (സൈകാട്രിസ്റ്റ്) ശ്രീ. എൻ.എം. സെബാസ്റ്റ്യൻ, ശ്രീ. മാർട്ടിൻ ജോസഫ്, ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, ശ്രീ. മാത്യു ടി.എം. എന്നിവർ ക്ലാസ് നയിച്ചു.

## Awareness programmes in community

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചും, ലഹരിക്ക് അടിമകളാകുന്ന സ്ത്രീകളെയും കുട്ടികളെയും കുറിച്ചും ചങ്ങനാശ്ശേരി, തുരുത്തി, കുറുമ്പനാടം, കോട്ടയം, കുടമാളൂർ, നെടുംകുന്നം, മണിമല, ആലപ്പുഴ, ചമ്പക്കുളം, എടത്വാ മേഖലകളിൽ ഒരു ദിവസത്തെ ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ശ്രീ. എൻ.എം. സെബാസ്റ്റ്യൻ, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അക്സപ്റ്റ് IRCA കൗൺസിലർമാരായ ശ്രീ. ലിജു തോമസ്, ശ്രീ. ലിറ്റിമോൻ എം.എസ്, ശ്രീ. സാം അലക്സ്, ശ്രീ. ജോജി ജോർജ്ജ് എന്നിവർ ക്ലാസ് നയിച്ചു.

## One day awareness programme in college

വിദ്യാർത്ഥികളുടെ ഇടയിൽ ലഹരിവസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജ് വിദ്യാർത്ഥികൾക്കായി മാർച്ച് 11 ന് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. അക്സപ്റ്റ് IRCA കൗൺസിലർമാരായ ശ്രീമതി ആനി റേയ്ച്ചൽ ശ്രീ. ലിറ്റിമോൻ എം.എസ്, ശ്രീ. ജോജി ജോർജ്ജ് എന്നിവർ ക്ലാസ് നയിച്ചു. 104 വിദ്യാർത്ഥികൾ പങ്കെടുത്തു.

### തെരുവ് നാടകം സംഘടിപ്പിച്ചു

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് രാമങ്കരി ക്രിസ് സെന്ററിലും, ആലപ്പുഴ പഴവങ്ങാടി മാർ സ്ലീവാ നഗറിലും മാർച്ച് 5 ന് 'സ്ത്രീയും-ലഹരിയും' എന്ന വിഷയത്തെ ആസ്പദമാക്കി തെരുവ് നാടകം സംഘടിപ്പിച്ചു. ചാസ് കോ-ഓർഡിനേറ്റർ ശ്രീ. അരുൺ റ്റി. യുടെ നേതൃത്വത്തിൽ പരുമല സെന്റ് ഗ്രിഗോറിയോസ് MSW വിദ്യാർത്ഥികൾ തെരുവ് നാടകം അവതരിപ്പിച്ചു.

ചാസ് SLCA യുടെ നേതൃത്വത്തിൽ മാർച്ച് 16 ന് ചങ്ങനാശേരി അള്ളാപ്പാറ, ചമ്പക്കുളം, ആലപ്പുഴ മുല്ലയ്ക്കൽ എന്നിവിടങ്ങളിൽ *'കുടുംബവും-ലഹരിയും'* എന്ന വിഷയത്തെ ആസ്പദമാക്കി തെരുവ് നാടകം സംഘടിപ്പിച്ചു. SLCA ഫീൽഡ് ഓഫീസർ ശ്രീ. റ്റി.എം. മാത്യുവിന്റെ നേതൃത്വത്തിൽ ചങ്ങനാശേരി അസംപ്ഷൻ കോളജിലെ MSW വിദ്യാർത്ഥികൾ തെരുവ് നാടകം അവതരിപ്പിച്ചു.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി (2022 മാർച്ച്) ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

(1) SHG മരണാനന്തര സഹായം (10,000/- രൂപ വീതം 10 കുടുംബങ്ങൾക്ക് Rs 1,00,000/- നൽകി)

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 565. ലാലിച്ചൻ സ്കറിയ | ശ്രേയസ് | നർബോനപുരം | ആലപ്പുഴ |
| 566. സ്റ്റെല്ല ആന്റണി | സ്നേഹനിധി | പുറക്കാട് | ആലപ്പുഴ |
| 567. പുഷ്പമ്മ ചാക്കോ | ചെറുപുഷ്പം | ആറാട്ടുവഴി | ആലപ്പുഴ |
| 568. പി.ജെ. ജോസഫ് | അമല | തത്തംപള്ളി | ആലപ്പുഴ |
| 569. ജോർജ്ജ് | ക്രിസ്തു രാജ് | തത്തംപള്ളി | ആലപ്പുഴ |
| 570. ഷാജിമ്മ ജോസഫ് | സെന്റ് മേരീസ് | വെളിയനാട് | പുളിംകുന്ന് |
| 571. മോളിക്കുട്ടി ദേവസ്യാ | തെരേസാ | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 572. ചാക്കോ വർഗീസ് | വയോജന | ചാഞ്ഞോടി | തൃക്കൊടിത്താനം |
| 573. ദാക്ഷായണി | ദൃശ്യ | രാജഗിരി | അമ്പൂരി |
| 574. സി.റ്റി. സ്ക്കറിയ | നവോദയ | മുട്ടാർ ഓൾഡ് | എടത്വാ |

(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (2022 മാർച്ച്)

- മരണാനന്തരസഹായം (10000/- രൂപ വീതം 39 കുടുംബങ്ങൾക്ക് Rs. 3,90,000/- നൽകി)

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 655. ലാലിച്ചൻ നടുവിലേപ്പറമ്പിൽ | നർബോനപുരം | ചമ്പക്കുളം |
| 656. റ്റിജോ തോമസ് മഠത്തിക്കുന്നേൽ | ഫിൽഗിരി | കൊല്ലം |
| 657. സെറ്റല്ല ആന്റണി കണ്ടത്തിപ്പറമ്പിൽ | പുറക്കാട് | ആലപ്പുഴ |
| 658. ദേവസ്യ വി. പാലപ്പള്ളിൽ | ഫിൽഗിരി | കൊല്ലം |
| 659. സി.റ്റി. സ്കറിയ, ആറുപറ | മുട്ടാർ ഓൾഡ് | എടത്വാ |
| 660. ലിസി വർഗീസ് ആലപ്പാട്ടുവെളി | മുഹമ്മ | ആലപ്പുഴ |
| 661. ആന്റണി പുത്തൻപുരയ്ക്കൽ | മുഹമ്മ | ആലപ്പുഴ |
| 662. മേരിക്കുട്ടി ഉലക്കപ്പാടി | എടത്വാ | എടത്വാ |
| 663. ഫിലോമിനാ ജോസഫ് കാപ്പിലിപ്പറമ്പിൽ | കുളത്തൂർ | മണിമല |
| 664. റോസമ്മ വെള്ളാപ്പള്ളി | വള്ളംചിറ | മണിമല |
| 665. വി.വി. ആന്റണി വെണ്ണാലിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 666. തോമസ് ജോസഫ് കളരിക്കൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 667. മറിയമ്മ ജോസഫ് ഈഴ്യാലിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 668. എ. തോമസ് കൊച്ചുവീട് | രാമങ്കരി | പുളിംകുന്ന് |
| 669. സി.വി. തോമസുകുട്ടി ചേന്നാട്ടുശ്ശേരി | രാമങ്കരി | പുളിംകുന്ന് |
| 670. മേരുക്കുട്ടി ജോസഫ് തെക്കേമുറി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 671. ചെല്ലമ്മ തങ്കപ്പൻ ഇല്ലത്തുചിറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 672. സേവ്യർ ചാക്കോ കണിയാംപറമ്പിൽ | മുണ്ടുപാലം | തൃക്കൊടിത്താനം |
| 673. മറിയാമ്മ ദേവസ്യാ ചേരിക്കൽ | മുണ്ടുപാലം | തൃക്കൊടിത്താനം |
| 674. കെ.ജെ. ജോസഫ് കാഞ്ഞിരത്തുംമൂട്ടിൽ | കുറിച്ചി | തുരുത്തി |
| 675. റ്റി.വി. തോമസ് തെക്കേമൈലാടി | മായം | അമ്പൂരി |
| 676. ത്രേസ്യാമ്മ തോമസ് വെട്ടുകല്ലേൽ | മായം | അമ്പൂരി |
| 677. ജോസഫ് തോമസ് വാലയിൽ | വെരൂർ | ചങ്ങനാശേരി |
| 678. കെ.ജെ. കുര്യാക്കോസ് കൈലാത്ത് | പാറേൽ | ചങ്ങനാശേരി |
| 679. ജെയിംസുകുട്ടി പുതുപ്പറമ്പ് | പാറേൽ | ചങ്ങനാശേരി |
| 680. ലിസമ്മ ബേബി തുണ്ടിപ്പറമ്പിൽ | പാറേൽ | ചങ്ങനാശേരി |
| 681. കുഞ്ഞമ്മ വാവ, പുതുപ്പറമ്പിൽ | പാറേൽ | ചങ്ങനാശേരി |
| 682. അന്നമ്മ ആന്റണി താവളത്തിൽ | പാറേൽ | ചങ്ങനാശേരി |
| 683. മാത്തുക്കുട്ടി ജെ, മണ്ണനാൽ | ചേപ്പുപാറ | കോട്ടയം |
| 684. പെണ്ണമ്മ ലൂക്കോസ് മാറാമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 685. ഏലിയാമ്മ ജോസഫ് കല്ലുംപുറം | അതിരമ്പുഴ | അതിരമ്പുഴ |
| 686. ലീലാമ്മ കുഞ്ഞച്ചൻ മുട്ടുംപുറം | കിഴക്കേമിത്രക്കരി | എടത്വാ |

| | | |
|---|---|---|
| 687. ജേക്കബ് ജോർജ്ജ് കാട്ടാംപള്ളിൽ | കോയിൽമുക്ക് | എടത്വാ |
| 688. സിന്ധു ദിലീപ് | മുടിയൂർക്കര | കുടമാളൂർ |
| 689. മത്തായി ദേവസ്യാ ചെരുവുകാലായിൽ | കുടമാളൂർ | കുടമാളൂർ |
| 690. ഏലിയാമ്മ തോമസ് പൊട്ടുകുളം | മാടപ്പള്ളി | കുറുമ്പനാടം |
| 691. ജോസ് ജേക്കബ് വള്ളിയാംപൊയ്കയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 692. നാരായണൻ മല്ലിശ്ശേരി | ആറുമാനൂർ | അതിരമ്പുഴ |
| 693. തോമസ് കെ.എ. ചെറിയതുരുത്തിൽ | ആറാട്ടുവഴി | ആലപ്പുഴ |

(3) സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലൂടെ ചാസിന്റെ ഏട്ട് മേഖലകളിലായി നടപ്പിലാക്കിവരുന്ന ശൗചാലയ നിർമ്മാണ പദ്ധതിപ്രകാരം 142 കുടുംബങ്ങൾക്ക് ആദ്യഗഡുവായി 35,50,000/- രൂപ അനുവദിച്ചു. 200 കുടുംബങ്ങളെയാണ് ശൗചാലയ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്നത്.

## മേഖലാ വാർത്തകൾ

**അന്താരാഷ്ട്ര വനിതാദിനാചരണം**

ചാസ് ആലപ്പുഴ മേഖലാ അന്താരാഷ്ട്ര വനിതാദിനാചരണം മാർച്ച് 5 ശനിയാഴ്ച പഴവങ്ങാടി മാർ ശ്ലീവാ ഫൊറോന പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. കൈനകരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി പ്രസീദ മിനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ആലപ്പുഴ നഗരസഭ ചെയർപേഴ്സൺ ശ്രീമതി സൗമ്യ രാജ് ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും, ഫൊറോനാ വികാരി വെരി റവ. ഫാ. ഫിലിപ്പ് തയ്യിൽ അനുഗ്രഹ പ്രഭാഷണവും നടത്തി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സ്വപ്ന ഷാബു, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി പി.എ. ജുമലത്ത്, നഗരസഭ കൗൺസിലർ ശ്രീമതി സതിദേവി എം.ജി., കൈനകരി ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി ലിനി ആന്റണി, സി.ഡി.എസ്. ചെയർപേഴ്സൺ ശ്രീമതി സോഫിയ അഗസ്റ്റിൻ, ശ്രീമതി ഡയാന ജോയിക്കുട്ടി, ശ്രീമതി ആശാ തോമസ് എന്നിവർ പ്രസംഗിച്ചു. ശ്രീമതി രമണിക്കുട്ടിയമ്മ (കവിയത്രി ദൈവകൃപ SHG, പഴവങ്ങാടി), ശ്രീമതി ആനിമ്മ ചാക്കോ (പ്രായം കൂടിയ SHG അംഗം, ജ്യോതി SHG, തത്തംപള്ളി), സ്വയം തൊഴിൽ സംരംഭകരായ ശ്രീമതി ബീനാ റോയി (മത്സ്യകൃഷി ഉദയാ SHG, പള്ളാത്തുരുത്തി) ശ്രീമതി ജോഷി ദേവസ്യാ (തയ്യൽ യൂണിറ്റ് നവോദയ SHG, മുഹമ്മ) ശ്രീമതി ജിജി ഷിബു (റെഡിമെയ്ഡ് എക്സ്പോർട്ടിംഗ് മാർക്കറ്റിംഗ് ജ്യോതിസ് SHG, പള്ളാത്തുരുത്തി), ശ്രീമതി കുഞ്ഞുമോൾ ജോയി (കറിപ്പൗഡർ, സ്നേഹ SHG മുഹമ്മ) എന്നിവരെ ആദരിച്ചു.

എടത്വാ, ചമ്പക്കുളം, പുളിംകുന്ന് മേഖലകളുടെ ആഭിമുഖ്യത്തിൽ മാർച്ച് 5 ന് മാമ്പുഴക്കരി ക്രിസ്സ് സെന്ററിൽ നടന്ന അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഉദ്ഘാടനം എടത്വാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മറിയാമ്മ ജോർജ്ജ് നിർവ്വഹിച്ചു. പുളിംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അമ്പിളി റ്റി. ജോസ് അധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ

ആമുഖസന്ദേശം നൽകി. രാമങ്കരി ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി സൂര്യ ജിജി, ജനറൽ കൺവീനർ ശ്രീമതി ബ്രിന്റാ ചാക്കോ, ജോ. കൺവീനർ ശ്രീമതി റോസിലിൻ മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ ആശംസകൾ അർപ്പിച്ചു. കാർഷിക മേഖലയിൽ അൻപത് വർഷക്കാലമായി ജോലി ചെയ്യുന്ന കായൽപ്പുറം യൂണിറ്റിലെ മികച്ച കർഷക തൊഴിലാളികളായ ശ്രീമതി പൊന്നമ്മ മത്തായി, ശ്രീമതി അമ്മാൾ ജോസഫ്, പുളിംകുന്ന് യൂണിറ്റിൽ നിന്നും മത്സ്യം, കോഴി, ആട് എന്നിവ വളർത്തുന്ന ശ്രീമതി ലീലാമ്മ ജോസഫ്, മത്സ്യകൃഷി മാതൃകാപരമായി ചെയ്യുന്ന മണലാടി യൂണിറ്റിലെ ശ്രീമതി ഷൈനി ജോഷി, കൊടുപ്പുന്ന യൂണിറ്റിൽ നിന്നും നിരവധി വനിതകൾക്ക് മികച്ച തയ്യൽ പരിശീലനം നൽകിവരുന്ന ശ്രീമതി മേഴ്സി തോമസ് എന്നിവരെ ആദരിച്ചു. വിവിധ യൂണിറ്റുകളിൽനിന്നും വനിതകൾ കലാപരിപാടികൾ അവതരിപ്പിച്ചു.

ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം മേഖലകളുടെ നേതൃത്വത്തിൽ മാർച്ച് 8 ന് എസ്.ബി. കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. ചങ്ങനാശേരി മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി സന്ധ്യാ മനോജ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനംഗം അഡ്വ. ബിന്ദു എം. തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. പൂവം ബ്ലോക്ക് മെമ്പർ ശ്രീമതി റ്റീനാ റോബി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മണിയമ്മ രാജപ്പൻ, പായിപ്പാട് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ഡാർളി റ്റെജി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ആൻസി ജോസഫ്, മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീമതി ബിന്ദു തോമസ്, ശ്രീമതി ബോബിന തോമസ്, ശ്രീമതി സിജി ബിജുമോൻ എന്നിവർ പ്രസംഗിച്ചു. തൃക്കൊടിത്താനം മേഖലയിലെ സ്വയംതൊഴിൽ സംരംഭം (ടോയിസ് നിർമ്മാണം) നടത്തിവരുന്ന ശ്രീമതി അന്നമ്മ ആന്റണി, 40 വർഷക്കാലമായ നിലത്തെഴുത്ത് ആശാട്ടിയായി വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ശ്രീമതി എൽസമ്മ മാത്യു, മികച്ച ക്ഷീര കർഷകയായ മാന്നില യൂണിറ്റിലെ ശ്രീമതി ലിസി തങ്കച്ചൻ എന്നിവരെ ആദരിച്ചു.

കോട്ടയം മേഖലയുടെ വനിതാദിനാചരണം ചേപ്പുംപാറ മർത്ത മറിയം പാരീഷ് ഹാളിൽ വച്ച് മാർച്ച് 7 ന് നടത്തപ്പെട്ടു. അയർക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സീന ബിജു നാരായണൻ അദ്ധ്യക്ഷത വഹിച്ചു. കൂരോപ്പട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല ചെറിയാൻ ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ ആമുഖസന്ദേശം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയംകണ്ടമറ്റം, SHG കൺവീനർ ശ്രീമതി മഞ്ജു മനോജ്, CU കൺവീനർ ശ്രീമതി ട്രീസാ മാത്യു എന്നിവർ പ്രസംഗിച്ചു. ജനപ്രതിനിധികളായ ശ്രീമതി ഷീലാ മാത്യു (ദിവ്യ SHG, പങ്ങട) ശ്രീമതി സോജി തോമസ് (ജപമാല SHG, ചേപ്പുംപാറ), ശ്രീമതി മഞ്ജു മനോജ് (SHG, കൺവീനർ ചേപ്പുംപാറ) എന്നിവരെ ആദരിച്ചു. സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു.

നെടുംകുന്നം, മണിമല മേഖലകളുടെ വനിതാദിനാചരണം നെടുംകുന്നം സെന്റ് ജോൺസ് ദി ബാപ്റ്റിസ്റ്റ് പാരീഷ് ഹാളിൽ മാർച്ച് 7 ന് സംഘടിപ്പിച്ചു.

നെടുംകുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബീനാ നൗഷാദ് ഉദ്ഘാടനം നിർവ്വഹിച്ചു. മണിമല ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി അതുല്യ ദാസ് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ സന്ദേശവും നെടുംകുന്നം ഫൊറോനാ വികാരി വെരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ വനിതാദിനസന്ദേശവും നൽകി. നെടുംകുന്നം യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീമതി മിനി ജോജി, ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മേഴ്സി റെൻ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ പ്രസംഗിച്ചു. മുതിർന്ന സ്വാശ്രയസംഘാംഗങ്ങളായ ശ്രീമതി സരോജിനി രാഘവൻ (നാദം SHG വള്ളംചിറ), ശ്രീമതി ത്രേസ്യാമ്മ ചാക്കോ (ഉഷസ് SHG നെടുംകുന്നം) എന്നിവരെ ആദരിച്ചു.

അതിരമ്പുഴ മേഖലയുടെ വനിതാദിനാചരണം ഏറ്റുമാനൂർ ക്രിസ്തുരാജാ പള്ളി പാരീഷ് ഹാളിൽ വച്ച് മാർച്ച് 10 ന് സംഘടിപ്പിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി ഉദ്ഘാടനം നിർവ്വഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി ലൗലി ജോർജ്ജ് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ ജോസ് മുകളേൽ, സഹവികാരി ഫാ. ജേക്കബ് ചക്കാത്ര, ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിലർ ശ്രീമതി ലക്ഷ്മി എസ്. നായർ, അതിരമ്പുഴ പഞ്ചായത്ത് അംഗങ്ങളായ ശ്രീമതി രജിത ഹരികുമാർ, ശ്രീമതി രാജമ്മ തങ്കച്ചൻ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി, മഹിളാസമാജം ഭാരവാഹി ശ്രീമതി സൂസി തോമസ് എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞ 22 വർഷക്കാലമായി ചാസ് സ്വാശ്രയസംഘത്തിൽ പ്രവർത്തിക്കുന്ന ശ്രീമതി ചിന്നമ്മ മാത്യു പൊടിമറ്റത്തിൽ (സമൃദ്ധി SHG, നാൽപ്പാത്തിമല), ശ്രീമതി മറിയാമ്മ ജോസഫ് ഇളയിടത്ത് (സെന്റ് ജോൺസ് SHG, ഏറ്റുമാനൂർ) എന്നിവരെ ആദരിച്ചു.

കുടമാളൂർ മേഖലയുടെ വനിതാദിനാചരണം സെന്റ് മേരീസ് ഫൊറോനാ പാരീഷ് ഹാളിൽ വച്ച് മാർച്ച് 10 ന് സംഘടിപ്പിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. റോസമ്മ സോണി ഉദ്ഘാടനം നിർവ്വഹിച്ചു. ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റോസിലി ടോമിച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ വെരി. റവ. ഡോ. മാണി പുതിയിടം, ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, റവ. ഫാ. ആന്റണി തറക്കുന്നേൽ, അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സബിതാ പ്രേം ജി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി അന്നമ്മ മാണി, അയ്മനം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ത്രേസ്യാമ്മ ചാക്കോ, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ദീപാ ജോസ്, ശ്രീമതി ഷൈനമ്മ ജെയിംസ് എന്നിവർ പ്രസംഗിച്ചു. 2020-21 ലെ ക്ഷീരക്കർഷകർക്കുള്ള അവാർഡ് ലഭിച്ച ശ്രീമതി ജെസി (നവജീവൻ SHG അംഗം) തുരുത്തേലിനെ ആദരിച്ചു.

**ലഹരിവിരുദ്ധസെമിനാർ**

ചാസിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാദിനം സംഘടിപ്പിച്ച എല്ലാ മേഖലകളിലും *'സ്ത്രീ ശാക്തീകരണത്തിലൂടെ ലഹരി വിമുക്ത കുടുംബം'* എന്നവിഷയത്തെക്കുറിച്ച് അഡാർട്ട് IRCA കോ-ഓർഡിനേറ്റർ ശ്രീ. എൻ.എം. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു.

### പരിസ്ഥിതി സംരക്ഷണ കൂട്ടായ്മ

മാമ്പുഴക്കരി യൂണിറ്റിലെ ഫ്രണ്ട്സ് പുരുഷ സ്വാശ്രയസംഘത്തിന്റെ ആഭിമുഖ്യത്തിൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ ജലാശയങ്ങൾ നവീകരിക്കുക, പരിസ്ഥിതി സംരക്ഷിക്കുക എന്നീ ലക്ഷ്യത്തോടെ മാർച്ച് 13 ന് ജനകീയ കൂട്ടായ്മ സംഘടിപ്പിച്ചു. രാമങ്കരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി കുഞ്ഞുമോൾ ശിവദാസ് പരിപാടി ഉദ്ഘാടനം ചെയ്തു. രാമങ്കരി ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. സജീവ് ഉതുംതറ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ആശാ ജോസഫ്, ഫ്രണ്ട്സ് SHG ഭാരവാഹികളായ ശ്രീ. ജോസി ഡൊമിനിക്ക്, ശ്രീ. റിൻസ് ദേവസ്യാ എന്നിവർ പ്രസംഗിച്ചു. മേഖലാ കോ-ഓർഡിനേറ്റർമ്മാരായ ശ്രീ. എൻ.ഐ. തോമസ്, ശ്രീ. ബിനു ജോസഫ് എന്നിവർ പരിസ്ഥിതി സംരക്ഷണ മാർഗ്ഗരേഖ അവതരിപ്പിച്ചു.

### സുസ്ഥിര പദ്ധതികൾ സ്വാശ്രയസംഘത്തിലൂടെ

കാവാലം സെന്റ് തെരേസാസ് യൂണിറ്റിലെ സ്വാശ്രയസംഘ ഭാരവാഹികളുടെയും യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്ത യോഗം മാർച്ച് 21 ന് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് പുതുവീട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അടുത്ത പ്രവർത്തന വർഷത്തേയ്ക്കുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകി. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി ബ്രിന്റാ ചാക്കോ, സെക്രട്ടറി ശ്രീ. ജോർജ്ജുകുട്ടി നെടുംപറമ്പ്, ശ്രീ. തങ്കച്ചൻ മൂലയിൽ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് എന്നിവർ നേതൃത്വം നൽകി.

### സൺഡേ മാർക്കറ്റ് ആരംഭിച്ചു

കൊടുപ്പുന്ന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ഞായറാഴ്ച്ചകളിലും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ വിഭവങ്ങൾ വിപണനം ചെയ്യുന്ന സൺഡേ മാർക്കറ്റിന് മാർച്ച് 20-ാം തീയതി തുടക്കം കുറിച്ചു. ചാസ് അസി. ഡയറക്ടറും കൊടുപ്പുന്ന യൂണിറ്റ് ഡയറക്ടറുമായ ഫാ. ജോർജ്ജ് പനക്കേഴം ഉദ്ഘാടനവും ആദ്യവില്പ്പനയും നിർവ്വഹിച്ചു. ചാസ് സ്വാശ്രയവിപണിയുടെ ഉൽപ്പന്നങ്ങളും ഇവിടെ ലഭ്യമാണ്. പ്രവർത്തനങ്ങൾക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി വരുന്നു.

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | യൂണിറ്റ് | സംഘം | അംഗങ്ങൾ |
|---|---|---|---|
| 22.02.2022 | സെന്റ് തെരേസാസ്, കാവാലം | സ്നേഹദീപം | 19 |
| 22.02.2022 | സെന്റ് തെരേസാസ്, കാവാലം | കൊച്ചുത്രേസ്യം | 11 |

## ഡയറക്ടർമാരുടെ സമ്മേളനം

മാമ്പുഴക്കരി KRRIS അതിരൂപതാ കേന്ദ്രത്തിൽ ഫെബ്രുവരി 16 ഡയറക്ടർ മാരുടെ യോഗം ചേർന്നു. നടക്കാനിരിക്കുന്ന കർഷകമഹാസമ്മേളനം നടത്തിപ്പിനെപ്പറ്റി യോഗം വിലയിരുത്തി. ചമ്പക്കുളം ബസിലിക്ക ഹാളിൽ കർഷകരുടെ ഉന്നമനത്തിനായി ഒരു കർഷക മഹാസമ്മേളനം അവിടെ കൂട്ടുന്നതിന്റെ അടിയന്തിര പ്രാധാന്യത്തെപ്പറ്റി ഡയറക്ടർമാർ ചർച്ച ചെയ്തു തുടർനടപടികൾ സ്വീകരിക്കാൻ ആയി യോഗം ബഹു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരിയെ ചുമതലപ്പെടുത്തി. ഏപ്രിൽ അല്ലെങ്കിൽ മെയ് മാസത്തിൽ സമ്മേളനം നടത്തണമെന്നും യോഗത്തിൽ തീരുമാനമെടുത്തു. സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ സ്വീകരിക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഫാ. ഗ്രിഗറി ഓണംകുളം, ഫാ സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ജോർജ് പനക്കേഴം, ഫാ. സജി കൊച്ചുചിറ, ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ പങ്കെടുത്തു.

## ബഹു ജലസേചന വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിനു നിവേദനം നൽകി

നാളുകളായി കുട്ടനാട്ടിലെ കർഷകരും നിവാസികൾ എല്ലാവരും വെള്ളപ്പൊക്കം മൂലം അനുഭവിക്കുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അതിരൂപത കേന്ദ്രത്തിൽ കൂടിയ സമ്മേളനത്തിൽ വച്ച് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ആവശ്യം ഉന്നയിച്ചു. അടിയന്തിര പ്രാധാന്യത്തോടെ കുട്ടനാട്ടിൽ ചെളിയും മണ്ണും മാറ്റാൻ നടപടിയുണ്ടാവണം,

കുട്ടനാട്ടിൽ ഏകദേശം ജൂൺ മാസത്തോടുകൂടിയുണ്ടാവുന്ന മൺസൂൺ സീസൺ ആരംഭത്തോടെ വെള്ളപ്പൊക്കം ആരംഭിക്കുന്നതായി ഏവർക്കും അറിവുള്ളതാണെങ്കിലും യാതൊരു മുന്നൊരുക്കങ്ങളും അധികാരികൾ സ്വീകരിക്കുന്നില്ല എന്നതിൽ അദ്ദേഹം ഉത്കണ്ഠ രേഖപ്പെടുത്തി. കുട്ടനാട്ടിൽ മഴ മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം ഇനിയും വളരെ അകലെയല്ലാതെ മൂന്നു മാസങ്ങൾക്കുള്ളിൽ വർഷാവർഷം സംഭവിക്കുന്ന ഒരു കാര്യം എന്ന നിലയിൽ വീണ്ടും വെള്ളപ്പൊക്കവും അതിന്റെ ദുരിതങ്ങളും ഉണ്ടാവും എന്നിട്ടും ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും മാറ്റുന്ന കാര്യം നടപ്പിൽ ആകുന്നില്ല എന്നത് ആശങ്കയുളവാക്കുന്നുവെന്ന് കൂട്ടിച്ചേർത്തു. KRRIS ന്റെ ആഭിമുഖ്യത്തിൽ ഈ കാര്യം ചൂണ്ടിക്കാട്ടി ബഹു ജലസേചന വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിനു നിവേദനം മെത്രാപ്പോലീത്ത നൽകുകയുണ്ടായി.

കഴിഞ്ഞ ബജറ്റിൽ ആറുകളും തോടുകളും ആഴംകൂട്ടി ജലനിർഗമന മാർഗ്ഗങ്ങൾ തുറന്ന് അമിതമായി വരുന്ന വെള്ളം കടത്തിവിടാനുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിനായി നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ബജറ്റിൽ ഒരു നല്ല തുക അനുവദിച്ചിട്ടുള്ളതും മഴക്കാലത്തിന് ഇനി രണ്ടോ മൂന്നോ മാസങ്ങൾ

മാത്രം അവശേഷിച്ചിരിക്കുന്ന ഈ സമയം പോലും പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നുവരുന്നതായി കാണുന്നില്ല എന്നതും മന്ത്രിയുടെ ശ്രദ്ധയിൽ അദ്ദേഹം കൊണ്ടുവന്നു. മന്ത്രിയുടെ സത്വര ശ്രദ്ധ പതിഞ്ഞ ആയത് ആറുകളും തോടുകളും കായലുകളും ആഴംകൂട്ടി അമിതമായി വരുന്ന വെള്ളപ്പൊക്കത്തിലെ ജലമൊഴുകി മാറാൻ ഉള്ള സംവിധാനം അടിയന്തര പ്രാധാന്യത്തോടെ കൂടി ഉടൻ തന്നെ നടപ്പിൽ വരുത്തണം എന്ന അപേക്ഷ സ്വീകരിച്ചു കൊണ്ട് മറുപടിയായി കേരളത്തിൽ നദികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെളിയും എക്കലും മാറ്റാൻ ഗവണ്മെന്റ് നടപടികൾ ഉടനെ സ്വീകരിക്കുമെന്ന് ബഹു. ജലസേചന വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉറപ്പ് നൽകി. ബഹു. എം.എൽ.എ. ജോബ് മൈക്കിൾ, അതിരൂപത വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപുരയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ജോർജ് പനക്കേഴം, ഫാ. സജി കൊച്ചുചിറ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡോമിനിക് വഴീപറമ്പിൽ, ടോം ജോസഫ് അറയ്ക്കപറമ്പിൽ എന്നിവർ കുട്ടനാട്ടിലെ വിവിധ പ്രശ്നങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി സംസാരിച്ചു.

ക്രിസ് പ്രോജക്ട് കോർഡിനേറ്റർ:
**ജോണി തോമസ് ചേപ്പില**

പി.ആർ.ഓ:
**ടോം ജോസഫ് അറക്കപ്പറമ്പിൽ**

ഡയറക്ടർമാർ
**ഫാ. ഗ്രിഗറി ഓണംകുളം**
**ഫാ. ജോസഫ് കൊച്ചുചിറ**
**ഫാ. ജോർജ് പനക്കേഴം**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി**

## കളർ എ ഹോം ഭവന നിർമ്മാണ പദ്ധതി

കളർ എ ഹോം ഭവന നിർമ്മാണ പദ്ധതിയിൽ 2021 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2022 മാർച്ച് 23 വരെ അതിരൂപതാ കേന്ദ്രത്തിൽ ലഭിച്ച തുകയും (40%) തുടർച്ച

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപത യിൽ ലഭിച്ച തുക |
|---|---|---|---|
| 95. | വായ്പൂർ ന്യൂ | 88470 | 35389 |
| 96. | മാവേലിക്കര | 41950 | 16780 |
| 97. | കൂത്രപ്പള്ളി | 322146 | 128859 |
| 98. | കോട്ടാങ്ങൽ | 29850 | 11940 |
| 99. | ചെറുവാണ്ടൂർ | 356392 | 142556 |
| 100. | പള്ളിക്കുന്ന് | 54600 | 21840 |
| 101. | കണ്ണമ്മൂല | 90000 | 36000 |
| 102. | കരുമാടി | 52240 | 20896 |
| 103. | അയർകുന്നം | 251970 | 100788 |
| 104. | പൊങ്ങുംമൂട് | 107150 | 42860 |
| 105. | മാന്നാനം - ന്യൂ | 139530 | 55452 |
| 106. | പൊങ്ങ | 53915 | 21566 |
| 107. | കുമാരനല്ലൂർ | 87000 | 34800 |
| 108. | പാലോട് | 7300 | 2920 |
| 109. | മുട്ടാർ - ഓൾഡ് | 105700 | 42280 |
| 110. | പുന്നത്തുറ | 171042 | 68417 |
| 111. | മാന്നില | 77030 | 30810 |
| 112. | ചേന്നങ്കരി L M | 35075 | 14030 |
| 113. | ചെങ്ങളം | 24650 | 9860 |
| 114. | മീങ്കുളം | 43901 | 17560 |
| 115. | തോട്ടുവാത്തല | 23000 | 9200 |
| 116. | പുന്നപ്ര | 83925 | 33569 |
| 117. | ളായിക്കാട് | 101920 | 40800 |
| 118. | ആര്യാട് | 53500 | 21400 |
| 119. | പറാൽ | 36000 | 14400 |
| 120. | മുട്ടാർ - ന്യൂ | 22520 | 9010 |
| 121. | കണ്ണാടി - St. Rita's | 44290 | 17717 |
| 122. | കടുവാകുളം | 103451 | 41380 |
| 123. | മുണ്ടത്താനം | 54810 | 21920 |

| | | | |
|---|---|---|---|
| 124. | പുതുക്കരി | 92135 | 36854 |
| 125. | കൂരോപ്പട | 159490 | 63796 |
| 126. | രാജഗിരി | 7950 | 3200 |
| 127. | പാറമ്പുഴ | 271700 | 108690 |
| 128. | നിരണം | 18250 | 7300 |
| 129. | പുത്തനങ്ങാടി | 182450 | 72980 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022- മാർച്ച് മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | ചമ്പക്കുളം - സെന്റ് മേരീസ് ബസലിക്ക | 67000 |
| 2. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 10000 |
| 3. | പുളിങ്കുന്ന് - സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 6000 |

## FORM IV

**StateMent abOut OwneRShIp and OtheR paRtIculaRS abOut VedapRachaRa MadhY aStan**

| | | | |
|---|---|---|---|
| 1. | Place of Publication | : | Changanasserry |
| 2. | Periodically of its publication | : | Monthly |
| 3. | Printer and Publisher | : | Fr. Mathew Padinjarekuttu |
| | Address | : | St. Joseph Orphanage Press & Bookstall Changanasserry - 686 101 |
| 4. | Nationality | : | Indian |
| 5. | Editor's Name | : | Fr. Issac Alencherry |
| | Nationality | : | Indian |
| | Address | : | Archbishop's House, P. B. No. 20 Aramanapady, Changanasserry, Kottayam - 686101 |

6. Name and address of individuals who owned the newspaper an Partners of Shareholders holding more than one per cent of the total capital.

The Magazine being of official organ of the Archdiocese of Changanasserry, I, Fr. Mathew Padinjarekuttu hereby declare that the particulars given above are true to the best of my knowledge and belief.

ദീപിക ഫ്രണ്ട്സ് ക്ലബ്
Deepika Friends' Club

ഈശോയിൽ പ്രിയ അച്ചന്മാരേ, സിസ്റ്റേഴ്സ്, DFC ഭാരവാഹികളേ, സഹോദരങ്ങളേ,

കോവിഡ് – ഒമിക്രോൺ മഹാമാരി ഒരുപരിധിവരെ നിയന്ത്രണവിധേയമായിരിക്കുന്നുവെന്നതിൽ നമുക്ക് ആശ്വസിക്കാം. ദൈവത്തിന് നന്ദി പറയാം. അതോടൊപ്പം, മരണത്തെ കീഴടക്കി ഉത്ഥാനം ചെയ്ത ഈശോയോട് ഇപ്പോൾ ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന, യുദ്ധവും കലഹങ്ങളും ഭിന്നതകളും എടുത്തുമാറ്റി ലോകത്തിൽ സമാധാനമുണ്ടാക്കണെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

## 1. അതിരൂപതാസമിതിയുടെ ഫൊറോനാ സന്ദർശനങ്ങൾ

ഏപ്രിൽ–മെയ് മാസങ്ങളിൽ അതിരൂപതാസമിതിയുടെ ഫെറോനാസന്ദർശനങ്ങൾ ക്രമീകരിച്ചിരിക്കുന്നു. ഫൊറോനാ ഡയറക്ടർമാരുടെ അധ്യക്ഷതയിൽ കൂടുന്ന പ്രസ്തുതമീറ്റിംഗിൽ ഫൊറോനാ ഭാരവാഹികൾ, എല്ലാ ഇടവകകളിൽ നിന്നുള്ള പുരുഷ–വനിതാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രൊമോട്ടേഴ്സ് എന്നിവർ പങ്കെടുക്കേണ്ടതാണ്.

## 2. ഫൊറോനസമിതികളുടെ നേതൃത്വത്തിൽ ഇടവക/യൂണിറ്റ് സന്ദർശനങ്ങൾ

ഫൊറോന ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഫൊറോനാഭാരവാഹികൾ ബഹു. ഇടവക വികാരിയച്ചന്മാരെയും യൂണിറ്റ് ഭാരവാഹികളെയും മുൻകൂട്ടി അറിയിച്ച് ഏപ്രിൽ – മെയ് മാസങ്ങളിലായി സന്ദർശനങ്ങൾ നടത്തി ഇടവകതലങ്ങളിൽ ഡി. എഫ്.സി. പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകേണ്ടതാണ്. ദീപികപത്രത്തിന്റെ പ്രചാരണവിലയിരുത്തലുകളും DFC, RAC പ്രവർത്തനങ്ങളുടെ ശക്തിപ്പെടുത്തലും ഫൊറോനതല, ഇടവകതല ഭാരവാഹികളുടെ ലിസ്റ്റ് പൂർത്തീകരിക്കലും ഡി.എഫ്.സി. ഇല്ലാത്ത ഇടവകകളിൽ അവയുടെ രൂപീകരണവും എല്ലാ ഇടവകകളിലും ദീപിക പ്രൊമോട്ടേഴ്സിനെ തെരഞ്ഞെടുക്കലുമാണ് ഫൊറോനാ സമിതിയുടെ ഈ യൂണിറ്റ് സന്ദർശനംകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

## 3. ദീപിക പ്രചാരണപരിപാടിക്കായി സ്ക്വാഡ് രൂപീകരണം

ദീപിക പ്രചാരണത്തിനായി അതിരൂപതാതല സ്ക്വാഡിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവർ ആ വിവരം അതിരൂപത ഡയറക്ടറെയോ, അതിരൂപത പ്രസിഡണ്ടിനെയോ ഉടൻ അറിയിക്കേണ്ടതാണ്

## 4. വരിസംഖ്യ പുതുക്കൽ

ഏപ്രിൽ–മെയ്, ദീപിക വരിസംഖ്യ പുതുക്കലിന് (renewal) ഉള്ള മാസങ്ങളാണല്ലോ? ഒരു വരിക്കാരൻപോലും നഷ്ടപ്പെടാതെ എല്ലാ പേപ്പറും പുതുക്കുവാൻ വേണ്ട നടപടികൾ DFC/RAC ഭാരവാഹികൾ സ്വീകരിക്കുമല്ലോ.

## 5. പ്രൊമോട്ടേഴ്സ് ഐഡികാർഡ് വിതരണം

ദീപിക പ്രൊമോട്ടേഴ്സിന് ദീപിക കേന്ദ്ര ഓഫീസിൽ നിന്നും നൽകുന്ന

ഐഡി കാർഡ് ലഭിക്കാനുള്ളവർ, ദീപികയ്ക്കുവേണ്ടിയുള്ള പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും അതിനുള്ള ഫോറം ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപത ഡയറക്ടർക്ക് എത്രയുംവേഗം നല്കേണ്ടതുമാണ്.

## 6. നന്ദി

ഡി.എഫ്.സിയുടെ ഫൊറോന ഡയറക്ടറച്ചന്മാരായി സുത്യർഹമായ സേവനം കാഴ്ചവെച്ച റവ. ഫാ. ജോസഫുകുട്ടി പാറത്താനം (ചങ്ങനാശേരി), റവ. ഫാ. ജെറിൻ അഞ്ചിൽ (തൃക്കൊടിത്താനം), റവ. ഫാ. ലിമേഷ് കൊശാക്കൽ (ചമ്പക്കുളം), റവ. ഫാ. അജോ പീടിയേക്കൽ (കോട്ടയം), റവ. ഫാ. ബെന്നി വെട്ടിത്താനം (കുടമാളൂർ) എന്നിവർക്ക് ദീപിക-ഡി.എഫ്.സി കുടുംബത്തിന്റെ പ്രത്യേക നന്ദി.

## 7. സ്വാഗതം

ഫൊറോന ഡയറക്ടറച്ചന്മാരായി ചുമതലയേറ്റിരിക്കുന്ന റവ. ഫാ. ജെയിംസ് കലയംകണ്ടം (കോട്ടയം) റവ. ഫാ. ബിജോ അരഞ്ഞാണിയിൽ (കുടമാളൂർ), റവ. ഫാ. റ്റോബി പുളിക്കാശ്ശേരി (ചങ്ങനാശേരി), റവ. ഫാ. ജോബി പുളിച്ചമാക്കൽ MSFS (തൃക്കൊടിത്താനം) റവ. ഫാ. ജോർജ്ജ് (റ്റിന്റു) തൈച്ചേരിൽ (ചമ്പക്കുളം) എന്നിവരെ ദീപിക-ഡി.എഫ്.സി കുടുംബത്തിന്റെ നേതൃനിരയിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## 8. ഡി.എഫ്.സി ഫൊറോന ഡയറക്ടറച്ചന്മാർ

| നം | ഫൊറോന | പേര് | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | ചങ്ങനാശേരി | റവ.ഫാ.ടോബി പുളിക്കാശ്ശേരി | 9446700163 |
| 2 | തുരുത്തി | റവ.ഫാ. ജിജോ കപ്പാമൂട്ടിൽ | 9447778093 |
| 3 | തൃക്കൊടിത്താനം | റവ.ഫാ.ജോബി പുളിച്ചമാക്കൽ MSFS | 9567068670 |
| 4 | കുറുമ്പനാടം | റവ.ഫാ. ജോസഫ് ചൂളപ്പറമ്പിൽ | 9446855459 |
| 5 | മണിമല | റവ.ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം | 9446203473 |
| 6 | നെടുംകുന്നം | ഫാ. തോമസ് പ്ലാപറമ്പിൽ | 9495107045 |
| 7 | ആലപ്പുഴ | ഫാ. തോമസ് താന്നിയത്ത് | 9447786510 |
| 8 | എടത്വാ | റവ.ഫാ.തോമസ് കാരക്കാട്ട് | 9447489738 |
| 9 | പുളിംകുന്ന് | റവ.ഫാ.ടോണി മണിയൻച്ചിറ | 9447265849 |
| 10 | ചമ്പക്കുളം | റവ.ഫാ.ജോർജ്ജ് (റ്റിന്റു) തൈച്ചേരിൽ | 9497391959 |
| 11 | തിരുവനന്തപുരം | റവ.ഫാ. സോണി പള്ളിച്ചിറ | 8547978174 |
| 12 | കൊല്ലം - ആയൂർ | റവ.ഫാ. മാത്യു നടയ്ക്കൽ | 8943294544 |
| 13 | അമ്പൂരി | വെരി.റവ.ഫാ.ജേക്കബ് ചീരംവേലിൽ | 9447401161 |
| 14 | കോട്ടയം | റവ.ഫാ.ജെയിംസ് കലയംകണ്ടം | 9447890622 |
| 15 | കുടമാളൂർ | റവ.ഫാ.ബിജോ അരഞ്ഞാണിയിൽ | 9746587770 |
| 16 | അതിരമ്പുഴ | റവ.ഫാ.ജോമോൻ നെല്ലുവേലിൽ | 9447455622 |

## ഉപസംഹാരം

ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമായ വലിയആഴ്ചയിലേക്കും ഉയർപ്പ് തിരുനാളിലേയ്ക്കും നമ്മൾ പ്രവേശിക്കുകയാണല്ലോ. വിശുദ്ധവാരദിനങ്ങളിൽ

നമ്മുടെ സഭയുടെ നവീകരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനും ലോകസമാധാനത്തിനുമായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം;

നമ്മുടെ കൊച്ചുത്യാഗങ്ങളേ സമർപ്പിക്കാം.

എല്ലാവർക്കും തിരുനാളുകളുടെ തിരുനാളായ ഉയർപ്പ് തിരുന്നാളിന്റെ പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു.


**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
(പ്രസിഡന്റുമാർ)

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
(ജന:സെക്രട്ടറിമാർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(അതിരൂപത ഡയറക്ടർ)
*ഫോൺ: 9447432531*


---


ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് – 9400390539**
**കോര സി. – 9495445827, വർക്കി ഇ.വി. – 9349599028**


---


*» യുവദീപ്തി - SMYM തുടർച്ച...*


### 4. കെ. റെയിൽ – പ്രതിഷേധം

ജനങ്ങളുടെ മനസ്സിൽ ആശങ്കനിറച്ചുകൊണ്ട് കെ റെയിൽ കല്ലിടീൽ പ്രക്രിയകളുമായി സർക്കാർ മുൻപോട്ട് പോകുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക ഭരണകൂടത്തിന്റെ മുൻപിൽ എത്തിക്കുവാനും വയോജനങ്ങളും സ്ത്രീകളും ഉൾപ്പടെയുള്ള പൗരന്മാരെ മർദ്ദിച്ച പോലീസ് നടപടിയിൽ പ്രതിഷേധം അറിയിക്കുവാനും സംസ്ഥാന സർക്കാരിന് നിവേദനം നൽകുവാനായി അതിരൂപതാ–ഫൊറോനാ സമിതികളുടെ നേതൃത്വത്തിൽ യൂണിറ്റുകൾ പൊതുജനങ്ങളുടെ ഒപ്പ് ശേഖരിച്ചു.

### 5. ജലദിനാചരണം

കോട്ടയം ഫൊറോനയുടെ ആതിഥേയത്വത്തിൽ കോട്ടയം ഗാന്ധി ചത്വരത്തിൽ 26 മാർച്ച് 2022 ശനിയാഴ്ച രാവിലെ 11.30 ന് നടത്തപ്പെട്ട അതിരൂപതാതല ലോക ജലദിനാചരണം കോട്ടയം എം.എൽ.എ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ ജലദിനത്തിന്റെ മുഖ്യ പ്രമേയമായ ഭൂഗർഭ ജലസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരിക്കുവാനായി ലഘുലേഖാ വിതരണവും പൊതുജനങ്ങൾക്ക് ദാഹജല വിതരണവും ഫ്ളാഷ് മോബും ദിനാചരണത്തിന്റെ ഭാഗമായി ക്രമീകരിച്ചു.

ഫൊറോന തലത്തിൽ പൊതു സ്ഥലങ്ങളിൽ ദാഹജല വിതരണം നടത്തുകയും യുണിറ്റ് തലത്തിൽ ജലക്ഷാമം നേരിടുന്ന മേഖലകളിൽ ശാശ്വത പരിഹാരം കണ്ടെത്തി ജലദൗർലഭ്യം പരിഹരിക്കുന്നതിനായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് പൊതുജന പങ്കാളിത്തത്തോടെ നിവേദനം സമർപ്പിക്കുകയും ചെയ്തു.

## സെന്റ് തോമസ് ഹോസ്പിറ്റൽ

### മാർ ജോസഫ് പവ്വത്തിൽ മെത്രാഭിഷേക സുവർണ്ണജൂബിലി സ്മാരക സാന്ത്വനം ഹോം കെയർ പദ്ധതി ആരംഭിച്ചു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ മാർ ജോസഫ് പവ്വത്തിൽ മെത്രാഭിഷേക സുവർണ്ണജൂബിലി സ്മാരക സാന്ത്വനം ഹോം കെയർ പദ്ധതി ആരംഭിച്ചു. ആശുപത്രി മൈതാനത്ത് ചങ്ങനാശേരി അതിരൂപത വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ പ്രസ്തുത പദ്ധതി ഫ്ളാഗ് ഓഫ് ചെയ്തു. Catheter insertion and changing Ryles tube insertion and changing I.V. Fluid and Injection Dressing and bedsore care എന്നിവ മുൻകൂട്ടി അറിയിക്കുന്ന ക്രമം അനുസരിച്ച് ഡോക്ടറും നഴ്സുമാരും അടങ്ങുന്ന മെഡിക്കൽ സംഘം വീടുകളിലെത്തി രോഗികളെ പരിചരിക്കുന്ന പദ്ധതിയാണിത്. വീടിനുള്ളിൽ രോഗിക്ക് ലഭ്യമാവേണ്ട എല്ലാ മെഡിക്കൽ സേവനങ്ങളും ഈ സംഘം നൽകും. തിങ്കൾ മുതൽ ശനി വരെ രാവിലെ 9 മണിമുതൽ 3 മണിവരെ എല്ലാ ആഴ്ചയും സേവനം ലഭ്യമാണ്. ഹോം കെയർ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ 9526998666, 9207846999 എന്ന നമ്പരിൽ ബന്ധപ്പെടണം.

### ലോക കിഡ്നി ദിനാചരണവും വൃക്കരോഗികളുടെ സ്നേഹസംഗമവും സംഘടിപ്പിച്ചു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ലോക കിഡ്നി ദിനാചരണവും വൃക്കരോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സ്നേഹസംഗമവും ആശുപത്രി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. ജോബ് മൈക്കൾ എം.എൽ.എ. പരിപാടികൾ ഉദ്ഘാടനം ചെയ്തു. നിർദ്ധനരായ രോഗികൾക്ക് ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിന്റെ സഹകരണത്തോടെ ഓരോ വർഷവും ആയിരത്തിയിരുന്നൂറിലധികം സൗജന്യ ഡയാലിസിസുകൾ ആശുപത്രി ചെയ്ത് നല്കുന്നുണ്ട്. ഡിപ്പാർട്ടുമെന്റ് ഓഫ് നെഫ്രോളജിയിൽ ഡോ. ഹരീഷ് കെ. ജി. MBBS, MD, DM, ഡോ. ലെനികുമാർ ജോസഫ് MBBS, MD, FIPNA, ഡോ. ശബരീനാഥ് സി. MBBS, DCH, DNB (Paed), DM (Nephro), DNB (Nephro) എന്നി ഡോക്ടേഴ്സിന്റെ സേവനം ലഭ്യമാണ്. സ്നേഹസംഗമത്തിൽ പങ്കെടുക്കുന്ന ഡയാലിസിസ് സെന്ററിലെ സ്ഥിരം രോഗികൾക്ക് പാലാത്ര കൺസ്ട്രക്ഷൻ ലിമിറ്റഡ് അരലക്ഷത്തിലധികം രൂപയുടെ ഡയാലിസിസ് കിറ്റുകൾ സമ്മേളനത്തിന് ശേഷം വിതരണം ചെയ്തു. ദിനാചരണ ഭാഗമായി വൃക്ക രോഗികളുടെ കലാപരിപാടികളും അവർക്കായി സ്നേഹവിരുന്നും സംഘടിപ്പിച്ചു

### വിപുലമായ സായ്ഹന ഓ.പി. സൗകര്യം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പുനരാരംഭിച്ചു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ വിപുലമായ സായ്ഹന ഓ.പി. സൗകര്യം പുനരാംരംഭിച്ചു. സ്പെഷ്യാലിറ്റി, മൾട്ടി സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളും സായ്ഹന ഓ.പി. സൗകര്യം ലഭ്യമാണ്. രോഗികൾ ഓ.പി.യിൽ സന്ദർശനത്തിനെത്തുമ്പോൾ എന്തെങ്കിലും അസൗകര്യം നേരിട്ടാൽ പ്രശ്ന പരിഹാരത്തിനായി പബ്ളിക് റിലേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ക്വക്ക് സപ്പോർട്ട് ടീമിന്റെ സേവനവും ലഭ്യമാണെന്ന്

ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അറിയിച്ചു. ഓ.പി. ബുക്കിംഗ് നമ്പർ 0481 2729300.

### അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചുള്ള മിനി മാരത്തോൺ

ലോക വനിതാ ദിനാചരണത്തിന്റെ ഭാഗമായി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി വനിതകൾക്കായി സംഘടിപ്പിച്ച മിനി മാരത്തോൺ രാവിലെ ഏഴിന് തെന്നിന്ത്യൻ ചലച്ചിത്ര താരം അമല റോസ് കുര്യൻ റെയിൽവേ ബൈപ്പാസ് ജംഗ്ഷനിൽ ഫ്ളാഗ് ഓഫ് ചെയ്തു. സ്ത്രീ ശാക്തീകരണം, ലിംഗ സമത്വം, ഐക്യബോധം, ആരോഗ്യ സംരക്ഷണം എന്നീ സന്ദേശങ്ങളുടെ പ്രചരണ ത്തിനായി സംഘടിപ്പിച്ച മിനി മാരത്തോണിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ വനിതാ ഡോക്ടറുന്മാരും, നഴ്സുമാരും സെന്റ് തോമസ് നഴ്സിങ് കോളേജ്, സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് എന്നീ സ്ഥാപനങ്ങളിലെ അധ്യാപികമാരും അനധ്യാപികമാരും വിദ്യാർത്ഥി നികളും പങ്കെടുത്തു. ആശുപത്രി മൈതാനത്ത് മാരത്തോൺ വിജയികൾക്ക് ചങ്ങനാശേരി അതിരൂപത വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുര യ്ക്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

### ഹോം കെയർ പദ്ധതി മണിമലയിലും തുടങ്ങി

മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിലും വീടുകളിലെത്തി രോഗി കളെ പരിചരിക്കുന്ന ഹോം കെയർ പദ്ധതി തുടങ്ങി. മണിമല പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ബോബി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. രാവിലെ 10 മുതൽ വൈകുന്നേരം 6 വരെ ഹോം കേയർ സേവനം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 8606910659 എന്ന നമ്പരിൽ ബന്ധപ്പെടണം.

**ഫാ. ജയിംസ് പി. കുന്നത്ത്**
**ഫാ. ജോഷി മുപ്പതിൽചിറ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് മംഗലത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

### വനിതകൾക്കൊപ്പം സഹൃദയ

വനിതാ ദിനത്തോടനുബന്ധിച്ച് സഹൃദയ ആശുപത്രി ആഘോഷങ്ങൾ സംഘടിപ്പിച്ചു. പ്രസ്തുത ദിനത്തിൽ വനിതകൾക്ക് ബി.പി., പ്രമേഹ പരി ശോധനകളും, ബേസിക് വിഭാഗങ്ങളിലെ ഡോക്ടർമാരുടെ കൺസൾട്ടേഷനും സൗജന്യമായിരുന്നു

### വൃക്ക ദിനത്തിൽ സൗജന്യ ഡയാലിസിസ് നടത്തി

ലോക വൃക്ക ദിനത്തിൽ ഡയലിസിസ് ചെയ്യുന്ന രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസമായി സഹൃദയ ആശുപത്രി. ഈ ദിനത്തിൽ എല്ലാവർക്കും ഡയാലിസിസ് സൗജന്യമായിരുന്നു.

### സഹൃദയ കുടുംബത്തിന്റെ കൈത്താങ്ങ്

സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി, സഹൃദയ കുടുംബത്തിന്റെ നിർധനയായ സ്റ്റാഫിന് നാല് സെന്റ് സ്ഥലം സഹൃദയ കുടുംബാംഗങ്ങളും മാനേജ്മെന്റും ചേർന്ന് നൽകി രേഖക ളുടെ ഔദ്യോഗിക കൈമാറ്റം അഭിവന്ദ്യ പിതാവ് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം മാർച്ച് 19ന് നിർവഹിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ. യുക്രൈൻ യുദ്ധഭൂമിയിൽ കുടുങ്ങിക്കിടന്ന വിദ്യാർത്ഥികളുടെ വിമോചനത്തിനായി പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ രൂപീകരിച്ച 'യുക്രൈൻ മിഷൻ' വളരെ നല്ല രീതിയിൽ ശക്തമായ പ്രവർത്തനം കാഴ്ചവച്ചു. ഇന്ത്യയിലെ എല്ലാ വിദ്യാർത്ഥികളെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭം കുറിച്ച യുക്രൈൻ മിഷനോടു പാലാരൂപതാ പ്രവാസി അപ്പോസ്തലേറ്റും സീ ന്യൂസ് ലൈവും ചേർന്ന് പ്രവർത്തിച്ചു. തത്ഫലമായി ഇന്ത്യൻ എംബസിയുടെ സഹായത്തോടെ ഓപ്പറേഷൻ 'ഗംഗ'യുടെ ഭാഗമായി ഇന്ത്യയിലെത്തുന്ന കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ മികച്ച രീതിയിൽ നൽകുകയുണ്ടായി. നോർക്കാ റൂട്ട്സിന്റെ ജർമ്മൻ നഴ്സസ് റിക്രൂട്ട്മെന്റിനെപ്പറ്റിയുള്ള അവസരങ്ങൾ പ്രവാസി അപ്പോസ്തലേറ്റ് വാട്സാപ്പിലൂടെയും വ്ളോഗിലൂടെയും പങ്കുവച്ചു. അതിൻപ്രകാരം ധാരാളം ഉദ്യോഗാർത്ഥികൾ പ്രവാസി അപ്പോസ്തലേറ്റിന്റെ സേവനം സ്വീകരിച്ചു. സിവിൽ സർവ്വീസ് ലിറ്റിൽ സ്റ്റാർ ഓപ്പറേഷൻ എന്ന വിദ്യാഭ്യാസ പരിശീലനപദ്ധതിയുടെ ഈ വർഷത്തെ പരിശീലനത്തിനായി ബിരുദധാരികളായ യുവജനങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചു. പ്രവാസി അപ്പോസ്തലേറ്റ് സ്റ്റഡി സർക്കിളിന്റെ നേതൃത്വത്തിൽ സിനഡ് 2021-2023 ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി എന്ന വിഷയത്തെ ആധാരമാക്കി മാർച്ച് 18-ാം തീയതി രാത്രി 8 മണിക്ക് വികാരി ജനറാൾ പെരി. ബഹു. തോമസ് പാടിയത്ത് നയിച്ച വെബിനാറിൽ പ്രവാസിഅപ്പോസ്തലേറ്റിന്റെ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളും സ്റ്റഡിസർക്കിൾ അംഗങ്ങളും നഴ്സസ് വിംഗ് അംഗങ്ങളും പ്രവാസ മേഖലയിലുള്ള ധാരാളം വ്യക്തികളും പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനും അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിനും വികാരി ജനറാൾ പെരി. ബഹു. ജോസഫ് വാണിയപുരയ്ക്കലച്ചനും ജോസഫ് നാമധാരികളായ എല്ലാ വൈദികർക്കും പ്രവാസികളായ എല്ലാ ജോസഫ് നാമധാരികൾക്കും നാമഹേതുകതിരുനാളിന്റെ ആശംസകളും പ്രാർത്ഥനകളും അറിയിച്ചു.

### വീഡിയോ കോൺഫറൻസ്

ഇന്ത്യൻ ചാപ്റ്റർ - ദേശീയ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ഗ്ലോബൽ എക്സിക്യൂട്ടീവ് മീറ്റിംഗ്

സ്റ്റഡി സർക്കിൾ - പരി. കുർബാനയുടെ പഠനക്ലാസ്

ബഹ്റൈൻ, ന്യൂസിലാൻഡ്, ഖത്തർ, ഒമാൻ, അയർലൻഡ്, യുഎഇ, കുവൈറ്റ്, സൗദി അറേബ്യ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ കോർഡിനേറ്റേഴ്സ് / എക്സിക്യൂട്ടീവ് മീറ്റിംഗും ഫാമിലി മീറ്റിംഗും നടത്തി.

യുക്രൈനിൽനിന്നും തിരിച്ചെത്തിയവരുമായി കോൺഫറൻസ് നടത്തി.

### ആവേ മരിയ

കാനഡ, ആസ്ട്രേലിയ, ഇംഗ്ലണ്ട്, ന്യൂസിലൻഡ്, അയർലൻഡ്, ജർമ്മനി, സിംഗപ്പൂർ, അമേരിക്ക എന്നിവിടങ്ങളിൽ ഉപരിപഠനത്തിന് പോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി 12-ാം തീയതി 3 മണിക്ക് വെബിനാർ നടത്തി.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**

# കേരള ലേബർ മൂവ്മെന്റ്
## K.L.M

ഈശോയിൽ പ്രിയപ്പെട്ടവരെ,

വലിയ നോമ്പിന്റെ വലിയ ആഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ഏറ്റവും ഒരുക്കത്തോടുകൂടെ ഈ ദിനങ്ങളിലേക്ക് നമുക്ക് പ്രവേശിക്കാം ഏപ്രിൽ 3-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് കത്തിഡ്രൽ പാരീഷ് ഹാളിൽ നടത്തപ്പെടുന്ന കെ.എൽ എം അതിരൂപത നേതൃസംഗമത്തിൽ എല്ലാവരും പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. നേതൃസംഗമത്തിലുടെ നമ്മുടെ തൊഴിൽ രംഗത്തെ നേതൃനിരയെ ഉണർവുള്ളവരാക്കണം. ഈ വർഷം മെയ് 1-ാം തീയതി മെയ്ദിനറാലി രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷം നടത്തുവാൻ ആഗ്രഹിക്കുകയാണ്. വേണ്ടവിധം ഒരുക്കത്തോടെ ഈ ദിനം മനോഹരമാക്കുവാൻ നമുക്ക് കൈകോർക്കാം. എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### വനിതാദിനാചരണം

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കെ.എൽ.എം -ന്റെ ആഭിമുഖ്യത്തിൽ വിവിധ യൂണിറ്റുകളിൽ വനിതാദിനാചരണം വളരെ മനോഹരമായി സംഘടിപ്പിച്ചു.

### യൂണിറ്റ് സന്ദർശനം

പാറേൽ, ചെത്തിപ്പുഴ, കുമരംകരി, കുന്നങ്കരി, കുറിച്ചി, കൊടിനാട്ടുംകുന്ന്, ചങ്ങനാശേരി കത്തീഡ്രൽ, നാലുകോടി, എന്നീ യൂണിറ്റുകളിൽ നടത്തപ്പെട്ടു.

### കുടുംബ സംഗമം

ചാഞ്ഞോടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബസംഗമം നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം യോഗത്തിൽ സംസാരിച്ചു, ഫാ. ജോസഫുകുട്ടി പാറത്താനം ക്ലാസ്സ് നയിച്ചു.

### നേതൃസംഗമം

ഏപ്രിൽ 3-ാം തിയതി ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നേതൃസംഗമം നടത്തപ്പെടുന്നു. അതിരൂപതാസമിതി അംഗങ്ങൾ, യൂണിറ്റ് കോർഡിനേറ്റേഴ്സ്, സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

### പതാകദിനം

മെയ്ദിനത്തിനൊരുക്കമായി ഏപ്രിൽ 24-ാം തീയതി ഞായറാഴ്ച യൂണിറ്റുകളിൽ കെ.എൽ.എം പതാക ഉയർത്തി ഈ ദിനം സമുചിതമായി ആചരിക്കേണ്ടതാണ്.

*ശേഷം പേജ് 67 ൽ.....»*

സ്നേഹിതരെ,

കത്തോലിക്ക കോൺഗ്രസിന്റെ കഴിഞ്ഞ 2 മാസക്കാലത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

### ഡയറക്ടർ അച്ചന് യാത്രയയപ്പും നേതൃസമ്മേളനവും

നാലര വർഷത്തിലേറെ കാലമായി കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതയുടെ ഡയറക്ടറായി പ്രവർത്തിച്ചു വന്നിരുന്ന ബഹുമാനപ്പെട്ട ജോസ് മുകളേൽ അച്ചന് കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 14ന് സന്ദേശ നിലയത്തിൽ കൂടിയ നേതൃ സമ്മേളനത്തിൽ വച്ച് യാത്രയയപ്പ് നൽകി. വികാരി ജനറാൾ റവ. ഫാ. ജോസഫ് വാണിയപുരക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി വർക്കിംഗ് കമ്മിറ്റി അംഗങ്ങളായ ഷിജി ജോൺസൺ, ബിനു ഡൊമനിക് എന്നിവർ പ്രസംഗിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ മറുപടി പ്രസംഗം നടത്തി.

### പ്രതികരണങ്ങൾ

ക്രൈസ്തവ സമൂഹത്തിനെതിരെ ആസൂത്രിതമായി നടത്തുന്ന മാധ്യമ വിചാരണ, കർണാടകയിലെ ക്രൈസ്തവ സമൂഹത്തിന് എതിരായിട്ടുള്ള സംഘപരിവാർ സംഘടനകളുടെ ആക്രമണങ്ങൾ എന്നിവയ്ക്കെതിരെ പ്രതിഷേധിച്ചു.

ആശാസ്ത്രീയമായ സിൽവർ ലൈൻ പദ്ധതിക്കെതിരെ പ്രതിഷേധിക്കുകയും ധർണ്ണ സംഘടിപ്പിക്കുകയും ചെയ്തു.

2022 ഫെബ്രുവരി 27 ഞായർ ഉച്ചകഴിഞ്ഞ് 2 മുതൽ 5. 30 വരെ നേതൃസംഗമം നടന്നു. അതിരൂപത എക്സിക്യൂട്ടീവ്, ഫൊറോന പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, യൂണിറ്റ് പ്രസിഡണ്ടുമാർ, അതിരൂപത യൂത്ത്, വനിതാ കോഡിനേറ്റർമാർ എന്നിവർ പങ്കെടുത്തു. ബഹുമാനപ്പെട്ട അതിരൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷനായിരുന്നു ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, രാജേഷ് ജോൺ, വർഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

മാർച്ച് 2 ബുധൻ വൈകുന്നേരം ആറിന് യുദ്ധത്തിനെതിരെ തിരികൾ തെളിച്ച് സമാധാന സായാഹ്നം കോട്ടയത്ത് ഗാന്ധി സ്ക്വയറിൽ സംഘടിപ്പിച്ചു. വൈസ് പ്രസിഡണ്ട് ഷെയിൻ ജോസഫിന്റെ അധ്യക്ഷതയിൽ പ്രസിഡണ്ട് പി.പി. ജോസഫ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു

വള്ളപ്പുര, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ വർഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

മാർച്ച് 6 ഞായർ ഉച്ചകഴിഞ്ഞ് 2.30ന് മേഖല തിരിച്ചുള്ള ഫൊറോന സമ്മേള നങ്ങൾ നടത്തി.

ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം ഫൊറോനകൾ ചങ്ങനാശ്ശേരിയിൽ കത്തീഡ്രൽ പള്ളിയിലും കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾ കുടമാളൂർ പള്ളിയിലും മണിമല, നെടുങ്കുന്നം, കുറുമ്പനാടംഫൊറോനകൾ ചമ്പക്കരപള്ളിയിലും പുളിങ്കുന്ന്, ചമ്പക്കുളം, എടത്വ, ആലപ്പുഴ ഫൊറോനകൾ ചമ്പക്കുളം കത്തീഡ്രൽ പള്ളിയിലും യോഗങ്ങൾ ചേർന്നു. തിരുവനന്തപുരം, അമ്പൂരി, കൊല്ലം ഫൊറോനകൾ അന്നേദിവസം ഓൺലൈനായി യോഗം സംഘടിപ്പിച്ചു.

2022 മാർച്ച് 9 ബുധൻ രാവിലെ 10. 30 ന് നിർദ്ദിഷ്ട റബ്ബർ ബില്ലിനെതിരെ കോട്ടയത്ത് റബ്ബർ ബോർഡ് ഓഫീസിന് മുൻപിൽ ധർണ സംഘടിപ്പിച്ചു. പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ഫൊറോന ഡയറക്ടർമാരായ ഫാ. ജോസഫ് ചൂളപ്പറമ്പിൽ, ഫാ. തോമസ് പ്ലാപ്പറമ്പിൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, ഗ്ലോബൽ സെക്രട്ടറി രാജേഷ് ജോൺ, ഭാരവാഹികളായ ഷെയിൻ ജോസഫ്,ലിസി ജോസ്, ജോർജ്ജുകുട്ടി മുക്കത്ത്, ജോയി പാറപ്പുറം, റോണി വലിയപറമ്പിൽ, ജോസ് ജെയിംസ്, കുഞ്ഞ് കളപ്പുര തുടങ്ങിയവർ ധർണക്ക് നേതൃത്വം നൽകി.

2022 മാർച്ച് 20 ഞായർ ഉച്ചകഴിഞ്ഞ് 2. 30ന് പാസ്റ്ററൽ സെന്ററിൽ കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നേതൃ സംഗമം നടത്തി. കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷ നായിരുന്നു. ഗ്ലോബൽ ജനറൽസെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, അതിരൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അതിരൂപത ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, യൂത്ത് കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ ബിനു ഡൊമിനിക്, ഗ്ലോബൽ സമിതി ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, ഷിജി ജോൺസൺ ഭാരവാഹികളായ ഷെയിൻ ജോസഫ്, സി. റ്റി തോമസ്, ലിസി ജോസ്, ജോർജ്ജുകുട്ടി മുക്കത്ത്, എന്നിവർ പ്രസംഗിച്ചു. കെ.സി.എഫ്. പ്രസിഡണ്ട് കെ.എം. ഫ്രാൻസിസ് സെമിനാർ നടത്തി.

2022 മാർച്ച് 27 ഞായർ ഉച്ചകഴിഞ്ഞ് 2. 30ന് കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി അതിരൂപത വനിത വനിതാ വിങ്ങിന്റെ നേതൃത്വത്തിൽ വനിത നേതൃസംഗമം കുടമാളൂരിൽ നടത്തി. പ്രസിഡണ്ട് പി. പി ജോസഫ് അധ്യക്ഷ നായിരുന്നു. കേരള സംസ്ഥാന ഭൂജലവകുപ്പ് ഡയറക്ടർ ആൻസി ജോസഫ് ഉദ്ഘാടനം ചെയ്തു. ആർച്ച് പ്രീസ്റ്റ് ഡോ. മാണി പുതിയിടം, ഡോ. ലിജി മോൾ പി. ജേക്കബ്, ഡോ. എയിഞ്ചൽ ലൂസി ജയിംസ്, ഫാ. സെബാസ്റ്റ്യൻ

ചാമക്കാല, ഫാ. ജോയൽ പുന്നശ്ശേരി, ലിസി ജോസ്, ഷിജി ജോൺസൺ, ഷെയിൻ ജോസഫ്, ഷൈനമ്മ ജെയിംസ്, കുഞ്ഞ് കളപ്പുര, ജോയി പാറപ്പുറം എന്നിവർ പ്രസംഗിച്ചു.

## ഏപ്രിൽ മാസത്തെ പ്രധാന പരിപാടികൾ

2022 ഏപ്രിൽ 9 ശനി ഉച്ചകഴിഞ്ഞ് മൂന്നിന് എക്യുമെനിക്കൽ ക്രൈസ്തവ അൽമായ നേതൃ സംഗമം (സന്ദേശനിലയം ഹാൾ) കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ ക്രൈസ്തവ അൽമായ നേതാക്കളെ ഒരുമിച്ചു കൂട്ടുന്നു.

ഏപ്രിൽ 24 ഞായർ ഉച്ചക്കഴിഞ്ഞു 2.30 ന് കത്തോലിക്ക കോൺഗ്രസിന്റെ 104 മത് വാർഷിക സമ്മേളനം (ഏറ്റുമാനൂരിൽ). വാർഷികം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പിന്നാലെ നൽകുന്നതായിരിക്കും.

സ്നേഹപൂർവ്വം,

| **പി. പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
|---|---|---|
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

❍

---

» ***കേരള ലേബർ മൂവ്മെന്റ് തുടർച്ച...***

## മെയ്ദിനം

ഈ വർഷം മെയ്ദിനറാലി നടത്തപ്പെടുന്നതാണ്, അതിനുവേണ്ട ഒരുക്കങ്ങൾ എല്ലാ തലങ്ങളിലും ഭംഗിയായി നിർവ്വഹിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മെയ് 1-ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപത കേന്ദ്രത്തിൽ നിന്നും റാലി ആരംഭിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേരുന്നതും തുടർന്ന് പൊതുസമ്മേളനം നടത്തപ്പെടുന്നതുമാണ്.

## ആദരാഞ്ജലികൾ

കെ.എൽ.എം. ആർപ്പൂക്കര സെന്റ് മേരീസ് സംഘാംഗം സി.ജെ. ചാക്കോ പന്നാപാറയുടെയും, കൂരോപ്പട ഹോളി ക്രോസ് സംഘാംഗം ഫിലിപ്പ് കെ.ജെ കൂട്ടിയാനിക്കലിന്റെയും നിര്യാണത്തിൽ കെ.എൽ.എം. ന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## മരണാനന്തര സഹായനിധി

77-മത് മരണഫണ്ട് മാമ്മൂട് കാർമ്മൽ സംഘം പരേതനായ ആന്റണി വർഗീസ് തേക്കേക്കുറ്റിന്റെ കുടുംബാംഗങ്ങൾക്ക് മാർച്ച് 3-ാം തിയതി അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, വികാരി റവ.ഫാ. ജോൺ വി തടത്തിൽ, കെ.എൽ.എം ഭാരവാഹികൾ എന്നിവർ ചേർന്ന് കൈമാറി.

❍

# ആത്മതാകേന്ദ്രം
## ATMATAKENDRAM

ഈശോയിൽ പ്രിയപ്പെട്ടവരെ,

ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ ആചരണം വളരെയധികം ഇടവകകളിൽ ഭംഗിയായി നടത്തപ്പെട്ടു. സൺഡേസ്കൂൾ കുട്ടികളും യുവജനങ്ങളും ലഹരിവിരുദ്ധ പ്രതിജ്ഞ ഈ ദിനം ഏറ്റുചൊല്ലി ലഹരിവിമുക്ത ജീവിതം ദൃഢസ്വരത്തിൽ പ്രഘോഷിച്ചു. ലഹരിയുടെ കാണാക്കെണികളിൽ വീണുപോകാതിരിക്കുവാൻ നമ്മുടെ കുട്ടികളെ ഇനിയും നാം പ്രാപ്തരാക്കേണ്ടതുണ്ട്. ഈ ദൗത്യം ഉണർവോടെ തുടർന്ന് കൊണ്ടുപോകേണ്ടതുമാണ്.

സപ്പോർട്ട് എ ചൈൽഡ് എന്ന പദ്ധതിയിലൂടെ വർഷങ്ങളായി ആത്മതാകേന്ദ്രം 100-ൽ അധികം കുട്ടികൾക്ക് ഓരോ മാസവും പഠനസഹായം നല്കിവരുന്നു. ഈ മെയ് മാസം മുത്ൽ അവർക്ക് നല്കി വരുന്ന സഹായം അൽപംകുടി കൂട്ടി നല്കാൻ ആഗ്രഹിക്കുകയാണ്. അതിനായി കൂടുതൽ സ്പോൺസർമാർ മുന്നോട്ട് വരണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

### ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു. ചൊവ്വാഴ്ച മരിയ ഹോമിയോ ഡിസ്പെൻസറി തത്തംപള്ളിയിലും, ബുധനാഴ്ച ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷ കേന്ദ്രം ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴ സെന്റ് മേരീസ് പള്ളിയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. ഏവർക്കും പരമാവധി പ്രയോജനം എടുക്കുവാൻ ഉള്ള അവസരമാണിത്.

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി നടന്നു വരുന്ന സപ്പോർട്ട എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ വച്ച് 26.03.2022 ശനിയാഴ്ച രാവിലെ ഒരു മണിക്കൂർ പ്രാർത്ഥനയോടുകൂടി സമ്മേളനം ആരംഭിച്ചു. ബഹു. ജോൺ വടക്കേക്കളം അച്ചൻ ഇന്ന് ജനങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ക്ലാസ് നയിച്ചു.

തുടർന്ന് ഉച്ചഭക്ഷണം നല്കി, അവർക്ക് 73,000/ രൂപയുടെ ധനസഹായവും നല്കി. സണ്ണി മാത്യു, ട്രീസാ എന്നിവർ നേതൃത്വം വഹിച്ചു പത്തനംതിട്ട ജില്ലയിലെ കുട്ടികൾക്കും വേണ്ടി മാർച്ച് 30ന് പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ 78,750/ രൂപാ ധനസഹായം നല്കി.

## പ്രതിഷേധ സമരം

കേരള സർക്കാർ മദ്യ നയത്തിനെതിരെ ചങ്ങനാശേരി അതിരൂപത കെ.സി.ബി.സി ആത്മതാ മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി എക്സൈസ് ഓഫീസ് പടിയ്ക്കൽ കണ്ണും വായും മൂടിക്കെട്ടി കൈകൾ ബന്ധിച്ച് പ്രതിഷേധ സമരം സംഘടിപ്പിച്ചു.

ജനനന്മയ്ക്കായി പ്രവർത്തിക്കേണ്ട സർക്കാർ ജനത്തെ നശിപ്പിക്കുന്ന മദ്യവിതരണം വർദ്ധിപ്പിച്ച് നാടിനെ ലഹരിയിൽ മുക്കാൻ വേണ്ടി കുടപിടിക്കരുത് എന്ന് സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് മാർ തോമസ് തറയിൽ പറഞ്ഞു. ജനത്തിന്റെ ആരോഗ്യത്തിനും, സമ്പത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ മദ്യം വിതരണം ചെയ്യുന്നത് ആരാധനാലയങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഉള്ള ദൂരപരിധി കുറയ്ക്കുക വഴി വലിയവിപത്തിലേക്ക് സമൂഹത്തെ തള്ളി വിടുന്നതിനു തുല്യമാണ് എന്ന് അദ്ദേഹം സൂചിപ്പിച്ചു. സർക്കാരിന്റെ ഈ മദ്യ നയത്തിനെതിരെ ശക്തമായ സമരവുമായി സഭയും സമൂഹവും മുന്നോട്ടിറങ്ങുമെന്നും അദ്ദേഹം അറിയിച്ചു. മദ്യം ഒരു സാമൂഹ്യവിപത്താണ് അതിന്റെ വ്യാപനം വലിയ ദൂഷ്യഫലങ്ങളുണ്ടാക്കും. അതിൽ നിന്ന് പിൻതിരിയാൻ സർക്കാർ തയ്യാറാകണം എന്ന് അനുഗ്രഹ പ്രഭാഷണത്തിലൂടെ ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ പ്രസ്താവിച്ചു.

സർക്കാരിന്റെ ഈ പുതിയ മദ്യ നയം ജനസേവനമല്ല ജനദ്രോഹപരമായിരിക്കും എന്ന് ആമുഖ സന്ദേശത്തിലൂടെ അതിരൂപത ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം പറഞ്ഞു. ഈ പ്രതിഷേധ സമരത്തിൽ അതിരൂപത പ്രസിഡന്റ് ശ്രീ. റാസെ ജെ.റ്റി. മെതിക്കളം, അദ്ധ്യക്ഷത വഹിച്ചു. ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക്ക് ജോസഫ്, ജോയിന്റ് സെക്രട്ടറി ജെയിംസ് ആന്റണി മലയിൽ, വാർഡു കൗൺസിലർ ബീനാ തൂമ്പുങ്കൽ, അതിരൂപത ഭാരവാഹികൾ ആയ തോമസുകുട്ടി മണക്കുന്നേൽ, റ്റി.എം. മാത്യു തച്ചിലേട്ട്, ബേബിച്ചൻ പുത്തൻപറമ്പിൽ, കെ.പി. മാത്യു കടന്തോട്, ജോസി കല്ലുകളം, മനു മാർട്ടിൻ തൈപ്പറമ്പിൽ, ലൗലി മാളിയേക്കൽ എന്നിവർ പ്രസംഗിച്ചു. ട്രീസാ മാത്യു, ലൈസാമ്മ തുണ്ടുപറമ്പിൽ, സിജു കൊച്ചുപറുയക്കൽ, ഷാജി വാഴെപ്പറമ്പിൽ, ജോൺസൺ കൊച്ചുതറ, ബേബിച്ചൻ തടത്തിൽ, തോമസ് കല്ലുകളം എന്നിവർ നേതൃത്വം നല്കി. വിവിധ യൂണിറ്റുകളിലെ മദ്യവിരുദ്ധ പ്രവർത്തകരും പ്രതിഷേധ സമരത്തിൽ പങ്കെടുത്തു.

*ശേഷം പേജ് 74 ൽ.....»*

# ദലിത് കത്തോലിക്കാ മഹാജനസഭ
## DCMS

### വനിതാദിനാചരണം

ദളിത് കത്തോലിക്കാ മഹാജന സഭ (DCMS) ചങ്ങനാശേരി അതിരൂപതാ സമിതിയുടെയും, അതിരമ്പുഴ ഫൊറോനാ കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ മാർച്ച് 6ന് വനിതാദിനാചരണം സംഘടിപ്പിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നടന്ന ദിനാചരണം കോട്ടയം നഗരസഭാധ്യക്ഷ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരമ്പുഴ ഫൊറോനാ വികാരി വെരി റവ. ഡോ. ജോസഫ് മുണ്ടകത്തിൽ മുഖ്യപ്രഭാഷണവും അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോൺസൺ ചാലക്കൽ ആമുഖപ്രഭാഷണവും നടത്തി. 'കത്തോലിക്കാ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കുടുംബങ്ങളെയും സമൂഹത്തെയും നേർവഴിക്കു നയിക്കുന്ന ചാലകശക്തിയാകുവാൻ' പ്രഭാഷണമദ്ധ്യേ ബഹുമാനപ്പെട്ട മുണ്ടകത്തിലച്ചൻ വനിതാപ്രതിനിധികളെ ആഹ്വാനം ചെയ്തു. അതിരമ്പുഴ യൂണിറ്റ് ഡയറക്ടർ ഫാ. ഗ്രിഗറി മേപ്പുറം, എക്സിക്യൂട്ടീവ് അംഗം സിന്ധു കെ.ഓ, അതിരമ്പുഴ യൂണിറ്റ് സെക്രട്ടറി ത്രേസ്യാമ്മ ജോസഫ് തുടങ്ങിയവർ സംസാരിച്ചു. പ്രസ്തുത ചടങ്ങിൽ വച്ച് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച ദളിത് കത്തോലിക്കാ വനിതാരത്നങ്ങളെ ആദരിക്കുകയുണ്ടായി. നീണ്ടൂർ പഞ്ചായത്ത് CDS ചെയർപേഴ്സൺ ആയി തിരഞ്ഞെടുക്കപ്പെട്ട ഡി.സി.എം.എസ് രൂപതാ എക്സിക്യൂട്ടിവ് അംഗം കൂടിയായ N.J. റോസമ്മ, ഡോക്ടറേറ്റ് നേടിയ ഡോ. റ്റിജി P.V., പാമ്പാടി ഗവ. ഹോസ്പിറ്റലിൽ സേവനം ചെയ്ത് വരുന്ന ഡോ. രഞ്ജു ജോൺസൺ എന്നിവർ ഡയറക്ടർ അച്ചനിൽ നിന്ന് ആദരവ് ഏറ്റുവാങ്ങി.

വനിതപ്രതിനിധികൾക്കായി സാമൂഹ്യ അവബോധനക്ലാസ്സും വിവിധ കലാപരിപാടികളും ദിനാചാരണത്തോടനുബന്ധിച്ച് ഒരുക്കിയിരുന്നു. DCVS, DCMS രൂപതാ, അതിരമ്പുഴ ഫൊറോനാ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകിയ പരിപാടിയിൽ വിവിധ യൂണിറ്റുകളിൽ നിന്നായി അറുപതോളം വനിതാപ്രതിനിധികൾ പങ്കെടുത്തു.

### ഫൊറോനാ കൗൺസിലുകൾ

ഫൊറോനാ, യൂണിറ്റ് തല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫൊറോനാ കൗൺസിൽ യോഗങ്ങൾ മാർച്ച് 13ന് ഒരേ ദിവസം വിവിധ ഫൊറോനകളിൽ ചേരുകയുണ്ടായി. രൂപതാ കൗൺസിൽ അംഗീകരിച്ചു പാസ്സാക്കിയ രൂപരേഖയും മറ്റു നിർദ്ദേശങ്ങളുമടങ്ങിയ സർക്കുലർ കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്യുകയും രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ പരിപാടികളുടെ ഫൊറോനയിലെ നടത്തിപ്പിനെക്കുറിച്ച് ചർച്ചയും നടന്നു. ഓരോ ഫൊറോനയിലും രൂപതാ കമ്മിറ്റി ചുമതലപ്പെടുത്തിയിട്ടുള്ള രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ യോഗത്തിന് നേതൃത്വം നൽകി.

**കുറുമ്പനാടം ഫൊറോനാ –** മാർച്ച് 13 ഞായറാഴ്ച്ച രാവിലെ 9.30ന് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ വച്ച് നടന്ന കൗൺസിൽ യോഗത്തിൽ ഫൊറോനാ പ്രസിഡന്റ് ശ്രീ. ബേബി എം.സി അധ്യക്ഷത വഹിച്ചു. ഫൊറോനാ ചുമതലയുള്ള എക്സിക്യൂട്ടീവ് അംഗം ബിജു കെ.വി, രൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, ഓർഗനൈസർ മാത്യു ജോസഫ് തുടങ്ങിയവർ യോഗത്തിന് നേതൃത്വം നൽകി. കുറുമ്പനാടം സെന്റ് ആന്റണീസ്, അസംപ്ഷൻ കുറുമ്പനാടം, മാന്നില എന്നീ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**ചമ്പക്കുളം /എടത്വ ഫൊറോനാ –** ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ പള്ളിയിൽ 13ന് രാവിലെ 11 മണിക്ക് നടന്ന ഫൊറോനാ കൗൺസിൽ യോഗം ഫൊറോനാ വികാരി വെരി റവ. ഫാ. ഗ്രിഗറി ഓണംകുളം ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ശ്രീ. ഫിലിപ്പ് സി അധ്യക്ഷത വഹിച്ച യോഗത്തിന് ഫൊറോനാ ഇൻചാർജ് കൂടിയായ ട്രഷറർ ശ്രീ. ലെനിൻ ജോസഫ്, സെക്രട്ടറി ഷൈജു ജോസഫ് എന്നിവർ നേതൃത്വം നൽകി. നെടുമുടി നസ്രത്ത്, ചമ്പക്കുളം, കൊടുപ്പുന്ന യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു.

**നെടുങ്കുന്നം ഫൊറോനാ –** മാർച്ച് 13ന് ഉച്ചതിരിഞ്ഞു 3.30ന് നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ പള്ളിയിൽ നടന്ന കൗൺസിൽ യോഗം ഫൊറോനാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ശ്രീ. ജിജിമോൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. നെടുങ്കുന്നം, നെടുമണ്ണി, കൂത്രപ്പള്ളി യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ഫൊറോനാ ഇൻചാർജ് മാത്യു ജോസഫ്, പ്രസിഡന്റ് ഡോ. സിജോ ജേക്കബ് എന്നിവർ നേതൃത്വം നൽകി.

**കോട്ടയം ഫൊറോനാ –** കോട്ടയം ഫൊറോനാ കൗൺസിൽ യോഗം കോട്ടയം ലൂർദ് ഫൊറോനാ പള്ളിയിൽ വച്ച് 13ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് നടന്നു. ഫൊറോനാ വികാരി വെരി റവ. ഫാ. ഫിലിപ്പ് നെൽപുരപറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. കോട്ടയം ഫൊറോനാ ഓർഗനൈസർ ബെന്നി വടുതലക്കര അധ്യക്ഷത വഹിച്ച യോഗത്തിന് ഫൊറോനാ ഇൻചാർജ് രൂപതാ എക്സിക്യൂട്ടീവ് അംഗം സിന്ധു കെ.ഓ, വൈസ് പ്രസിഡന്റ് ലാസ്സർ ജോൺ തുടങ്ങിയവർ നേതൃത്വം നൽകി. അരുവിക്കുഴി, പുമ്മറ്റം, അയർക്കുന്നം, ഇരവിനെല്ലൂർ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**അതിരമ്പുഴ ഫൊറോനാ –** അതിരമ്പുഴ ഫൊറോനാ കൗൺസിൽ യോഗം 13ന് രാവിലെ 9.30ന് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നടന്നു. അതിരമ്പുഴ ഫൊറോനാ പ്രസിഡന്റ് സെബാസ്റ്റ്യൻ ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിന് ഫൊറോനാ ഇൻചാർജ് കൂടിയായ രൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ നേതൃത്വം നല്കി. അതിരമ്പുഴ, നാൽപാത്തിമല, അതിരമ്പുഴ ലിസ്യൂ, യൂണിറ്റുകളിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു.

**പുളിങ്കുന്ന് ഫൊറോനാ –** പുളിങ്കുന്ന് ഫൊറോനാ കൗൺസിൽ 13ന് ഉച്ചതി രിഞ്ഞ് 3 മണിക്ക് പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നടന്നു. ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു പുത്തനങ്ങാടി ഉദ്ഘാടനം ചെയ്ത

യോഗത്തിന് ഫൊറോനാ പ്രസിഡന്റ് ലെനിൻ ജോസഫ് അധ്യക്ഷത വഹിച്ചു. ഫൊറോനാ ഇൻചാർജ് എക്സിക്യൂട്ടീവ് അംഗം സെബാസ്റ്റ്യൻ ആന്റണി നേതൃത്വം നല്കി. പുളിങ്കുന്ന്, കായൽപുറം, കാവാലം, കണ്ണാടി യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

**കുടമാളൂർ ഫൊറോനാ –** കുടമാളൂർ ഫൊറോനാ കൗൺസിൽ മാന്നാനം സെന്റ് ജോസഫ് ആശ്രമദേവാലയത്തിൽ നടന്നു. ഫൊറോനാ പ്രസിഡന്റ് ജോയി മാത്യു അധ്യക്ഷത വഹിച്ചു. ഫൊറോനാ ഇൻചാർജ് രൂപതാ എക്സിക്യൂട്ടീവ്സ് അംഗം സെബാസ്റ്റ്യൻ ജോസഫ് നേതൃത്വം നല്കി.

**സാമൂഹിക –സാമ്പത്തിക സർവ്വേ**

ചങ്ങനാശേരി അതിരൂപതയിലെ ദളിത് കത്തോലിക്കാ സമൂഹത്തിന്റെ പൊതു സാമ്പത്തിക –സാമൂഹിക സ്ഥിതി വിവരശേഖരണത്തിനായുള്ള സർവ്വേയുടെ ആദ്യഘട്ടം ഡി.സി.എം.എസ് യൂണിറ്റുകൾ നിലവിലുള്ള ഇടവകകളിൽ നിന്നും തുടങ്ങുന്നതിനായി ഫൊറോനാ കൗൺസിലുകളിൽ വച്ച് യൂണിറ്റുകളിലേക്കുള്ള സർവ്വേ ഫോമുകൾ വിതരണം ചെയ്തു. ഫൊറോനാ സമിതിയിൽ നിന്നും ഓരോ യൂണിറ്റുകൾക്കും ഇൻചാർജുകളെ നിശ്ചയിച്ച് സർവ്വേ നടപടികൾ വേഗത്തിലും കാര്യക്ഷമമായും നടക്കുന്നുവെന്നു ഉറപ്പ് വരുത്താൻ രൂപതാ സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 30നുള്ളിൽ ആദ്യഘട്ടം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചങ്ങനാശേരി അതിരൂപതാ ഡി.സി.എം.എസ് 2022–23 വർഷത്തെ പ്രവർത്തനപരിപാടികളുടെ ഉദ്ഘാടനം കുറുമ്പനാടം സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നടന്നു. ചങ്ങാശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പ്രവർത്തന വർഷ ഉദ്ഘാടനം നിർവഹിച്ചു. 'രൂപതാ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആദ്ധ്യാത്മിക, ഭൗതിക തലങ്ങളിൽ വളർച്ച നേടാൻ കഴിയട്ടെ' എന്ന് അഭിവന്ദ്യ പിതാവ് ആശംസിച്ചു. അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ പ്രവർത്തന രൂപരേഖ ഡി.സി.എം.എസ് സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ വെരി റവ. ഫാ. ജോസ്കുട്ടി ഇടത്തിനകത്തിനു നല്കി പ്രകാശനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോൺസൺ ചാലക്കൽ ആമുഖപ്രഭാഷണവും പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതയും വഹിച്ചു. കുറുമ്പനാടം ഫൊറോനാ വികാരി വെരി. റവ. ഫാ. ജോർജ് നൂഴായിത്തടം, കുറുമ്പനാടം ഫൊറോനാ പ്രസിഡന്റ് ശ്രീ. ബേബി എം.സി, അതിരൂപതാ ഓർഗനൈസർ മാത്യു ജോസഫ്, സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ, മുതിർന്ന നേതാവ് സി.സി. കുഞ്ഞുകൊച്ച് എന്നിവർ സംസാരിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നായി നൂറ്റി ഇരുപത്തഞ്ചോളം പ്രതിനിധികൾ ഉദ്ഘാടനചടങ്ങുകളിലും പൊതുയോഗത്തിലും പങ്കെടുത്തു.

**ഫാ. ജോൺസൺ ചാലക്കൽ**
(ഡയറക്ടർ)

**ഷൈജു ജോസഫ്**
(സെക്രട്ടറി)

# ഫ്രാൻസിസ്കൻ അല്മായസഭ
# FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
**''സമാധാനം - സൗഭാഗ്യം''**

പ്രിയ സഹോദരീ സഹോദരന്മാരേ,

ചങ്ങനാശേരി അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടെ പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക നിയമാവലിയും ജീവിതക്രമവും. തുടർച്ച രണ്ടാം ഭാഗം കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീ സഹോദരന്മാർക്ക് വി. ഫ്രാൻസീസ് കൊടുക്കുന്ന ഉദ്ബോധനം.

സ്വർഗ്ഗത്തിൽ ഒരു പിതാവ് ഉണ്ടായിരിക്കുക എന്നത് എത്രയോ വിശിഷ്ടവും ദിവ്യവും മഹത്വമുള്ളതുമാണ്. ഇത്തരമൊരു മണവാളൻ ഉണ്ടായിരിക്കുക എന്നത് എത്രയോ പരിശുദ്ധവും, ആശ്വാസദായകവും, രമ്യവും, വിസ്മയാവഹവുമാണ്!

സർവ്വോപരി നമ്മുടെ കർത്താവായ ഈശോമിശിഹായെപ്പോലെ ഒരു സഹോദരനും പുത്രനും ഉണ്ടായിരിക്കുക എന്നത് എത്രയോ വിശുദ്ധവും, ആർദ്രവും, പ്രീതീകരവും വിനീതവും, ശാന്തിദായകവും, സുരഭിലവും, സ്നേഹയോഗ്യവും, അഭികാമ്യവുമാണ്. തന്റെ അജഗണത്തിനുവേണ്ടി അവിടുന്നു സ്വന്തം ജീവൻ ബലി കഴിക്കുകയും (യോഹ. 10:15) പിതാവിനോടു ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്തു.

പരിശുദ്ധനായ പിതാവേ, ലോകത്തിൽനിന്ന് അങ്ങ് എനിക്ക് നൽകിയവരെ അവിടുത്തെ നാമത്തിൽ അങ്ങു കാത്തുകൊള്ളേണമേ (യോഹ. 17:6, 17:11) അവർ അങ്ങയുടേതായിരുന്നു അങ്ങ് അവരെ എനിക്ക് നൽകി.

അങ്ങ് എനിക്കു നൽകിയ വചനം ഞാൻ അവർക്ക് നൽകി. അവർ അതു സ്വീകരിക്കുകയും, ഞാൻ അങ്ങയുടെ പക്കൽനിന്നു വന്നുവെന്നു സത്യമായി അറിയുകയും അങ്ങ് എന്നെ അയച്ചുവെന്ന് വിശ്വസിക്കുകയും ചെയ്തു (യോഹ. 17:8).

ഞാൻ അവർക്കുവേണ്ടിയാണു പ്രാർത്ഥിക്കുന്നത്; ലോകത്തിനുവേണ്ടിയല്ല (യോഹ. 17:9). അങ്ങ് അവരെ സത്യത്താൽ വിശുദ്ധീകരിക്കേണമേ! അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു (യോഹ. 17:19). അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടിയാണു ഞാൻ പ്രാർത്ഥിക്കുന്നത് (യോഹ. 17:20) തൽഫലമായി, നാം ഒന്നായിരിക്കുന്നതുപോലെ (യോഹ. 17:22) നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിനാണിത് (യോഹ. 17:11).

പിതാവേ, അങ്ങേ രാജ്യത്തിൽ (മത്താ. 20:21) എന്റെ മഹത്വം കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോട് കൂടെ അവരും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു (യോഹ. 17:24) ആമ്മേൻ.

കടപ്പാട്:- നിയമാവലിയും ജീവിതക്രമവും

എല്ലാവർക്കും നമ്മുടെ കർത്താവിന്റെ മഹത്വപൂർണ്ണമായ ഉത്ഥാനംവഴി മനുഷ്യവംശത്തിനു ലഭിച്ച ആനന്ദവും പ്രത്യാശയും എന്നും എപ്പോഴും നിലനിൽക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും നേരുന്നു!

**സ്വർഗ്ഗപ്രവേശം**

കുറുമ്പനാടം റീജൺ നെടുംകുന്നം ഭ്രാതൃത്വാംഗം സഹോദരൻ നെച്ചുകാട്ടു ടി.എൻ. മാത്യു നിര്യാതനായി. സഹോദരനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം!

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
(അതിരൂപത പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(SFO അതിരൂപത സ്പിരിച്ചൽ അസിസ്റ്റന്റ്)

---

*» ആത്മതാകേന്ദ്രം തുടർച്ച...*

## അതിരുപതാതല മദ്യവിരുദ്ധ ഞായർ ആചരണം

മദ്യവിരുദ്ധ ഞായർ ആചരണം ചങ്ങനാശേരി കത്തീഡ്രൽ പള്ളിയിൽ വച്ച് 20.03.2022 ഞായറാഴ്ച രാവിലെ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു.

ലഹരി വിരുദ്ധ ഞായർ സന്ദേശം വികാരി വെരി റവ.ഫാ.ജോസ് കൊച്ചുപറമ്പിൽ നല്കി. അതിരൂപത ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖസന്ദേശവും അതിരൂപത പ്രസിഡന്റ് ശ്രീ. റാംസെ ജെ.റ്റി. മെതിക്കളം മദ്യവിരുദ്ധ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. റ്റി.എം. മാത്യു തച്ചിലേട്ട്, ജോസി കല്ലുകളം, ബിജു കൊച്ചുപുരയക്ക്ൽ, സ്കറിയ ആന്റണി, വിന്നിച്ചൻ ചക്കുപുര എന്നിവർ ആശംസാ സന്ദേശം നല്കി. തങ്കച്ചൻ പുത്തൻപുരയ്ക്കൽ, ഫാ. മാത്യു കരിക്കണ്ടം, ബിജു മേക്കരശ്ശേരി, ജോമോൻ പോത്തോട്ടിൽ എന്നിവർ നേതൃത്വം നല്കി.

## കെ.സി.ബി.സി. സംസ്ഥാനതല സമ്മേളനം

കെ.സി.ബി.സി. സംസ്ഥാനതല സമ്മേളന ഏപ്രിൽ മാസം 28 -ാം തീയതി തലശ്ശേരി അതിരൂപതയിൽ വച്ച് നടത്തപ്പെടും.

*വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രവൃത്തിയിലും സത്യത്തിലുമാണ് (1 യോഹ. 3:18).*

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

വലിയ നോമ്പിലെ ഏറ്റവും പ്രധാനപ്പെട്ട വലിയ ആഴ്ചയിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈശോയെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞുകൊണ്ട് കുരുത്തോലകളും കയ്യിലേന്തി ഓശാനപാടിയാണല്ലോ നാം വിശുദ്ധ വാരത്തിലേക്കു കടക്കുക. സാധാരണയായി നാം കാണുന്നവയിൽനിന്നു വ്യത്യസ്തമായി ഞങ്ങളെ രക്ഷിക്കു എന്നർത്ഥമുള്ള ഓസാനാ വിളിച്ചുകൊണ്ട് ഈശോയ്ക്ക് മുന്നിൽ വസ്ത്രങ്ങൾ വിരിച്ചും, മരച്ചില്ലകളേന്തിയും ജറുസലേമിൽ നടന്ന ഘോഷയാത്ര ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടു. എല്ലാവർഷവും തുടർച്ചയായി അനുസ്മരിക്കപ്പെടുകയും, ആചരിക്കപ്പെടുകയും ചെയ്യുന്ന ഏക ഘോഷയാത്രയും ഓശാനയുടേതാണ്. തങ്ങളുടെ വിമോചകനും രക്ഷകനുമായി ഈശോയെ ദർശിച്ച ജനം അവനെ രാജാവാക്കുവാൻ ആഗ്രഹിച്ചു. എന്നാൽ ഈശോയിലെ സമഗ്രവിമോചകനെ ദർശിക്കുവാൻ അവർക്കു സാധിച്ചില്ല. അതിനാലാണല്ലോ അടുത്ത വെള്ളിയാഴ്ച അവനെ ക്രൂശിക്കുക എന്ന് അവർ ആക്രോശിച്ചത്. ഓശാനയാത്ര ജറുസലേം ദൈവാലയത്തിലെത്തുമ്പോൾ തന്റെ ഭവനത്തിന്റെ അശുദ്ധിക്കു കാരണമായവയെല്ലാം അട്ടിമറിക്കുകയും, കാരണക്കാരെ പുറത്താക്കുകയും ചെയ്യുന്ന യേശുവിനെ നാം കാണുന്നു. തന്റെ ആലയമാകുന്ന നാമോരോരുത്തരുടെയും വിശുദ്ധി ദൈവം എത്രമാത്രം ആഗ്രഹിക്കുന്നു എന്നു നമുക്കു മനസ്സിലാക്കാം. തന്നോടൊപ്പം പെസഹാ ഭക്ഷണത്തിന് ഇരിക്കുന്ന ശിഷ്യന്മാരോട് നിങ്ങളെല്ലാവരും ശുദ്ധിയുള്ളവരാണ് എന്ന് അവിടുന്നു പ്രസ്താവിക്കുന്നുണ്ട്. അവരുടെ പാദങ്ങൾ കഴുകിക്കൊണ്ട് നിസാരമായ അശുദ്ധിപോലും അവിടുന്ന് ഇല്ലായ്മ ചെയ്യുന്നു. ഗുരുവും കർത്താവുമായവന്റെ ചെറുതാകൽ സ്വന്തമാക്കാൻ അവൻ നമ്മോട് ആഹ്വാനം ചെയ്യുന്നു. വി. പൗലോസ് പറയുന്നതുപോലെ ഓരോരുത്തരും മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. അതിന് സ്ഥാനമോ, പ്രായമോ ഒന്നും തടസ്സമാവരുത്. പൗരോഹിത്യ സ്ഥാപനത്തിന്റെ അനുസ്മരണാദിനം കൂടിയാണല്ലോ പെസഹാവ്യാഴം. ഈശോ തനിക്കിഷ്ടമുള്ളവരെ തെരഞ്ഞെടുത്തു. അവരെ അപ്പസ്തോലന്മാരാക്കി. അവർക്ക് അധികാരങ്ങൾ നൽകി, തന്റെ ഓർമ്മക്കായി വിശുദ്ധ കുർബാനയർപ്പിക്കുവാൻ അവരെ ചുമതലപ്പെടുത്തുകയും ചെയ്തു. അപ്പസ്തോലപ്രവർത്തനങ്ങളിലും, ഒന്നാം നൂറ്റാണ്ടുമുതലുള്ള സഭാപിതാക്കന്മാരുടെ രചനകളിലും വിശുദ്ധ കുർബാനയർപ്പണം നമുക്കു കാണാൻ സാധിക്കും. പൗരോഹിത്യം ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ പുരോഹിതരെ സ്നേഹിക്കുവാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, അവരോടു സഹകരിച്ചു പ്രവർത്തിക്കാനും നമുക്ക് കടമയുണ്ട്. സ്നേഹത്തിന്റെ പ്രസംഗപീഠമായ മരക്കുരിശു നിർമ്മിക്കപ്പെട്ട ദിവസമാണല്ലോ ദുഃഖവെള്ളി. ബലിക്കുള്ള കുഞ്ഞാടെവിടെ എന്നു മോറിയാ മലയിൽ അബ്രാഹത്തോടു

പുത്രനായ ഇസഹാക്ക് ചോദിച്ച ചോദ്യത്തിന് ഉത്തരം ലഭിച്ച ദിവസം, തികച്ചും നീതിമാനായവൻ ലോകത്തിലെ ഏറ്റവും വലിയ കുറ്റവാളിയായി വിധിക്കപ്പെട്ട ദിവസം, അവനെപ്പറ്റി എഴുതപ്പെട്ടതെല്ലാം പൂർത്തിയായ ദിവസം, അനുദിനം കുരിശടയാളത്താൽ മുദ്രിതമാക്കപ്പെടുകയും, കുരിശുരൂപം ധരിക്കുകയുമൊക്കെ ചെയ്യുന്ന നമുക്ക് കുരിശു നൽകുന്ന ശക്തിയും, സ്നേഹവും സ്വന്തമാക്കാൻ എത്രമാത്രം സാധിക്കുന്നു എന്നു ചിന്തിക്കാം. ഓരോ കുരിശനുഭവവും ചെന്ന ത്തേണ്ടത് ഉയിർപ്പിന്റെ പ്രത്യാശയിലേക്കാണ് 'മൃത്യോമാ അമൃതം ഗമയാ' എന്ന ഭാരതീയ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ച ദിവസമാണ് ഉത്ഥാനത്തിരുനാൾ. ക്രിസ്തുവിനെയും ക്രിസ്ത്യാനിയെയും ഭയപ്പെടുത്തുന്നവർ മിശിഹായുടെ ഉത്ഥാന മെന്ന ചരിത്രസത്യത്തെ മൂടിവെക്കുവാൻ ഏറെ പരിശ്രമിക്കുന്നു. ''നിങ്ങൾക്ക് സത്യത്തെ കല്ലറയിലടക്കാം, പക്ഷെ അത് അവിടെ വസിക്കുകയില്ല'' എന്ന ക്ലാരൻസിന്റെ വാക്കുകൾ ഈശോയിൽ നമുക്കു ദർശിക്കാം. ശൂന്യമായ കല്ലറയും, ഈശോയുടെ ഉത്ഥാനശേഷം ഭീരുക്കളായിരുന്ന ശിഷ്യന്മാരിലുണ്ടായ മാറ്റവും, ദൃക്സാക്ഷി വിവരണങ്ങളും, ഈശോയുടെ പ്രത്യക്ഷീകരണങ്ങളും, സഭയുടെ വളർച്ചയുമൊക്കെ ഈശോയുടെ പുനരുത്ഥാനമെന്ന സത്യത്തെ ഉറക്കെ പ്രഖ്യാപിക്കുന്നു. ഉത്ഥിതൻ നൽകുന്ന സമാധാനം ഹൃദയങ്ങളിൽ ഏറ്റുവാങ്ങാനും, മറ്റുള്ളവർക്കു പകർന്നു നൽകാനും നമുക്കു പരിശ്രമിക്കാം. ഏവർക്കും ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

അമ്പൂരി ഏരിയാ കൗൺസിലിന്റെ കീഴിൽ പച്ചക്കാട്, ഇടവകയിൽ പുതിയ കോൺഫറൻസും തേക്കുപാറ ഇടവകയിൽ പ്രവർത്തനം നിലച്ചിരുന്ന കോൺഫറൻസിന്റെ പുനരുജ്ജീവനവും മാർച്ച് 20 ന് നടക്കുകയുണ്ടായി. ഇതിനായി പരിശ്രമിച്ച ബഹു. ടോണി ചെത്തിപ്പുഴ, സെബാസ്റ്റ്യൻ ശൗര്യമാക്കൽ, ബെന്നി തെക്കേടത്ത് എന്നീ വൈദികർക്കും, തിരുവനന്തപുരം, അമ്പൂരി ഏരിയാ കൗൺസിൽ പ്രസിഡന്റുമാരായ ബ്ര. എം.എം. ജോസഫ്, ബ്ര. സോണി ജോസഫ് എന്നിവർക്കും സെൻട്രൽ കൗൺസിലിന്റെ നന്ദിയും അനുമോദനങ്ങളും കോൺഫറൻസ് അംഗങ്ങളെ സംഘടനയിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ആറു വർഷങ്ങളായി ആലപ്പുഴ ഏരിയാ കൗൺസിൽ പ്രസിഡന്റായി മാതൃകാപരവും, സ്തുത്യർഹവുമായ പ്രവർത്തനം നടത്തിയ ശേഷം സ്ഥാനമൊഴിയുന്ന ബ്ര. മൈക്കിൾ ജോസഫ് പെരിയത്തിന് നന്ദിയും, ആശംസകളും പുതിയ പ്രസിഡന്റ് ബ്ര. ഐസക് ചാവറക്ക് അനുമോദനവും, സെൻട്രൽ കൗൺസിലേക്ക് സ്വാഗതവും. ഏപ്രിൽ 23 ന് വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെ ജന്മദിനവും സംഘടനയുടെ സ്ഥാപന ദിനവുമാണല്ലോ. അന്നേദിവസം വി. കുർബാന ക്രമീകരിക്കുവാനും അതിൽ പങ്കെടുക്കുവാനും എല്ലാവരോടും അഭ്യർത്ഥിക്കുന്നു. വാർഷിക റിപ്പോർട്ടുകൾ കൃത്യസമയത്ത് എത്തിക്കുവാൻ സഹകരിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



175

# ക്രിസ്തീയജീവിതവും ഹൃദയപരിവർത്തനവും

(തിരുവചനഭാഗം: റോമാ 2,1–29)

ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ട യഹൂദരുടെ തിന്മകളെ പൗലോസ്ശ്ലീഹാ ചൂണ്ടിക്കാട്ടുന്ന ഒരു വചനഭാഗമാണിത്. ഈ വചനഭാഗത്തെ താഴെക്കാണുംവിധം നമുക്ക് വിഭജിക്കാം.

1. ദൈവത്തിന്റെ വിധി ന്യായയുക്തം (2,1–6)
2. നന്മ ചെയ്യുന്നവന് നിത്യജീവൻ (2,7–11)
3. വിധിയുടെ മാനദണ്ഡം (2,12–16)
4. പരിച്ഛേദനവും നിയമാനുസൃതജീവിതവും (2,17–25)
5. യഥാർത്ഥ പരിച്ഛേദനം (2,26–29)

പുതിയനിയമ ദൈവജനമായ സഭയ്ക്കും സഭാശുശ്രൂഷ നിർവ്വഹിക്കുന്ന അജപാലകർക്കും ഈ വചനഭാഗം നൽകുന്ന സന്ദേശം മനസ്സിലാക്കാൻ ശ്രമിക്കാം.

## 1. ദൈവത്തിന്റെ വിധി ന്യായയുക്തം

*''അല്ലയോ മനുഷ്യാ, നീ ആരുതന്നെ ആയാലും മറ്റൊരുവനെ വിധിക്കുമ്പോൾ നിനക്ക് ന്യായീകരണമില്ല. അപരനെ വിധിക്കുമ്പോൾ, നീ നിന്നെത്തന്നെയാണു വിധിക്കുന്നത്. എന്തെന്നാൽ, വിധിക്കുന്ന നീയും അതേ കുറ്റങ്ങൾ ചെയ്യുന്നു. അപ്രകാരം പ്രവർത്തിക്കുന്നവരുടെമേലുള്ള ദൈവത്തിന്റെ വിധി ന്യായയുക്തമാണെന്നു നമുക്കറിയാം. ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവരെ വിധിക്കുകയും എന്നാൽ, അവതന്നെ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യാ, ദൈവത്തിന്റെ വിധിയിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കുമെന്നു നീ വിചാരിക്കുന്നുവോ?''* (2,1–3).

ഒരു യഹൂദനുമായുള്ള സംവാദശൈലിയിലാണ് പൗലോസ്ശ്ലീഹാ എഴുതുന്നത്. 'അല്ലയോ മനുഷ്യാ' എന്നു പറഞ്ഞുകൊണ്ട് ഈ അദ്ധ്യായം ആരംഭിക്കുന്നു. അത് ഒരു യഹൂദനാണെന്ന് പതിനേഴാം വാക്യത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. യഹൂദനുമായുള്ള സംവാദശൈലിയിൽ എഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ പലതുണ്ട്. ഉദാഹരണത്തിന് പഴയനിയമത്തിലെ ജ്ഞാനഗ്രന്ഥത്തിൽ ഈജിപ്തുകാരെയും ഇസ്രായേല്യരെയും

വിധിക്കുന്നത് വ്യത്യസ്തമായിട്ടാണ് എന്നു പ്രസ്താവിച്ചിരിക്കുന്നു (ജ്ഞാനം 11,10; 15,1-3). വിജാതീയരെ ദൈവം ശിക്ഷിച്ചുകഴിഞ്ഞു. എന്നാൽ യഹൂദർക്കുള്ള ശിക്ഷ ''ക്രോധത്തിന്റെ ദിന''ത്തിലാണ് വെളിപ്പെടുക. ആ ഗണത്തിൽപ്പെടുന്ന ആളാണ് പൗലോസുമായി സംവദിക്കുക. ഹൃദയം കഠിനമാക്കിയിരിക്കുന്ന അയാളും മാനസാന്തരപ്പെടുന്നില്ലെങ്കിൽ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും. കാരണം, ശിക്ഷാകാരണമായ പാപങ്ങൾ അയാളും ചെയ്യുന്നു (2,2). ദൈവത്തിന്റെ അപാരമായ കരുണയെയും ക്ഷമയെയും നിസ്സാരമാക്കുന്നതിനു തുല്യമാണ് മാനസാന്തരപ്പെടാതെ ജീവിക്കുന്നത്.

നാമമാത്രമായ ക്രിസ്തീയജീവിതം നയിക്കുന്നവർ സഭയിലുമുണ്ട്. സഭ രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണെന്നു വിശ്വസിക്കുന്ന സഭാംഗങ്ങളിൽ പലരും വിശ്വാസത്തിനനുസൃതമായ ജീവിതം നയിക്കാതിരിക്കുന്നു. വിശ്വാസം വെറും ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുന്ന ജീവിതമായി അധഃപതിക്കുന്നു. കുർബ്ബാനയിൽ സംബന്ധിക്കുന്നതും കൂദാശകൾ സ്വീകരിക്കുന്നതും ജീവിതത്തെ സ്വാധീനിക്കാത്ത വെറും ചടങ്ങുകളായിത്തീരുന്നു. ഇതിനു മാറ്റം സംഭവിക്കേണ്ടതുണ്ട്. പരിശുദ്ധ കുർബ്ബാനയിലുള്ള സജീവമായ ഭാഗഭാഗിത്വം, കൂദാശാസ്വീകരണങ്ങളിലൂടെ ദൈവവും സഹോദരങ്ങളുമായുള്ള സ്നേഹബന്ധത്തിലുള്ള നവീകരണം, എന്നിവയിലെല്ലാം സഭയിലെ എല്ലാ അംഗങ്ങളും ബോധവൽക്കരിക്കപ്പെടണം. ഇപ്രകാരമുള്ള വിശ്വാസപരിശീലനവേദികൾ കൂടുതൽ ഫലപ്രദമാക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

## 2. നന്മ ചെയ്യുന്നവന് നിത്യജീവൻ

*''സത്കർമത്തിൽ സ്ഥിരതയോടെനിന്ന് മഹത്ത്വവും ബഹുമാനവും അക്ഷയത്വവും അന്വേഷിക്കുന്നവർക്ക് അവിടുന്നു നിത്യജീവൻ പ്രദാനം ചെയ്യും. സ്വാർഥമതികളായി, സത്യത്തെ അനുസരിക്കാതെ, ദുഷ്ടതയ്ക്കു വഴങ്ങുന്നവർ കോപത്തിനും ക്രോധത്തിനും പാത്രമാകും. തിൻമ പ്രവർത്തിക്കുന്ന ഏതൊരുവനും, ആദ്യം യഹൂദനും പിന്നെ ഗ്രീക്കുകാരനും, ക്ലേശവും ദുരിതവും ഉണ്ടാകും. എന്നാൽ, നന്മ പ്രവർത്തിക്കുന്ന ഏതൊരുവനും, ആദ്യം യഹൂദനും പിന്നെ ഗ്രീക്കുകാരനും, മഹത്ത്വവും ബഹുമാനവും സമാധാനവും ഉണ്ടാകും. എന്തെന്നാൽ ദൈവസന്നിധിയിൽ മുഖംനോട്ടമില്ല''* (2,7-11).

നന്മ ചെയ്യുന്നതിൽ മടുപ്പില്ലാതെ ജീവിച്ചവർക്ക് ദൈവം നിത്യജീവൻ നൽകും. ദുഷ്ടതയ്ക്ക് വഴങ്ങിയ വരാകട്ടെ ദൈവകോപത്തിനു പാത്രമാവുകയും ചെയ്യും. ഇത് രണ്ടു പ്രാവശ്യം പറയുന്നുണ്ട്. രണ്ടു പ്രാവശ്യവും ''ആദ്യം യഹൂദനും പിന്നെ ഗ്രീക്കുകാരനും'' എന്ന് പൗലോസ് കൂട്ടിച്ചേർക്കുന്നുണ്ട്. യഹൂദർ ദൈവത്തിന്റെ സ്വന്തം ജനമായതിനാൽ വിധിയ്ക്ക് അർഹതയുള്ളവരാണ് (ആമോ 3,2). സ്രഷ്ടാവിനെ ആരാധിക്കാൻ ബാധ്യസ്ഥരായ വിജാതീയർക്കും വിധിവാചകം കേട്ടേ മതിയാവൂ. എന്തെന്നാൽ ദൈവസന്നിധിയിൽ മുഖം നോട്ടമില്ല (2,11). ഇരുകൂട്ടരും ദൈവത്തിന്റെ വിധിയ്ക്ക് പാത്രീഭൂതരാകും.

പ്രവൃത്തികളെ ആധാരമാക്കിയാണ് വിധിക്കുന്നത് എന്നു പൗലോസ് പറയുമ്പോൾ വിശ്വാസത്തിന്റെ പ്രാധാന്യം കുറച്ചുകാണിക്കുകയല്ല. വിശ്വാസാനുസൃതമായ പ്രവൃത്തികളെപ്പറ്റിയാണ് ഇവിടെ പറയുന്നത്. പൗലോസ് കൃപയും ശ്ലൈഹികസ്ഥാനവും പ്രാപിച്ചിരിക്കുന്നത് 'വിശ്വാസത്തിന്റെ അനുസരണം'

സകലജാതികളുടെയിടയിലും ഉളവാകേണ്ടതിനാണെന്നു നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ (റോമാ 1,5). അതുകൊണ്ട് വിശ്വാസജീവിതത്തിൽ നിന്നുരുത്തിരിയുന്ന പ്രവൃത്തികളാണ് വിധിയുടെ മാനദണ്ഡമായിത്തീരുന്നത്. അപ്രകാരമുള്ള പ്രവൃത്തികളാണല്ലോ ജീവിതത്തിന്റെ ആകെത്തുക. ആ പ്രവൃത്തികൾ കൂടാതെ മനുഷ്യനെ വിലയിരുത്താനാവില്ല. ദൈവത്തിനു പ്രഥമസ്ഥാനം കൊടുത്തുകൊണ്ടുള്ള ഒരു ജീവിതം ദൈവതിരുമുമ്പിൽ സന്തോഷപൂർവ്വം നിൽക്കാൻ മനുഷ്യനെ സഹായിക്കും. അതുകൊണ്ട് വിശ്വാസത്തിനനുസൃതമായ ജീവിതം നയിക്കാൻ അജപാലകർ ശ്രദ്ധിക്കണം. അപ്രകാരം അജഗണങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

### 3. വിധിയുടെ മാനദണ്ഡം

*''നിയമബദ്ധരല്ലാതിരിക്കേ പാപം ചെയ്തവരെല്ലാം നിയമം കൂടാതെ നശിക്കും; നിയമ ബദ്ധരായിരിക്കേ പാപംചെയ്തവൻ നിയമാനുസൃതം വിധിക്കപ്പെടും. കാരണം, നിയമം ഗ്രഹിക്കുന്നവരല്ല ദൈവസമക്ഷം നീതിമാൻമാർ; നിയമം അനുസരിക്കുന്നവനാണ് നീതീകരിക്കപ്പെടുന്നത്''* (2,12-13).

ദൈവത്തിന്റെ വിധി സാർവ്വത്രികമാണ്. ആർക്കും അതിൽനിന്ന് ഒഴികഴിവില്ല. പാപം സാർവ്വത്രികമായതുപോലെ വിധിയും സാർവ്വത്രികംതന്നെ. നിയമം ലഭിച്ചിട്ടുള്ള യഹൂദനും നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയനും വിധിവാചകം കേൾക്കണം. നിയമം ദൈവദാനമായി ലഭിച്ചത് തങ്ങൾക്കുള്ള ആനുകൂല്യമായി യഹൂദർ കരുതിയേക്കാം. അതുകൊണ്ട് അവരെ നിയമത്തിന്റെ അടിസ്ഥാനത്തിലാകാം ദൈവം വിധിക്കുക (2,13). പ്രകൃതിയിൽനിന്ന് ദൈവനിയമങ്ങൾ ഗ്രഹിക്കാൻ കഴിയുമായിരുന്ന വിജാതീയർക്ക് അതുതന്നെയാണ് വിധിയുടെ അടിസ്ഥാനം (2,14-16). ചുരുക്കത്തിൽ ഇരുകൂട്ടരും പാപികളാണ് എന്നാണ് ശ്ലീഹാ പറഞ്ഞുവയ്ക്കുന്നത്. അതുകൊണ്ട് വിധിക്ക് വിധേയരുമാണെന്നുള്ളതിന് സംശയമില്ല.

പൗലോസിന്റെ ബോദ്ധ്യം താൻ പ്രസംഗിക്കുന്ന സുവിശേഷമനുസരിച്ച് ദൈവം ഈശോമിശിഹാവഴി ഈ വിധി നടപ്പിലാക്കുമെന്നാണ്. വിജാതീയർക്ക് ഒരു നീതിയും യഹൂദർക്ക് മറ്റൊരു നീതിയുമല്ല പൗലോസ് പ്രസംഗിക്കുന്നത്. ഇരുകൂട്ടരെയും ദൈവം നിഷ്പക്ഷമായി വിധിക്കും. എല്ലാവർക്കും തങ്ങളുടെ പ്രവൃത്തികൾക്ക് ഉത്തരവാദിത്വമുണ്ട്. കേവലം വിശ്വാസംകൊണ്ടുമാത്രം നീതീകരിക്കപ്പെടും എന്നു വിചാരിക്കുന്നവൻ, സമയമുള്ളതുകൊണ്ട് ശിക്ഷയിൽനിന്നൊഴിവാകും എന്നു വിചാരിക്കുന്ന യഹൂദനെപ്പോലെയാണ്. ഹൃദയവിചാരങ്ങൾ അറിയുന്ന ദൈവം, വ്യക്തിയുടെ ജീവിതത്തെയാണു വിലയിരുത്തുക. അപ്പോൾ വിധിദിവസത്തിൽ കർത്താവായ മിശിഹായുടെ മാദ്ധ്യസ്ഥ്യം അവിടുന്നിൽ വിശ്വസിക്കുന്നവർക്ക് അനുഭവവേദ്യമാകും. വിശ്വാസം തിരസ്കരിച്ചവർക്ക് രക്ഷ കിട്ടാക്കനിയായിരിക്കും (ഗലാ 1,8). അതുകൊണ്ട് അന്ത്യവിധിയെ മുന്നിൽകണ്ടുകൊണ്ട് നിരന്തരം ജീവിക്കുവാൻ വിശ്വാസികളെ അജപാലകർ പരിശീലിപ്പിക്കണം.

### 4. പരിച്ഛേദനവും നിയമാനുസൃതജീവിതവും

*''നീ യഹൂദനെന്നു വിളിക്കപ്പെടുന്നു; നിയമത്തിൽ ആശ്രയിക്കുന്നു; ദൈവത്തിൽ അഭിമാനം കൊള്ളുന്നു. നീ നിയമം പഠിച്ചിട്ടുള്ളതിനാൽ, ദൈവഹിതം*

*അറിയുകയും ശ്രേഷ്ഠമായതിനെ അംഗീകരിക്കുകയും ചെയ്യുന്നു. ജ്ഞാനത്തിന്റെയും സത്യത്തിന്റെയും മൂർത്തരൂപം നിയമത്തിൽ നിനക്കു ലഭിച്ചിരിക്കുന്നതു കൊണ്ട്, നീ അന്ധൻമാർക്കു വഴികാട്ടിയും ഇരുട്ടിലിരിക്കുന്നവർക്കു വെളിച്ചവും അജ്ഞർക്ക് ഉപദേഷ്ടാവും കുട്ടികൾക്ക് അധ്യാപകനും ആണെന്നു നിനക്കു ഉറപ്പുണ്ടെങ്കിൽ, മറ്റുള്ളവരെ പഠിപ്പിക്കുന്ന നീ നിന്നെത്തന്നെ പഠിപ്പിക്കാത്തതെന്ത്? മോഷ്ടിക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ?''* (2,17-21).

വിജാതീയരെ വിധിക്കുന്ന യഹൂദർ അതേ കുറ്റങ്ങൾതന്നെ ചെയ്യുന്നു എന്നാണ് പൗലോസ് പറയുന്നത്. അതെങ്ങനെയാണെന്ന് തുടർന്ന് വിശദമാക്കുകയാണ് (2,17-20). പൗലോസിന് യഹൂദനിയമങ്ങളും ആചാരങ്ങളും കൃത്യമായി അറിയാം. വിജാതീയരെ വെളിച്ചത്തിലേക്കു നയിക്കാൻ തങ്ങൾ ബാധ്യസ്ഥരാണെന്നാണ് യഹൂദരുടെ ബോദ്ധ്യം (ഏശ 42,6-7). നിയമം പഠിച്ചിട്ടുള്ളതിനാൽ ദൈവഹിതം അറിയുന്നവരാണ് യഹൂദർ. അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ നിയുക്തരുമാണ്. പക്ഷേ, അവരുടെ അവകാശങ്ങളും ജീവിതരീതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നിയമമുണ്ടെന്ന് അഭിമാനിക്കുന്ന അവർ നിയമത്തെ മറികടന്നുകൊണ്ട് പാപം ചെയ്യുന്നു. മോഷണവും വ്യഭിചാരവും വിഗ്രഹങ്ങളുടെ കച്ചവടവുമെല്ലാം നിഷിദ്ധമാണെന്നു നിയമത്തിലുണ്ട്. അങ്ങനെ അവർ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ, അവർക്ക് അവതന്നെ ചെയ്യാൻ മടിയില്ല.

ക്രിസ്തീയജീവിതത്തിലും ഇതുതന്നെ സംഭവിക്കുന്നുണ്ട്. നമുക്കു വിശ്വാസപ്രമാണവും പത്തു പ്രമാണങ്ങളും കുർബ്ബാനയും കൂദാശകളുമെല്ലാമുണ്ട്. നമ്മൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാകണമെന്നു മിശിഹായുടെ വ്യക്തമായ നിർദ്ദേശവുമുണ്ട് (മത്താ 5,13-16). പക്ഷേ, പലപ്പോഴും നമ്മളും ദൈവത്തിന്റെ പ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും കാത്തുജീവിക്കുന്നതിൽ പരാജയപ്പെടുന്നു. അർത്ഥവത്തും അനുഭവപരവുമായ രീതിയിൽ പരിശുദ്ധ കുർബ്ബാനയിൽ പങ്കുചേരാനും വിശുദ്ധ കൂദാശകൾ സ്വീകരിക്കാനും നമുക്കു കഴിയാതെ പോകുന്നു. അവയെല്ലാം വെറും മതപരമായ ചടങ്ങുകളും അനുഷ്ഠാനങ്ങളുമായി മാറുന്നു. അതുകൊണ്ട് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാൻ നമുക്കു കഴിയുന്നില്ല. പലപ്പോഴും ക്രിസ്തീയജീവിതം എതിർസാക്ഷ്യമായിത്തീരുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ അജപാലകർ കൂടുതൽ ജാഗ്രതയോടെ വർത്തിക്കേണ്ടതുണ്ട്. തങ്ങളുടെ അജഗണങ്ങളെ വേണ്ടവിധത്തിൽ ബോധവത്ക്കരിക്കാനും ക്രിസ്തീയസാക്ഷ്യം നൽകുന്ന സമൂഹങ്ങളായി രൂപീകരിക്കാനും അവർ പരിശ്രമിക്കണം.

### 5. യഥാർത്ഥ പരിച്ഛേദനം

*''എന്തെന്നാൽ, ബാഹ്യമായി യഹൂദനായിരിക്കുന്നവനല്ല യഥാർഥ യഹൂദൻ. യഥാർത്ഥ പരിച്ഛേദനം ബാഹ്യമോ ശാരീരികമോ അല്ല. ആന്തരികമായി യഹൂദനായിരിക്കുന്നവനാണ് യഥാർഥ യഹൂദൻ; ഹൃദയത്തിൽ നടക്കുന്ന പരിച്ഛേദനമാണ് യഥാർഥ പരിച്ഛേദനം. അത് ആത്മീയമാണ്. അക്ഷരാർഥത്തിലുള്ളതല്ല. അവനു പ്രശംസ ലഭിക്കുന്നത് മനുഷ്യരിൽ നിന്നല്ല, ദൈവത്തിൽനിന്നാണ്''* (2,28-29).

നിയമമുണ്ടായിട്ടും അതനുസരിക്കാത്തവന് നിയമം പ്രായോഗികമായി നിഷ്ഫലമാണ്. അതുപോലെതന്നെയാണ് യഹൂദർ രക്ഷയുടെയും തിരഞ്ഞെടുപ്പിന്റെയും അടയാളമായി കരുതുന്ന പരിച്ഛേദനവും. നിയമം ലംഘിക്കുന്നവന് പരിച്ഛേദനംകൊണ്ടു ഫലമില്ല. പരിച്ഛേദനത്തിനു വിധേയരാകാത്ത, എന്നാൽ നിയമം പാലിക്കുന്ന വിജാതീയരായിരിക്കും നിയമവും പരിച്ഛേദനവുമുള്ള യഹൂദരെ വിധിക്കുക. നിയമത്തിന്റെ അക്ഷരംമാത്രം അറിയുകയും ചൈതന്യം വിസ്മരിക്കുകയും ചെയ്യുന്ന സ്വജാതീയരായ യഹൂദരെ പൗലോസ് തീക്ഷ്ണമായി വിമർശിക്കുന്നു. ഈശോയും ഈ നിലപാടു തന്നെയാണ് സ്വീകരിച്ചത് (ലൂക്കാ 11,31-32). പക്ഷഭേദമില്ലാത്ത ദൈവം (2,11), രഹസ്യങ്ങൾ അറിയുന്ന ദൈവം (2,16) നിയമത്തിൽ അഹങ്കരിക്കുകയും പരിച്ഛേദനം അനുഷ്ഠിക്കുകയും ചെയ്യുന്ന യഹൂദരെയല്ല, നിയമങ്ങൾ അനുഷ്ഠിക്കുന്ന അപരിച്ഛേദിതരായ വിജാതീയരെയാണ് നീതീകരിക്കുന്നത്.

ബാഹ്യമായി യഹൂദനായിരിക്കാൻ ആർക്കും കഴിയും. പക്ഷേ അയാൾ യഥാർത്ഥ യഹൂദനായിരിക്കണമെന്നില്ല. യഥാർത്ഥ യഹൂദർ ആന്തരികമായി യഹൂദരായിരിക്കുന്നവരാണ്. അവരുടെ പരിച്ഛേദനം ബാഹ്യമായ കർമ്മത്തിൽ ഒതുങ്ങി നിൽക്കുന്നതല്ല. അതു ഹൃദയത്തിലാണു നടക്കുന്നത്. അതു ശാരീരികമായ ഒരു പ്രവൃത്തിയല്ല, ആത്മീയമാണ്. അങ്ങനെയുള്ളവരെ ദൈവം തന്നെ പ്രശംസിക്കുകയും ചെയ്യും. ഹൃദയത്തിന്റെ ഈ പരിച്ഛേദനം പരിശുദ്ധാത്മാവിലൂടെ മിശിഹായിലുള്ള വിശ്വാസത്തിലേക്കു വരുന്നവരിൽ ജ്ഞാനസ്നാനത്തിലൂടെയാണ് നിറവേറുന്നത് (റോമാ 3,21-23; 4,11). അതുകൊണ്ട് ക്രൈസ്തവരായ നാം ഹൃദയത്തിന്റെ പരിച്ഛേദനം മാമ്മോദീസായിലൂടെ സ്വീകരിച്ചവരെന്ന നിലയിൽ അരൂപിയാൽ നയിക്കപ്പെട്ട്, ദൈവവചനാനുസൃതമായി ജീവിക്കുവാൻ നിരന്തരം പരിശ്രമിക്കണം. അതിനായുള്ള പരിശീലനം നൽകുവാൻ അജപാലകരെല്ലാം പ്രത്യേകം ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. യഥാർത്ഥ മാനസാന്തരമുളവാക്കുന്ന വിശ്വാസപരിശീലനമാണോ ഞാൻ ജനങ്ങൾക്കു നല്കുന്നത്?
2. ദൈവത്തിനു പ്രഥമസ്ഥാനം നല്കുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?
3. അന്ത്യവിധിയെ മുന്നിൽകണ്ടുകൊണ്ടുള്ള ഒരു ജീവിതം നയിക്കാൻ ഞാൻ എത്രമാത്രം പരിശ്രമിക്കുന്നു?
4. വിശ്വാസാനുസൃതമായ പ്രവൃത്തികൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് ജീവിക്കുവാനും അജപാലനശുശ്രൂഷ നിർവ്വഹിക്കാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. ഹൃദയത്തിന്റെ പരിച്ഛേദനം നടത്തിയ, അരൂപിയാൽ നയിക്കപ്പെടുന്ന വചനാധിഷ്ഠിതജീവിതമാണോ ഞാൻ നയിക്കുന്നത്?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഫെബ്രുവരി 2022**

24 രാവിലെ ജയ്പൂർ മിഷനിലെ ബിവാഡിയിൽനിന്നും ഇറ്റാവ മിഷനിലേക്ക് യാത്രതിരിച്ചു. ഉച്ചയ്ക്ക് ഷിക്കൊഹബാദ് മിഷൻ സ്റ്റേഷൻ സന്ദർശിച്ച് അവിടെയുള്ള വിശ്വാസികളെ കണ്ടു. വൈകുന്നേരം മൈൻപുരി മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും വിശ്വാസികളോടൊത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു.

25 രാവിലെ മൈൻപുരി സ്കൂൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വില യിരുത്തുകയും ചെയ്തു. ഉച്ചയ്ക്ക് ചിബ്രമാവ് മിഷൻ സന്ദർശിച്ചു. അവിടെയുള്ള വിശ്വാസി സമൂഹത്തെ കണ്ടു. വൈകുന്നേരം ഫത്തെഹെഡ് മിഷൻ സ്റ്റേഷൻ സന്ദർശിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. അവിടെയുള്ള വിശ്വാസികളുമായി സംസാരിച്ചു.

26 രാവിലെ കനോജിലുള്ള മിഷൻസ്റ്റേഷനും സ്കൂളും സന്ദർശിച്ചു. അതിനു ശേഷം ബിഥുനയിലുള്ള മിഷൻ സെന്ററും സ്കൂളും സന്ദർശിച്ചു. വിശ്വാ സികളുമായി സംസാരിച്ചു. ദിബിയപൂരിലെ സാൻജോസ് കമ്മ്യൂണിറ്റിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും അവരുടെ ആഘോഷ ങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. അതിനുശേഷം ദിബിയപൂർ മിഷൻ സ്റ്റേഷൻ സന്ദർശിച്ചു. വൈകുന്നേരം ഔറയ്യയിലെ ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ച് രണ്ട് കുട്ടികളുടെ ആഘോഷമായ വിശുദ്ധ കുർബാന സ്വീകരണം നടത്തി. അതിനുശേഷം വിശ്വാസികളെ ഒരുമിച്ച് കാണുകയും സംസാരിക്കുകയും ചെയ്തു.

27 ഉച്ചയ്ക്ക് ചക്കർനഗർ മിഷൻ സ്റ്റേഷൻ സന്ദർശിക്കുകയും അവിടെയുള്ള വിശ്വാസികളെ കാണുകയും ചെയ്തു. വൈകുന്നേരം ജെസ്വന്ത് നഗറിൽ ഇറ്റാ മിഷനിലെ എല്ലാ വൈദികരെയും ഒരുമിച്ച് കാണുകയും ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം മിഷനിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസിനികളെ ഒരുമിച്ചു കണ്ട അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തേടുകയും അവരോട് സംവദിക്കുകയും ചെയ്തു. അതിനുശേഷം പുതുതായി പണികഴിപ്പിക്കപ്പെട്ട ലാബ് ബ്ലോ ക്കിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. അതിനുശേഷം ഒരു കുഞ്ഞിന് പ്രവേശക കൂദാശകൾ നൽകി വിശുദ്ധ കുർബാന അർപ്പിച്ചു. അവിടെ യുള്ള വിശ്വാസി സമൂഹവുമായി സംസാരിച്ചു.

28 ഇറ്റാവ സെന്റ് മേരീസ് പള്ളിയിൽ വിഭൂതി കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. സെയ്ഫൈ സെന്റ് അൽഫോൻസാ മിഷനിൽ പുതുതായി പണിതുകൊണ്ടിരിക്കുന്ന ദൈവാലയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ കണ്ടു വിലയിരുത്തി. അതിനുശേഷം ഇറ്റാവ ജീവൻജ്യോതി മൈനർ സെമിനാരി സന്ദർശിച്ചു. അവിടെയുള്ള വൈദി

കരെയും ബ്രദേഴ്സിനെയും വ്യക്തിപരമായികണ്ടു സംസാരിച്ചു. അവിടെയുള്ള സിസ്റ്റേഴ്സിന്റെ കോൺവെന്റ് അതിനോടനുബന്ധിച്ചുള്ള സാമൂഹികപ്രവർത്തനകേന്ദ്രവും സന്ദർശിച്ചു. വൈകുന്നേരം ആലമ്പൂരിലുയുള്ള ആശാനികേതൻ സാമൂഹ്യപ്രവർത്തനകേന്ദ്രം സന്ദർശിച്ചു.

**മാർച്ച് 2022**

01 വൈകുന്നേരം ആലുവ മേജർ സെമിനാരി സന്ദർശിച്ചു. അവിടെയുള്ള വൈദികരെയും ബ്രദേഴ്സിനെയും ഒരുമിച്ച് കണ്ടു സംസാരിച്ചു.

02 ഉച്ചയ്ക്കുശേഷം ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ് കോളേജിൽ പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. നൈനാപറമ്പിൽ ബഹു. ആന്റണിയച്ചന് രോഗിലേപന കൂദാശ നൽകി. ചങ്ങനാശേരി കത്തീഡ്രൽ അങ്കണത്തിൽ വച്ചു നടന്ന അതിരൂപതയുടെ ഇരുപത്തിമൂന്നാമത് ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു.

03 രാവിലെ പൂമറ്റം സെന്റ് ആന്റണീസ് ഇടവകാംഗമായ ബഹു. കാട്ടുവള്ളിൽ ജോർജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ എസ്. ബി ഹയർസെക്കൻഡറി സ്കൂളിലെ പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് കാഴ്ചവച്ച വിദ്യാർത്ഥികളെ കണ്ടു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

04 ഉച്ചകഴിഞ്ഞ് എസ്.ബി ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷിക ആഘോഷത്തിൽ സംബന്ധിച്ചു.

05 ചങ്ങനാശേരി കത്തീഡ്രൽ അങ്കണത്തിൽ അതിരൂപതാ ബൈബിൾ കൺവൻഷന്റെ ഭാഗമായി വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

06 രാവിലെ തിരുവല്ല മുത്തൂർ സെന്റ് ആന്റണീസ് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് അവിടെയുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ വെഞ്ചരിപ്പു കർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് മാർ ത്തോമ്മാ വിദ്യാനികേതനിൽ പുതിയതായി ആരംഭിക്കുന്ന സുറിയാനി കോഴ്സിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിനോടൊപ്പം പീരുമേടുവച്ചു നടത്തപ്പെട്ട രണ്ടുദിവസത്തെ വർത്തമാനപുസ്തകം സെമിനാറിൽ സംബന്ധിച്ചു.

08 രാവിലെ റീജൻസി ബ്രദേഴ്സിനോടൊപ്പം നല്ലതണ്ണി മാർത്തോമ്മാശ്ലീഹാ ആശ്രമം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് പൊടിപ്പാറ ഹോളിഫാമിലി ഇടവക ദൈവാലയത്തിൽ നൈനാപറമ്പിൽ ബഹു. ആന്റണിയച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

09 രാവിലെ സോയിൽ സെക്കുലർ സന്യാസ സമൂഹത്തിന്റെ സ്ഥാപക സി. തങ്കമ്മ കണ്ടങ്കരിയുടെ മൃതസംസ്കാരശുശ്രൂഷയുടെ മഠം ചാപ്പലിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് രാമങ്കരി സെന്റ് ജോസഫ് ഇടവകാംഗമായ ചെന്നാട്ടുശ്ശേരി ജോയലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

10 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് നിരണം മാർത്തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ പരിശീലനം പൂർത്തിയാക്കുന്ന വൈദിക വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ടു.

11 എസ്.ബി കോളേജ് അങ്കണത്തിൽ ഖാദി എക്സ്പോയുടെയും ദീപിക യുടെയും ക്രിസ്സിന്റെയും ആഭിമുഖ്യത്തിൽ നടന്ന കുട്ടനാടൻ പ്രശ്ന ങ്ങളെ സംബന്ധിച്ചുള്ള ജനകീയ സദസ്സ് ഉദ്ഘാടനം ചെയ്തു സംസാ രിച്ചു. യാമപ്രാർത്ഥനയുമായി ബന്ധപ്പെട്ട് ഓൺലൈനായി നടന്ന കമ്മീഷനംഗങ്ങളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു. വൈകുന്നേരം നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. ഓൺലൈനായി നടന്ന വൈദികരുടെയും സന്ന്യസ്തരുടെയും 'സിനഡൽ ചർച്ച്', പഞ്ചവത്സര അജപാലനപദ്ധതി എന്നീ വിഷയങ്ങളെ സംബന്ധിച്ച് നടന്ന ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

12 രാവിലെ ചങ്ങനാശേരി എസ്.ബി കോളേജിൽ നടന്ന പാസ്റ്ററൽ കൗൺ സിൽ മീറ്റിംഗിൽ സംബന്ധിച്ച് അധ്യക്ഷതവഹിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചങ്ങനാശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നിന്നും ഈ വർഷം വിരമിക്കുന്ന അധ്യാപക-അനധ്യാപകരുടെ യാത്രയയപ്പു സമ്മേള നത്തിൽ സംബന്ധിച്ചു.

13 രാവിലെ കുറുമ്പനാടം അസംപ്ഷൻ ഇടവകദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൺസൾട്ടേഴ്സ്സ് മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ നടന്ന പുതുശ്ശേരി ബോയ്സ് ഹോമിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. വൈകുന്നേരം ചങ്ങനാശേരി എസ്.ബി കോളേജ് അങ്കണത്തിൽ നടന്ന ഖാദി എക്സ്പോയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

14 രാവിലെ ചെത്തിപ്പുഴ മേഴ്സി ഹോമിൽ വിശുദ്ധ കുർബാന അർപ്പിച്ച് അവിടെയുള്ള അന്തേവാസികളെ സന്ദർശിച്ചു. പുന്നവേലി എഫ്.ഡി. എസ്.എച്ച്.ജെ ജനറലെറ്ററിൽ സി. മരീസ എഫ്.ഡി.എസ്.എച്ച്.ജെ യുടെ മൃതസംസ്കാര ശുശ്രൂഷയുടെ സമാപന കർമ്മങ്ങൾക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

15 രാവിലെ ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വിശുദ്ധ കുർബാ നയർപ്പിച്ചു. വൈകുന്നേരം പത്തനംതിട്ട മലങ്കര കത്തോലിക്ക രൂപത മുൻ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ മാതാവ് ആച്ചിയമ്മ അബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഭവനത്തിലെത്തി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

16 രാവിലെ കോട്ടയം എസ്.എച്ച് മെഡിക്കൽ സെന്ററിൽ വിശുദ്ധ കുർബാന യർപ്പിച്ചു തുടർന്ന് പുതുതായി പണികഴിപ്പിച്ച ഐ.സി.യു വാർഡിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമെന്റ് സിനഡിൽ സംബന്ധിച്ചു.

17 രാവിലെ ചീരഞ്ചിറ എ.എസ്.എം.ഐ ജനറലെറ്റിൽ വിശുദ്ധ കുർബാന

യർപ്പിച്ചു. എടത്വ സെന്റ് അലോഷ്യസ് കോളേജിൽ ഈ വർഷം വിരമിക്കുന്ന പ്രിൻസിപ്പാൾ ഡോ. ജോച്ചൻ ജോസഫിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. ഉച്ചയ്ക്ക് ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ഹോംഡേയുടെ ആഘോഷത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്ററിൽ നടന്ന സെന്റ് ജോസഫ് പ്രസ്സ് & ബുക്ക് സ്റ്റോളിന്റെ ഫാമിലി ഗാതറിംഗിൽ സംബന്ധിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗ് സംബന്ധിച്ചു.

18 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

19 രാവിലെ കുന്നന്താനം സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് നടത്തപ്പെട്ട നാമഹേതുക തിരുനാൾ ആഘോഷങ്ങളിൽ സംബന്ധിച്ചു. അതിനുശേഷം എൽ.എസ്.ഡി.പി ജനറലെറ്റ് സന്ദർശിച്ച് അവിടെ നടത്തപ്പെട്ട നാമഹേതുക തിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചു. അവിടെയുള്ള അന്തേവാസികളെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ട അഭിവന്ദ്യ തോമസ്. ജെ. നെറ്റോ പിതാവിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ സംബന്ധിച്ചു. തിരുവനന്തപുരം ലൂർദ് ഇടവക ദൈവാലയാങ്കണത്തിൽ അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന്റെ സാന്നിധ്യത്തിൽ നടന്ന നാമഹേതുക തിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചു.

20 രാവിലെ വെരൂർ സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ മാർ യൗസേപ്പിതാവിന്റെ വർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് പൊതുസമ്മേളനത്തിൽ സംബന്ധിച്ചു. ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികളുമായി സംവദിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയാങ്കണത്തിൽ ഡി.സി.എം.എസിന്റെ പ്രവർത്തനവർഷ ഉദ്ഘാടന കർമ്മം നിർവഹിച്ചു. വൈകുന്നേരം മീഡിയ വില്ലേജിൽ റേഡിയോ മീഡിയ വില്ലേജിന്റെ പത്താം വാർഷികാഘോഷത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന 2021-2022 ഈ വർഷത്തെ റീജൻസി ബാച്ചിന്റെ യാത്രയയപ്പു സമ്മേളനത്തിൽ സംബന്ധിച്ചു.

21 രാവിലെ അതിരൂപതകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞു വില്ലൂന്നി സെന്റ് സേവ്യഴ്സ് ഇടവക മാമ്പറ ബഹുമാനപ്പെട്ട സെബാസ്റ്റ്യനച്ചന്റെ പിതാവ് എം.സി. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു മുഖ്യ കാർമ്മികത്വം വഹിച്ചു. താഴത്തുവടകര ലൂർദ്മാത ഇടവകയുടെ ഇടവകദിനത്തോടുനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിക്കുകയും അതെത്തുടർന്ന് കിഴക്കേക്കുറ്റ് ബഹുമാനപ്പെട്ട തോമസച്ചന്റെ കബറടത്തിങ്കൽ ഒപ്പീസ് ചൊല്ലുകയും ചെയ്തു.

22 രാവിലെ എസ്.ബി. ഹയർ സെക്കൻഡറി സ്കൂൾ ചാപ്പലിൽ വിശുദ്ധ കുർബാനയർപ്പിച്ചു. അതിനുശേഷം അവിടെ പരിശീലനത്തിൽ ആയിരിക്കുന്ന അപ്പോസലിലെ വിദ്യാർത്ഥികളുമായി സംവദിച്ചു. പിന്നീട് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞു സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട My Parish Online Software ഏകദിന

ഓറിയന്റ്ഷന് ക്ലാസ്സിനു സമാപന സന്ദേശം നൽകി. അതോടൊപ്പംതന്നെ സെഹിയോൻ ധ്യാനകേന്ദ്രത്തിന്റ ഡയറക്ടറായ കോട്ടയിൽ ബഹു. സിറിയക്ക് അച്ചന്റെ *'ദൈവം യോജിപ്പിച്ചത് വേർപെടാതിരിക്കാൻ'* എന്ന പുസ്തകത്തിന്റെ പ്രകാശനം കർമ്മം നിർവഹിച്ചു. വൈകുന്നേരം റീജൻസി ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

23 രാവിലെ എസ്.ബി കോളേജിൽ നടന്ന യാത്രയയപ്പുസമ്മേളനത്തിൽ ഡോ. ഐസക് പോൾ സാറിനും മിസ്റ്റർ ആന്റണി ജോസഫിനും യാത്രാശംസകൾ നേർന്നു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

24 രാവിലെ കുളത്തൂർ ലിറ്റിൽ ഫ്ലവർ ദൈവാലയത്തിൽ ഇടവകാംഗങ്ങൾക്ക് സന്ദേശം നൽകി. അതെത്തുടർന്ന് പുതിയതായി നിർമ്മിക്കുന്ന കുളത്തൂർ സെന്റ് ജോസഫ്സ് ഹൈസ്കൂൾ കെട്ടിടത്തിന്റെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു. ചങ്ങനാശേരി അതിരൂപതയുടെ കരുവള്ളിക്കാട് കുരിശുമലയുടെ അടിവാരം സന്ദർശിച്ചു. പാളയം സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ സഹപാഠികളോടൊത്തു വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്നു പുള്ളോലിക്കൽ ബഹുമാനപ്പെട്ട മാത്യു അച്ചന്റെ സഹോദരങ്ങളുടെ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

## മാർ തോമസ് തറയിൽ

**ഫെബ്രുവരി 2022**

26 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. രാജമറ്റത്ത് വീട് വെഞ്ചരിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവകാംഗം പ്രൊഫ. മാത്യു ഉലകംതറയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. മാന്നിലയിൽ വീട് വെഞ്ചരിച്ചു. നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഇടവകാംഗം സാലിക്കുട്ടി ജോൺ ചെറുശ്ശേരിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വേഴപ്ര സെന്റ് പോൾസ് ദൈവാലയത്തിൽ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിക്കുകയും തുടർന്ന് പുതിയതായി നിർമ്മിച്ച കുരിശടി വെഞ്ചരിക്കുകയും ചെയ്തു. ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ ഗ്ലോബൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംസാരിച്ചു.

27 ചമ്പക്കര സെന്റ് ജോസഫ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പോട്ട ആശ്രമത്തിൽ നടത്തിയ കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

28 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതി തിരുനാൾ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ *'കരുതലി'*ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

**മാർച്ച് 2022**

01 തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ അതിരമ്പുഴ ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവകാംഗമായ പായിക്കാട്ടുമറ്റത്തിൽ ബഹുമാനപ്പെട്ട പയസ് അച്ചന്റെ മാതാവ് മറിയം ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തിയ ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവെൻഷനിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

02 കോട്ടയം എം.ഒ.സി യിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വിദ്യാർത്ഥികളുമായി സംവദിച്ചു. പൂമറ്റം സെന്റ് ആന്റണീസ് ദൈവാലയത്തിൽ കോട്ടയം ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

03 കടയനിക്കാട് സെന്റ് മേരീസ് ദൈവാലയത്തിൽ മണിമല ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

04 ചീരംചിറ ജിമ്മി പടനിലം സെന്ററിൽ അതിരൂപത പാലിയേറ്റീവ് കെയറിന്റെ ഉദ്ഘാടനം നിർവഹിച്ചു.

05 ആയൂർ തിരുഹൃദയദൈവാലയത്തിൽ കൊല്ലം-ആയൂർ ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കൊല്ലം-ആയൂർ ഫൊറോനാ കൗൺസിലിൽ പങ്കെടുത്തു.

06 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തിൽ അമ്പൂരി ഫൊറോനാ യുവദീപ്തി എസ്.എം.വൈ.എം ന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് അമ്പൂരി ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു. ചിറ്റാഴ വിൻസെൻഷ്യൻ ആശ്രമത്തിൽ തിരുവനന്തപുരം ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

07 എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തിൽ എടത്വാ ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വെളിയനാട് സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പുളിങ്കുന്ന് ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

08 ചങ്ങനാശേരി എസ്.ബി കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തിയ ചാസ് ദേശീയഖാദി എക്സ്പോ എക്സിബിഷൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. മുടിയൂർക്കര ഹോളി ഫാമിലി ദൈവാലയത്തിൽ കുടമാളൂർ ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു. പൊടിപ്പാറ ഹോളി ഫാമിലി ദൈവാലയത്തിൽ നൈനാപറമ്പിൽ ബഹുമാനപ്പെട്ട ആന്റണി അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ സഹകാർമ്മികത്വം വഹിച്ചു. പുന്നമട സെന്റ് മേരീസ് ദൈവാലയത്തിൽ ആലപ്പുഴ ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

09 ചങ്ങനാശേരി എക്സൈസ് കാര്യാലയത്തിനു മുന്നിൽ കെ.സി.ബി.സി -മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കേരളസർക്കാരിന്റെ മദ്യനയ

ത്തിനെതിരെയുള്ള പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു. കൊണ്ടാക്കൽ സെന്റ് ജോസഫ് ദൈവാലയത്തിൽ ചമ്പക്കുളം ഫൊറോനാ വൈദിക സംഗമത്തിൽ പങ്കെടുത്തു. തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ദൈവാല യത്തിൽ കുറുമ്പനാടം ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

10 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രെസ്ബിട്രൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ഇടവകാംഗം കെ.ടി. ജോസഫ് കൊഴുപ്പക്കളത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ തൃക്കൊടിത്താനം ഫൊ റോനാ വൈദികസംഗമത്തിൽ പങ്കെടുത്തു

11 ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് ഹയർസെക്കൻഡറി സ്കൂൾ ചാപ്പ ലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. *'അപ്പോസൽ'* പരിപാടിയുടെ ഭാഗമായ വിദ്യാർത്ഥികളെ സന്ദർശിച്ചു. പുളിക്കൽകവല സെന്റ് മേരീസ് ദൈവാലയത്തിൽ നെടുങ്കുന്നം ഫൊറോനാ വൈദികസംഗമത്തിൽ പങ്കെ ടുത്തു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

12 പൊടിപ്പാറ ഹോളി ഫാമിലി ദൈവാലയത്തിൽ നൈനാപറമ്പിൽ ബഹു മാനപ്പെട്ട ആന്റണി അച്ചന്റെ ഏഴാംചരമദിനത്തിൽ പരിശുദ്ധ കുർബാന യ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി എസ്.ബി കോളേജ് കല്ലറയ്ക്കൽ ഹാളിൽ നടന്ന ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു. തുരുത്തി മർത്ത് മറിയം ഫൊറോനാ ഇടവ കാംഗം അന്നമ്മ ജോസഫ് കളത്തിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചെത്തിപ്പുഴ തിരു ഹൃദയദൈവാലയത്തിൽ സി.എം.ഐ തിരുവനന്തപുരം പ്രൊവിൻസ് അംഗമായ മലയാമ്പുറം ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ മൃതസംസ് ക്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ ചങ്ങനാശേരി ഫൊറോനാ വൈദികസംഗമത്തിൽ പങ്കെടുത്തു.

13 മാമ്മൂട് ലൂർദ്ദ് മാതാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ കൺസൾട്ടേഴ്സ് മീറ്റിം ഗിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ സെന്റ് ജോസഫ് ഓർഫനേ ജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. കൈനടി ഔർ ലേഡി ഓഫ് ഡോളേഴ്സ് ദൈവാലയത്തിൽ തുരുത്തി ഫൊറോനാ വൈദികസംഗമ ത്തിൽ പങ്കെടുത്തു.

14– ഏപ്രിൽ 7 ചിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽ ധ്യാനം നയിച്ചു.





# ENGAGEMENTS

## 2022 APRIL

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 10:00 am | Deepika Appexbody @ Kakkanadu |
| 02 | 06:30 am | Holy *Qurbana* and Presbytery Blessing @ Adoor |
| 03 | 03:00 pm | Quddasa of St. Joseph's Church @ Viruthunagar |
| 04 | 10:00 am | Managing Board meeting @ SB College |
| 05 | 05:30 pm | Convention Inauguration @ Kurampanadom |
| 07 | 06:30 am | Holy *Qurbana* @ SH Parel |
| | 10:00 am | Media Village Graduation Ceremony |
| | 06:00 pm | **കൽകുരിശ് വെഞ്ചരിപ്പ്** @ Cheeramchira |
| 08 | 09:00 am | Holy *Qurbana* @ Cathedral |
| | 03:00 pm | Karuvallikadu kurisumala |
| 10 | 06:00 am | **ഓശാന ഞായർ** Holy *Qurbana* @ Thrickodithanam Forane Church |
| 13 | 04:00 pm | Madbaha Quddasa @ Panayampala |
| 14 | | **പെസഹാ വ്യാഴം** @ Cathedral |
| 15 | | **പീഡാനുഭവ വെള്ളി** @ Athirampuzha |
| 16 | | **വലിയ ശനി** @ Cathedral |
| 17 | | **ഈസ്റ്റർ** @ Cathedral |
| 18 | 07:00 am | Holy *Qurbana* and Blessing of New Extension @ Nooranadu Convent |
| 19 | | Presbyterium |
| 20 | 08:00 am | Holy Qurbana @ Eravuchira |
| | 11:00 am | Marriage @ Mammoodu |
| 21 | 11:15 am | Marriage @ Cathedral church |
| | 05:00 pm | Holy *Qurbana* @ St John's Church Thekkekara |
| 22 | 05:30 pm | Holy *Qurbana* @ Nalpathimala |
| 23 | 10:00 am | Golden Jubilee of FCC Sisters @ CHRY |
| | 03:00 pm | *Quddasa* of St Joseph's Church @ Punnakunnathussery |
| 24 | 03:00 pm | AKCC 104th Anniversay @ Cathedral |
| 25 | 11:00 am | Marriage @ Cherpunkal |
| | 07:00 pm | Interdepartment Meeting |
| 26 | 06:30 am | Holy *Qurbana* and Jubilee celebration of SH Sisters @ Parel |
| 27 | 03:00 pm | Silver Jubilee Celebration of FDSHJ Sisters @Punnaveli |
| 30 | 09:00 am | Solemn Holy Communion @ Pongumoodu |





# ENGAGEMENTS

## 2022 APRIL

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

| | | |
|---|---|---|
| 08 | 09.00 am | Holy *Qurbana* @ Cathedral |
| | 05.00 pm | Bishop's Monthly Recollection |
| 09 | | Engaged |
| 10 | 07.00 am | Palm Sunday @ TVM Lourde F |
| 14 | 04.30 pm | Maundy Thursday @ Amboori F |
| 15 | 01.30 pm | Good Friday @ Kollam-Ayoor F |
| 17 | 12.00 am | Easter @ Jaipur |
| 18 | 10.00 am | Final Profession @ SABS Generalate, Aluva |
| 19 | 09.00 am | Presbyterium |
| 20 | 10.30 am | Jubilee *Qurbana* @ ASMI Cheeramchira |
| 21 | 10.30 am | Jubilee *Qurbana* @ LSDP Kunnamthanam |
| | 12.30 pm | Betrothal @ Manackachira |
| | 05.15 pm | Holy *Qurbana* @ Nalpathimala |
| 22 | 07.00 am | Holy *Qurbana* @ Kurumbanadam F |
| 23 | | Engaged |
| 24 | 07.30 am | Holy *Qurbana* @ Perumkavu |
| 25 | 10.30 am | Jubilee *Qurbana* @ SABS Koothrappally |
| | 06.00 pm | Interdepartmental Meeting |
| 26 | 10.30 am | Jubilee *Qurbana* @ CMC Thellakom |
| | 06.00 pm | Class - MSJ Generalate |
| 27 | 11.00 am | Holy *Qurbana* @ Chethipuzha |
| | 05.00 pm | Homily @ Punnathura |
| 28 | 11.00 am | Jubilee *Qurbana* @ MLF Kurichy |
| | 04.00 pm | Holy *Qurbana* @ St. Xaviers Veliyanad |
| 29 | 05.00 pm | Holy *Qurbana* @ Ponga |
| 30 | 07.00 am | Holy Communion @ Vadakkeamichakary |

## 23-ാമത് ചങ്ങനാശേരി അതിരൂപത

# ബൈബിൾ കൺവൻഷനും കുടുംബവിശുദ്ധീകരണ ധ്യാനവും























**VEDAPRACHARA MADHYASTAN VOL.94 No.10 April 2022**
Date of Publication : 31-03-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



# ഉയിർപ്പുതിരുനാൾ ആശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org